**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

തൃശ്ശൂർപൂരം അലങ്കോലപ്പെട്ടത് സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വളരെ ഗൗരവമുള്ള ഒരു സംഭവമാണെന്ന് ഗവൺമെന്റിനുതന്നെ തോന്നിയതുകൊണ്ടാണ് ഇത് ചർച്ചയ്ക്കെടുക്കാമെന്ന് ഗവൺമെന്റിന്റെ അഭിപ്രായം പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുകയാണ്. ഇത്രയും ഗൗരവമുള്ള കാര്യം ചർച്ചയ്ക്കെടുത്തേ മതിയാകുകയുള്ളൂ. ഇലഞ്ഞിത്തറമേളവും ഇലത്താളവും പെരുവനം കുട്ടൻ മാരാരുടെ വാദ്യമേളവും എഴുന്നള്ളിപ്പും കുടമാറ്റവും വെടിക്കെട്ടും വർണ്ണവിസ്മയം തീർക്കുന്ന കേരളത്തിന്റെ സാംസ്കാരിക കൂട്ടായ്മയായ തൃശ്ശൂർപൂരം ലോക പ്രസിദ്ധമാണ്. ദേശീയരും വിദേശീയരുമായി വന്നുചേരുന്ന ലക്ഷക്കണക്കിന്

മലയാളികൾ സാംസ്കാരിക ഉന്നമനത്തിന് എല്ലാവിധത്തിലുള്ള പ്രോത്സാഹനവും നൽകിയിട്ടുണ്ട്. മേളക്കൊഴുപ്പിൽ ആറാടുന്ന ജനം താളത്തിനൊത്ത് കൈ ഉയർത്തി അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും പൂരപ്പറമ്പിൽ ജനമനസ്സുകൾ ഒന്നാകുകയും ചെയ്യും. പൂരത്തിൽനിന്നും ചെറുപൂരങ്ങളുണ്ടായി. കേരളത്തിലൊട്ടാകെ ജാതി-മത ചിന്തകൾക്കതീതമായി ചെറുപൂരങ്ങൾ കാണാൻ സാധിക്കും. പൂരപ്പറമ്പിൽ സംഘർഷം വന്നപ്പോൾ അവർക്ക് രക്ഷകനായി എത്തുന്നതിന്, ആക്ഷൻ ഹീറോയായി എൻ.ഡി.എ. സ്ഥാനാർഥിയെ അവതരിപ്പിച്ചതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി നിൽക്കുന്നത്. അതിനെക്കുറിച്ചുള്ള ചർച്ചകൾ കോൺഗ്രസിന്റെ ഭാഗത്തുനിന്നും മാത്രമല്ല ഭരണപക്ഷത്തും നടക്കുന്നുണ്ട്. സംസ്ഥാന മന്ത്രിസഭയിലെ രണ്ട് അംഗങ്ങളായ ശ്രീ. കെ. രാജനും ഡോ. ആർ. ബിന്ദുവിനും മറ്റ് എം.എൽ.എ.-മാർക്കും കിട്ടാത്തൊരു സൗകര്യം ഒരുക്കിയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. പൊലീസ് സഹായിക്കാതെ ആംബുലൻസിൽ എൻ.ഡി.എ. സ്ഥാനാർഥിക്ക് അവിടെ എത്താൻ സാധിക്കുമോ; അവിടെ ക്രമസമാധാനം പാലിക്കുന്നതിനുവേണ്ടി നിയോഗിച്ച സീനിയർ എ.ഡി.ജി.പി.

ശ്രീ. എം. ആർ. അജിത് കുമാർ ഉത്തരവ് നൽകാതെ പൊലീസ് അതിന് അനുമതി നൽകുമോ? എട്ട് വീഴ്ചകളാണ് ഏറ്റവും പ്രധാനമായും ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. നൂറ്റാണ്ടുകളായി നടന്നുകൊണ്ടിരിക്കുന്ന ഒരു മഹാസംഭവം, കേരള ജനസമൂഹത്തിന്റെ ഒത്തൊരുമയുടെ ഒരു കേന്ദ്രം, ജാതി-മത ചിന്തകൾക്കതീതമായി എല്ലാവരും ഒരുപോലെ ആഘോഷിക്കുന്ന ഒരു പൂരം വീഴ്ചകളില്ലാതെ നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് നേരത്തെ എടുക്കേണ്ടതായിരുന്നു. ഇതിലുണ്ടായിട്ടുള്ള എട്ട് വീഴ്ചകളും നമുക്ക് വളരെ കൃത്യമായി നോട്ട് ചെയ്യാൻ സാധിക്കുന്നതാണ്. 2024-ലെ തൃശ്ശൂർപൂര ദിവസം ഏറ്റവും ആദ്യം തട്ടകത്തുനിന്നും പുറപ്പെടുന്ന കണിമംഗലം ശാസ്താവിന്റെ എഴുന്നള്ളിപ്പ് കുറുപ്പംപടി റോഡുവഴി വന്നപ്പോൾ സ്വരാജ് റൗണ്ടിൽ നിറയെ വാഹനങ്ങൾ കുത്തിനിറച്ചിരുന്നു. സ്വകാര്യ വാഹനങ്ങൾ നിരനിരയായി നീങ്ങുകയാണ്. തൃശ്ശൂർപൂരത്തിലെ ഏറ്റവും ആദ്യത്തെ വീഴ്ചയായി ജനങ്ങൾ അതിനെ കാണുകയാണ്. ഈ എഴുന്നള്ളത്ത് നടന്നുവരുമ്പോൾ സ്വരാജ് റൗണ്ടിലുള്ള പതിനാറ് വഴികളിലും ഗതാഗതം പതിവായി തടയാറുണ്ട്. പക്ഷേ ഇക്കാര്യത്തിൽ ഒരു നടപടിയും ഗവൺമെന്റ് എടുത്തില്ല.

വാഹനങ്ങൾക്കിടയിലൂടെ വളരെ പ്രയാസപ്പെട്ടാണ് കണിമംഗലം ശാസ്താവിന്റെ എഴുന്നള്ളത്ത് വടക്കുംനാഥ ക്ഷേത്രത്തിൽ എത്തിയത്. തെക്കേ ഗോപുരംവഴി അകത്ത് കടന്നപ്പോഴാണ് അടുത്ത പരീക്ഷണം ജനങ്ങൾ കാണുന്നത്. ആനയ്ക്ക് കടന്നുപോകാൻ സാധിക്കാത്ത വിധത്തിൽ ബാരിക്കേഡുകൾ നിറഞ്ഞിരിക്കുന്നു. അവസാനം കൊച്ചിൻ ദേവസ്വം ബോർഡ് നേതൃത്വം ഇടപെട്ടാണ് പൊലീസിനോട് ബാരിക്കേഡുകൾ നീക്കംചെയ്യാൻ നിർബന്ധിച്ചത്. പൊതുജനങ്ങളെ നേരിടുന്നതിലാണ് അടുത്ത വീഴ്ച സംഭവിച്ചത്. പോസിറ്റീവ് ക്രൗഡെന്നും ആക്ടീവ് ക്രൗഡെന്നും പൊലീസ് ജനക്കൂട്ടത്തെ രണ്ടായി തരംതിരിക്കുകയാണ്. പോസിറ്റീവ് ക്രൗഡ് എന്നുപറഞ്ഞാൽ ആളുകൾ സാവകാശം ഒഴുകിപ്പോകുന്നതാണ്. അത് വളരെ അനുസരണയുള്ള ആളുകളാണ്. ആക്ടീവ് ക്രൗഡ് എന്നുപറഞ്ഞാൽ സാധാരണഗതിയിൽ സമരരംഗത്ത് കാണുന്ന ആളുകളാണ്. പൂരപറമ്പിലും ഉൽസവപറമ്പിലും കാണുന്ന ജനക്കൂട്ടം പോസിറ്റീവ് ക്രൗഡാണ്. ജനത്തിന്റെ ഒഴുക്കിന് ഒരു താളമുണ്ട്. പൊലീസ് സാന്നിധ്യമുണ്ടായാൽ മാത്രം മതി അവർ അതെല്ലാം അംഗീകരിച്ച് മുന്നോട്ടുപോകും അതാണ് യഥാർഥത്തിലുള്ള സ്ഥിതി.

സമരങ്ങളിൽ കാണുന്ന ജനക്കൂട്ടം ആക്ടീവ് ക്രൗഡാണ്. നിർഭാഗ്യവശാൽ ഇത്തവണത്തെ പൂരത്തിന് സാധാരണ ജനക്കൂട്ടത്തെ ശത്രുവിനെപോലെ കാണുകയും അവരെ കൈകാര്യം ചെയ്യുന്നതിനുവേണ്ടി പൊലീസ് തയ്യാറായി എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഒരു അനുഭവ പരിചയവുമില്ലാത്ത ഉദ്യോഗസ്ഥനെ സിറ്റി പൊലീസ് കമ്മീഷണറായി അവിടെ നിയോഗിച്ചത് ഗവൺമെന്റാണ്, ഞങ്ങളല്ല. പൂരംപോലെ ഒരു മഹാസംഭവം നടക്കുന്ന സമയത്ത് ഏറ്റവും സീനിയറായ അല്ലെങ്കിൽ അനുഭവസമ്പത്തുള്ള ഉദ്യോഗസ്ഥരെയായിരുന്നു അവിടെ വിന്യസിക്കേണ്ടിയിരുന്നത്. പക്ഷേ ഗവൺമെന്റ് വളരെ ലാഘവബുദ്ധിയോടുകൂടിയോ അല്ലെങ്കിൽ കാൽക്കുലേറ്റഡായുള്ള ഒരു നീക്കമായോ ഇക്കാര്യത്തെ എടുത്തുവെന്നുള്ളതാണ്. സീനിയറായ ഉദ്യോഗസ്ഥന് മുൻപരിചയമില്ലാതെ പോയാൽ മുൻപരിചയമുള്ള ഉദ്യോഗസ്ഥരുടെ സേവനം സാധാരണഗതിയിൽ അവിടെ ഉപയോഗപ്പെടുത്താറുണ്ട്. അതിനുവേണ്ട നടപടികളും എടുത്തിട്ടുണ്ട്. സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി.-മാരാണ് ഇതിന് സഹായികളായി നിൽക്കുന്നത്. തൃശ്ശൂർപൂരത്തെ നെഞ്ചിലേറ്റുന്ന അത്തരം ഉദ്യോഗസ്ഥർ റിംഗ് റൗണ്ടിൽ

ഉണ്ടായതേയില്ല. വടക്കുംനാഥ ക്ഷേത്രത്തിൽനിന്നും എണ്ണ കൊണ്ടുപോയ ദേവസ്വം ജീവനക്കാരെവരെ പൊലീസ് തടഞ്ഞുനിർത്തിയെന്ന് പറഞ്ഞാൽ ബോധപൂർവം ഇത് കലക്കുന്നതിനുവേണ്ടിയുള്ള നടപടി കാൽക്കുലേറ്റഡായി ആരോ ചെയ്തുവെന്നുതന്നെയാണ്. ആനയ്ക്ക് പട്ടകൊടുക്കാൻ പോയവരെപോലും തടഞ്ഞുനിർത്തി. ഇതെല്ലാം വലിയ തോതിൽ ദേശക്കാരെ സങ്കടത്തിലാക്കുകയായിരുന്നു. രാത്രിയിൽ പൊലീസിന്റെ അതിക്രമം ഇരട്ടിയായി. നിയന്ത്രിക്കേണ്ടിയിരുന്ന കമ്മീഷണർ ഇക്കാര്യത്തിൽ ഇടപെട്ടുമില്ല. തിരുവമ്പാടിയിലെ എഴുന്നള്ളിപ്പ് ബാരിക്കേഡ് കെട്ടി ഒരു ആനയ്ക്കുമാത്രം കടന്നുപോകത്തക്ക രീതിയിൽ വച്ചതോടുകൂടി സ്ഥിതിഗതികൾ പിടിച്ചാൽ നിൽക്കാത്ത രൂപത്തിലേയ്ക്ക് മാറി. സ്വരാജ് റൗണ്ടിൽനിന്ന് പൂരം നടത്തിയപ്പോൾ അനുഭവ പരിചയമുള്ള ഉദ്യോഗസ്ഥർ ഇല്ലാതെ വന്നതോടുകൂടി പ്രശ്നം കൂടുതൽ സങ്കീർണ്ണമായി. തിരുവമ്പാടിക്കാർ പൂരത്തിൽനിന്നും പിന്മാറി. രാത്രിയിൽ പന്തലിലെ വെളിച്ചം ഓഫ് ചെയ്തു. വെടിക്കെട്ടില്ലെന്ന് പ്രഖ്യാപിച്ചതോടുകൂടി തിരുവമ്പാടിക്കാരെ അനുനയിപ്പിക്കുന്നതിനുവേണ്ടി ജില്ലാ അഡ്മിനിസ്ട്രേഷന്റെ ചാർജുള്ള കളക്ടർക്കുപോലും അവിടെ

എത്തേണ്ടതായിവന്നു. ഇത് അനായാസേന ചെയ്യണമെന്ന് കൊച്ചിൻ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിരുന്നതാണ്. കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ തിരുവമ്പാടി-പാറമേൽക്കാവ് ദേവസ്വം ഭാരവാഹികൾ ചർച്ച നടത്തി. അവസാനം രാവിലെ അഞ്ചുമണിക്കാണ് പൂരത്തിന്റെ വെടിക്കെട്ടിന് അനുമതി നൽകിയത്. ഈ രൂപത്തിൽ പൂരം കലക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ള യത്നത്തിന്റെ മുന്നിൽനിന്നത് എ.ഡി.ജി.പി. ശ്രീ. എം.ആർ. അജിത് കുമാർ ആണെന്നുള്ള ആക്ഷേപം ശക്തിപ്പെട്ടുവരികയാണ്. തൃശ്ശൂർപൂരം അലങ്കോലമാക്കി. രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ട് എൻ.ഡി.എ.-യുടെ സ്ഥാനാർഥി ശ്രീ. സുരേഷ് ഗോപിക്ക് വഴിവെട്ടിക്കൊടുക്കുന്നതിനാണ് എ.ഡി.ജി.പി. ശ്രീ. എം.ആർ. അജിത് കുമാർ ശ്രമിച്ചതെന്ന് ഭരണകക്ഷിയിലെ ഒരു എം.എൽ.എ. തന്നെ പറഞ്ഞത് ഞാൻ ഇവിടെ ഓർമ്മിപ്പിക്കുകയാണ്. തൃശ്ശൂർപൂരം അലങ്കോലമായതിൽ അന്നത്തെ ബന്ധപ്പെട്ട തൃശ്ശൂർ കമ്മീഷണർ അങ്കിത് അശോകനെതിരായി ആക്ഷേപം ഉയർന്നിരുന്നു. അങ്കിത് അശോകൻ ഒരു ജൂനിയർ ഓഫീസറാണ്. അദ്ദേഹത്തെ വച്ച് ഇത് നടത്താമെന്ന് പറയാൻ സാധിക്കുമോ; സീനിയർ

ഓഫീസർ സ്ഥലത്തുള്ളപ്പോൾ ചെറിയൊരു ഉദ്യോഗസ്ഥന്റെ തലയിൽ ഇത് കെട്ടിവച്ചതിനുശേഷം വൻ മീനുകൾ രക്ഷപ്പെട്ടുപോകുന്നത് അംഗീകരിക്കാൻ സാധിക്കുന്നതാണോ; താരതമ്യേന ജൂനിയറായ അങ്കിത് അശോകൻ സ്വന്തം താൽപ്പര്യപ്രകാരം ഇതെല്ലാം ചെയ്തുവെന്ന് വിശ്വസിക്കാൻ കഴിയത്തക്ക വിധത്തിലുള്ള വിഡ്ഢികളാണോ കേരളത്തിലുള്ളത്. തൃശ്ശൂർപൂരം പോലെ ലക്ഷങ്ങൾ പങ്കെടുത്ത ഒരു ഉൽസവത്തിന്റെ ക്രമസമാധാനനില, സുരക്ഷാച്ചുമതല പൂർണ്ണമായും ഒരു ജൂനിയർ ഓഫീസറെ ഏൽപ്പിച്ചത് ആരാണെന്നുള്ള ചോദ്യം നിൽക്കുകയാണ്. അവരുടെ മുന്നിൽ പൂരം കലക്കുകയെന്ന ഒരു ഹിഡൻ അജണ്ട ഉണ്ടായിരുന്നു. പൂരപ്രേമികളായ ആളുകൾ നിശ്ചയമായും അന്നത്തെ ഒരു ആക്ഷൻ ഹീറോയായി പ്രത്യക്ഷപ്പെടുന്ന ആളിനോടൊപ്പം നീങ്ങുക, രാഷ്ട്രീയ ലക്ഷ്യം നേടുക എന്നുള്ള വളരെ ഗൂഢമായ ഒരു ആലോചനയുടെ അടിസ്ഥാനത്തിലാണ് ഈ പൂരം കലക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുത്തത്. ഇത് ഒരിക്കലും ഉൾക്കൊള്ളാൻ സാധിക്കുന്ന കാര്യമല്ല. വർഷങ്ങളായി തൃശ്ശൂർപൂരത്തിന് സ്ഥിരമായി നടത്തുന്ന ക്രമീകരണങ്ങളുണ്ട്. ഞങ്ങളും അതെല്ലാം പാലിച്ചുപോന്നവരാണ്. ഞാൻ

ഇപ്പോഴും ഓർക്കുന്ന ഒരു കാര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി, ഡോ. ആർ. ബിന്ദു തൃശ്ശൂർ മേയറായിരുന്ന സമയത്ത് ഇതുപോലൊരു സംഭവമുണ്ടായി. ഞാൻ അവിടെ ചെല്ലുകയും ചെയ്യേണ്ട നടപടികളെല്ലാം ചെയ്ത് സമാധാനപരമായി പോകുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്തു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ കഴിഞ്ഞ പ്രാവശ്യം കൃത്യമായി ഈ കാര്യങ്ങൾ ചെയ്യുന്നതിന് മുൻകൈ എടുത്ത ആളല്ലേ; അതോടൊപ്പം അവിടെനിന്നുള്ള മന്ത്രിയായ ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു ഇക്കാര്യങ്ങൾ ചെയ്യുന്നതിന് കഴിവുള്ള ആളാണെന്ന് എനിക്കറിയാം. പക്ഷേ ഈ രണ്ട് മന്ത്രിമാർക്കും പൂരം കലങ്ങിയപ്പോൾ സംഭവസ്ഥലത്തുപോലും വരാൻ സാധിച്ചില്ല. അതേസമയം തേരിൽ എഴുന്നള്ളിച്ച് കൊണ്ടുവരുന്നതുപോലെ എൻ.ഡി.എ.-യുടെ സ്ഥാനാർത്ഥിയായ ശ്രീ. സുരേഷ് ഗോപിയെ ആംബുലൻസിൽ അവിടെ എത്തിക്കുകയാണുണ്ടായത്. അങ്ങനെ കൊണ്ടുവരാൻ അദ്ദേഹം രോഗി അല്ലല്ലോ; അപ്പോൾ ഒരു ആംബുലൻസ് മനഃപൂർവമായി പിടിച്ച്, അതിൽ ഒരു ആക്ഷൻ ഹീറോയെ കൊണ്ടുവന്നുകാണിച്ച്, പൂര രക്ഷകനാണ് ശ്രീ. സുരേഷ് ഗോപിയെന്ന്

വരുത്തിത്തീർക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നിങ്ങൾ അവിടെ നടത്തിയത്. ആ ആംബുലൻസിനെക്കുറിച്ചുതന്നെ ആക്ഷേപമുണ്ട്. ആർ.എസ്.എസ്. നിയന്ത്രണത്തിലുള്ള സേവാഭാരതിയുടെ ആംബുലൻസാണത്. ലക്ഷക്കണക്കിന് ജനങ്ങൾ കൂടുന്ന സ്ഥലത്ത് പൊലീസിന്റെ അനുമതിയും നിയന്ത്രണവുമില്ലാതെ, പൊലീസ് എല്ലാ കാര്യങ്ങൾക്കും വഴികാട്ടാതെ ആംബുലൻസിൽ ശ്രീ. സുരേഷ് ഗോപിയെ പോലെയുള്ള ഒരു വ്യക്തിയെ കൂട്ടിക്കൊണ്ട് അവിടെ വരാൻ സാധിക്കുമോ? അത് മനഃപൂർവമായി ചെയ്തതാണ്. അത് പൂരം കലക്കാനാണ്. പൂരം കലക്കിക്കഴിഞ്ഞ് കഴിഞ്ഞ സഭയിൽ പ്രതിപക്ഷത്തോട് ഒരു ചോദ്യം ചോദിച്ചത് എന്റെ മനസ്സിൽ ഇപ്പോഴും നിൽക്കുകയാണ്. 'ഞങ്ങൾക്ക് ലഭിക്കാനുള്ള വോട്ട് ലഭിച്ചു. നിങ്ങൾക്കുള്ള വോട്ടല്ലേ കുറഞ്ഞത്.' ഞങ്ങൾക്കുള്ള വോട്ട് കുറയും. കാരണം പ്രതിപക്ഷത്തിനെ വിശ്വസിക്കുന്ന ആളുകൾ പൂരസ്നേഹികളാണ്. പൂരം കലക്കിയതിൽ വിഷമമുള്ള ആളുകളാണ്. പൂരം കലക്കിയതിൽ വിഷമമുള്ളപ്പോൾ പൂരത്തെ രക്ഷിക്കാൻ വന്ന ഹീറോയെന്നുള്ള

നിലയിൽ ശ്രീ. സുരേഷ് ഗോപിക്ക് ഈ സ്ഥാനമുണ്ടാക്കിക്കൊടുത്തത് നിങ്ങളാണ്. നിങ്ങൾ മനഃപൂർവം ചെയ്തതാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പൂരപ്രേമികളെ രാഷ്ട്രീയാടിസ്ഥാനത്തിൽ തരം തിരിക്കുകയാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞങ്ങളുടെ വോട്ടർമാർ പൂരസ്നേഹികളും ദൈവവിശ്വാസികളുമാണ്. ആ ദൈവവിശ്വാസികൾ കാലാകാലമായി ഈ ആചാരത്തിലെല്ലാം വിശ്വസിക്കുന്നവരാണ്. അങ്ങ് അതിന്റെ കണക്കെടുത്ത് നോക്കണം. ആ പൂരപ്പറമ്പിൽ താളവും മേളവുമായി നിൽക്കുന്ന ആളുകളിൽ മഹാഭൂരിപക്ഷവും ജനാധിപത്യ വിശ്വാസികളാണെന്നുള്ളത് അങ്ങ് മറക്കേണ്ട. ഭരണപക്ഷം അവരെ ലക്ഷ്യം വച്ചുകൊണ്ടാണ് ഈ നടപടി സ്വീകരിച്ചത്. രക്ഷകനായി വന്നിരിക്കുന്ന ശ്രീ. സുരേഷ് ഗോപിയാണ് നിങ്ങളുടെ ലക്ഷ്യം. ശ്രീ. സുരേഷ് ഗോപിയെക്കുറിച്ച് വ്യക്തിപരമായി ആക്ഷേപമൊന്നുമില്ല. പക്ഷെ അദ്ദേഹം എൻ.ഡി.എ.-യുടെ സ്ഥാനാർത്ഥിയാണ്. എൽ.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥി

ശ്രീ. വി. എസ്. സുനിൽ കുമാറിന് നൽകാത്ത പ്രാധാന്യം നിങ്ങൾ എൻ.ഡി.എ. സ്ഥാനാർഥിക്ക് നൽകിയത് ശ്രീ. സുരേഷ് ഗോപിയെ ജയിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ്. നിങ്ങളുടെ ആ ഉദ്ദേശ്യം വിജയിച്ചു. ലക്ഷ്യം നേടിയല്ലോ എന്ന ചിന്ത നിങ്ങൾക്കുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഈ വിഷയത്തെക്കുറിച്ച് അന്വേഷിച്ച് ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുമെന്ന് പറഞ്ഞിട്ട് അതിനുവേണ്ടി അഞ്ച് മാസം കാത്തിരുന്നു. പൂരം കലക്കിൽ പ്രതിയായ എ.ഡി.ജി.പി. ശ്രീ. എം. ആർ. അജിത് കുമാർ നൽകിയ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് സർക്കാർ നീങ്ങിയിട്ടുള്ളതെന്ന യാഥാർഥ്യം അദ്ദേഹത്തിനറിയാം. എ.ഡി.ജി.പി. ശ്രീ. എം. ആർ. അജിത് കുമാറും അദ്ദേഹം നിർദേശം നൽകി ഈ ഗൂഢപ്രവർത്തനത്തിന് നേതൃത്വം നൽകിയ ആളുകളെയും സഹായിക്കുന്നതിനുവേണ്ടിയുണ്ടാക്കിയ തട്ടിക്കൂട്ട് റിപ്പോർട്ടിന്റെ പുറത്താണ് ഭരണപക്ഷം ഇപ്പോഴും പിടിച്ചുനിൽക്കാൻ ശ്രമിക്കുന്നത്. ഇത് ശരിയാണോ? ഇത് ഇപ്പോൾ ഏറ്റവും വലിയ വഞ്ചനയോടുകൂടിയ സമീപനമായിപ്പോയി.

നിങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ വഞ്ചിച്ചെന്ന് ഞാൻ മാത്രമല്ല ജനയുഗത്തിലെ എഡിറ്റോറിയലും പറഞ്ഞിരിക്കുകയാണ്. അവർ പറഞ്ഞിരിക്കുന്നതെന്താണ്? 'അജിത് കുമാറും ഓടുന്ന കുതിരയും' എന്ന പേരിൽ സെപ്റ്റംബർ 23-ന് ജനയുഗത്തിൽ എഴുതിയ പൂരം കലക്കൽ വേളയിലെ ഒരു ചിത്രം പുറത്തുവന്നിട്ടുണ്ട്. (ചിത്രം ഉയർത്തി കാണിച്ചു.) ആരാണ് പൂരം കലക്കിയതെന്ന് അങ്ങ് അതെടുത്ത് പരിശോധിച്ചുനോക്കണം. എനിക്ക് ചില കാര്യങ്ങൾ പറയാനുണ്ടെന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ പരസ്യമായി പറഞ്ഞല്ലോ; ഞാനത് പറഞ്ഞാൽ പലതുമുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞില്ലേ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, .......

മി. സ്പീക്കർ: അങ്ങ് വഴങ്ങണ്ട. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മറുപടി പിന്നീട് പറയാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സമയമില്ലാത്തതുകൊണ്ടാണ്. അങ്ങ് ഈ 14 മിനിട്ടുവരെ കാത്തിരുന്നിട്ടും അങ്ങയുടെ പേര് മൂന്ന് പ്രാവശ്യം ആവർത്തിച്ചിട്ടും എന്റെ സമയം തീരുന്നതിന്റെ തൊട്ടുമുമ്പ് അങ്ങ്

എഴുന്നേറ്റതിൽ കുറ്റം സമ്മതിക്കുന്നുവെന്നുള്ളതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ്.

മി.സ്പീക്കർ: ഒരു മിനിട്ട് മാത്രമെ ബാക്കിയുള്ളൂ. പ്രസംഗം അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട മിനിസ്റ്റർ അവിടെ ഇരിക്ക്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ വഴങ്ങുന്നില്ല. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. ബി. രാജേഷ് എഴുന്നേറ്റപ്പോൾ ഞാൻ വഴങ്ങിയതാണ്. ഇവിടെയും ഞാൻ ഇരിക്കുമായിരുന്നു. പക്ഷെ ഇപ്പോൾ അങ്ങേയ്ക്ക് ചോദിച്ചുവെന്ന് വരുത്തുകയും ചെയ്യണം മറുപടി ലഭിക്കുകയും ചെയ്യരുത്. ഇതിനുവേണ്ടിയുള്ള ഒരു നമ്പരാണ്. ആ നമ്പർ ഞാൻ വിശ്വസിച്ചാലും അങ്ങേയ്ക്ക് അത് ശ്രീ. വി. എസ്. സുനിൽ കുമാറിനെ വിശ്വസിപ്പിക്കാൻ സാധിക്കുമോ; ജനയുഗത്തിലെ എഡിറ്റോറിയൽ മാറ്റി എഴുതിക്കാൻ സാധിക്കുമോ? അതുകൊണ്ട് പൂരം കലക്കിയ ഈ സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം. ഇതിൽ കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിക്കണം. നിഷ്പക്ഷമായി ഇക്കാര്യം പുറത്തുവരണം.

മി.സ്പീക്കർ: പ്ലീസ് .... പ്ലീസ് ... കൺക്ലൂഡ് ചെയ്യണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്. അപ്പോഴാണ് കൺക്ലൂഡ് ചെയ്യാൻ അങ്ങ് പറഞ്ഞത്. അങ്ങയുടെ ധൃതിയും എനിക്ക് മനസ്സിലാകും. ഞാൻ ഒട്ടും ധൃതി കാണിക്കുന്നില്ല.

മി. സ്പീക്കർ: ധൃതിയുടെ പ്രശ്നമില്ല. മൈക്ക് ഓഫാക്കുമെന്നേയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ സമയപരിധി കടക്കില്ല. സമയത്തിന്റെ ഓർബിറ്റ് വിടുന്ന പ്രശ്നമേയില്ല. പക്ഷെ ഒരു കാര്യമുണ്ട്. ഇത് നമ്മുടെ സമൂഹത്തിൽ ഇനിയുണ്ടാകരുത്. ലക്ഷക്കണക്കിന് ആളുകൾ വന്നുചേരുന്ന, മതനിരപേക്ഷതയുടെ ഒരു സമൂഹം ഒരുമിച്ചുചേരുന്ന, കേരളത്തിലെ മതനിരപേക്ഷതയുടെ ഒരു മുഖമായി നമ്മൾ കാണുന്ന, ഒരു മഹാസംഭവത്തെ കലക്കിയതിൽ ജനങ്ങളുടെ മുമ്പിൽ പ്രതിക്കൂട്ടിൽ നിൽക്കുകയാണ് ഈ ഗവൺമെന്റ്. അതുകൊണ്ടുതന്നെ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ഞാൻ ഒരിക്കൽക്കൂടി ആവശ്യപ്പെടുകയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നൽകിക്കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ

സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് ഈ സർക്കാരിനെതിരെ ഒരു പുകമറ വിവിധ തലങ്ങളിൽ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ കഴിഞ്ഞ കുറച്ചുകാലമായി പ്രതിപക്ഷവും ബി.ജെ.പി.-യും കുറെ മാധ്യമങ്ങളും കൂടി ചേർന്ന് നടത്തുന്ന വിവരം നമുക്കറിയാം. അതുകൊണ്ടാണ് തുടർച്ചയായി നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നൽകുകയും കാര്യങ്ങൾ ഇവിടെ തുറന്ന് കാട്ടപ്പെടുകയും ചെയ്യണമെന്ന് ഈ ഗവൺമെന്റ് കരുതുന്നത്. ഇന്നലെ നടന്ന ചർച്ച കണ്ടവരും കേട്ടവരും നമ്മുടെ നാട്ടിലുണ്ട്. വിഷ്വൽ മീഡിയായിലൂടെ ആ ചർച്ചയുടെ വിശദാംശങ്ങൾ ജനങ്ങൾ മനസ്സിലാക്കിയതാണ്. പക്ഷെ ഇന്നത്തെ പ്രധാനപ്പെട്ട പ്രിന്റ് മീഡിയ പരിശോധിച്ചാൽ യഥാർത്ഥത്തിൽ ചർച്ചയുടെ ഭാഗമായി തുറന്നുകാട്ടപ്പെട്ട പ്രതിപക്ഷത്തിന്റെ അവസ്ഥയെ സംരക്ഷിക്കാൻവേണ്ടിയുള്ള പരിശ്രമം നമ്മുടെ മാധ്യമങ്ങൾ നടത്തുന്നതായി കാണാൻ സാധിക്കും. അവരുടെ സഹായത്തോടുകൂടിയാണ് പ്രതിപക്ഷം ഈ സംസ്ഥാനത്ത് ഇക്കാര്യങ്ങളെല്ലാം ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. തൃശ്ശൂർപൂരത്തെ സംബന്ധിച്ചാൽതന്നെ, ശക്തൻ തമ്പുരാന്റെ കാലത്ത് ആരംഭിച്ച തൃശ്ശൂർപൂരം അന്ന് അദ്ദേഹം

അനുശാസിച്ചതരത്തിൽത്തന്നെ ഒന്നുരണ്ട് നൂറ്റാണ്ടുകളായി നമ്മുടെ സംസ്ഥാനത്ത് നടക്കുകയാണ്. ഉപക്ഷേപം അവതരിപ്പിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ നാനാജാതിമതസ്ഥരും എത്തിച്ചേരുന്ന ഒരു മഹോത്സവമാണിത്. കേരളത്തെ സംബന്ധിച്ചാണെങ്കിൽ വിവിധ രാജ്യങ്ങളിലെ ജനങ്ങൾ വന്നെത്തുന്ന ഒരു വലിയ ഉത്സവമായി തൃശ്ശൂർപൂരം മാറിയിട്ടുണ്ട്. ആ തൃശ്ശൂർപൂരം ചരിത്രത്തിൽ ആദ്യമായി കലങ്ങുന്ന ഒരു സാഹചര്യമുണ്ടായി. ഒരു ഗൂഢാലോചനയില്ലാതെ അത് കലങ്ങുമെന്ന് കരുതുന്നുണ്ടോ? ഗൂഢാലോചനയുടെ ഭാഗമായാണ് തൃശ്ശൂർപൂരം കലങ്ങിയത്. ആ ഗൂഢാലോചനയെക്കുറിച്ച് ഗവൺമെന്റ് അന്വേഷിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചപ്പോൾ അത് വളരെ വിശദമായി അന്വേഷിക്കുകയും ഗൂഢാലോചനയിൽ പങ്കാളികളായ മുഴവൻ ആളുകളെയും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണമെന്ന് ആഗ്രഹിച്ച് ഗവൺമെന്റ് അതിനാവശ്യമായ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെത്തന്നെ നിശ്ചയിച്ച് കാര്യങ്ങൾ നടത്തുകയും ചെയ്തപ്പോൾ അതിൽപ്പെട്ടുപോകാനിടയുള്ള ആളുകളെ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ജുഡീഷ്യൽ അന്വേഷണമെന്ന

ഈ ആവശ്യം സംസ്ഥാനത്തെ പ്രതിപക്ഷം മുന്നോട്ടുവച്ചിട്ടുള്ളത്. പ്രതിപക്ഷം നമ്മുടെ സംസ്ഥാനം ഭരിക്കുമ്പോഴാണ് ക്ഷേത്രോത്സവങ്ങളെല്ലാം കലങ്ങിയിട്ടുള്ളതെന്ന കാര്യം നമുക്കെല്ലാവർക്കുമറിയാം. തിരുവനന്തപുരത്തുകാരനായ എനിക്ക് ശിവഗിരിയെ സംബന്ധിച്ച് അറിയാം. ശിവഗിരിയിൽ പൊലീസ് കടന്നുകയറി അത് ഒരു ക്ഷേത്രമാണെന്ന പരിഗണനപോലും നൽകാതെ ക്രൂരമായ ആക്രമണം നടത്തി, ശിവഗിരി അടിച്ചുതകർക്കുകയും സ്വാമിമാരെ ഭീകരമായി മർദ്ദിക്കുകയും ചെയ്തു, അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അന്ന് ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ നടത്തിയ ഒരു ചെറിയ സ്റ്റേറ്റ്മെന്റ് മാത്രം ഞാൻ വായിക്കാം: " 1995-ലുണ്ടായ ശിവഗിരിയിലെ തർക്കം പരിഹരിക്കാനുള്ള ഉപസമിതിയുടെ രൂപീകരണത്തിന് പ്രായോഗിക നേട്ടമല്ല മറിച്ച് രാഷ്ട്രീയ ലക്ഷ്യം മാത്രമാണുണ്ടായിരുന്നതെന്ന നിഗമനത്തിലേയ്ക്കാണ് കമ്മീഷനെത്താൻ സാധിച്ചത്" . ഇതാണ് ഇവരുടെ സമീപനമെന്ന് പറയുന്നത്.

ചെട്ടികുളങ്ങര ക്ഷേത്രത്തിൽ നടന്ന ഭീകരമായ ആക്രമണത്തിന്റെ ഭാഗമായുണ്ടായ സംഭവങ്ങളുമായി ബന്ധപ്പെട്ട് 'രക്തം കട്ടപിടിച്ചുകിടക്കുന്ന' ഒരു

ചിത്രം പത്രങ്ങളിൽ അച്ചടിച്ചുവന്നിരുന്നു. (ചിത്രം സഭയിൽ ഉയർത്തിക്കാണിച്ചു) സമയക്കുറവ് കാരണം കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അവിടെ കുംഭ ഭരണി ദിവസമാണ് പൊലീസ് വെടിവയ്പ്പും നരനായാട്ടും നടത്തിയത്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവിന് അക്കാര്യങ്ങളെക്കുറിച്ചെല്ലാം നന്നായി അറിയാവുന്നതാണ്. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. വയലാർ രവിയായിരുന്നു. അദ്ദേഹം ഈ നിയമസഭയിൽ പ്രസംഗിച്ച ഒന്നുരണ്ട് വാക്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കാം. സംഭവം നിർഭാഗ്യകരമാണെന്നും ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കാര്യമാണെന്നും പരിക്കേറ്റ പൊലീസുകാരെ ആശുപത്രിയിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടിയാണ് പൊലീസ് ആകാശത്തേയ്ക്ക് വെടിവച്ചതെന്നും അദ്ദേഹം പറഞ്ഞിരുന്നു. I saved my men എന്നാണ് ഇന്ന് തമിഴ്നാടിന്റെ ഗവർണ്ണറായിരിക്കുന്ന, ആർ.എസ്.എസ്. അനുഭാവ മനസ്സുള്ള അന്നത്തെ ആലപ്പുഴ എസ്.പി. പറഞ്ഞത്.

മലയാലപ്പുഴ ക്ഷേത്രത്തിൽ ഉത്സവം നടന്നപ്പോൾ നൂറോളം പേർക്ക് പരിക്കുപറ്റി. അന്നും വലതുപക്ഷമായിരുന്നു നമ്മുടെ സംസ്ഥാനത്തിന്റെ

അധികാര സ്ഥാനത്തുണ്ടായിരുന്നത്. ക്ഷേത്ര ഉത്സവങ്ങൾ ഒന്നുംതന്നെ നിങ്ങൾക്കൊരു വിഷയമല്ല. അവിടെ പൊലീസിനെ കയറ്റുകയും ജനങ്ങളെ അടിക്കുകയും ചെയ്യുന്നതൊക്കെ നിങ്ങളുടെ രീതിയാണ്. അന്ന് ഭരണകക്ഷി എം.എൽ.എ. ആയിരുന്ന ശ്രീ. അടൂർ പ്രകാശ് ഈ സഭയിൽ പറഞ്ഞ ഒരു കാര്യം ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണ്. 'അവിടെ പൊലീസ് എത്തിച്ചേർന്ന് ആ പ്രദേശത്ത് ലാത്തിചാർജ് നടത്തി. തുടർന്ന് ആളുകൾ പിരിഞ്ഞുപോയതിനുശേഷം  പൊലീസ് വീണ്ടും പല വീടുകളിലും കയറുകയും സ്ത്രീകളും കുട്ടികളും അടക്കമുള്ള അൻപതിൽപ്പരം ആളുകൾക്കുനേരെ ലാത്തിചാർജ് നടത്തുകയും ചെയ്തു' . ഭരണകക്ഷി എം.എൽ.എ. ആയിരുന്ന ശ്രീ. അടൂർ പ്രകാശ് അന്ന് നിയമസഭയിൽ നടത്തിയ പ്രസംഗമാണിത്.

ശിവഗിരിയിലെ കാര്യവും ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. നിങ്ങൾ ബി.ജെ.പി.-യുമായും ആർ.എസ്.എസ്.-മായും ഐക്യമുന്നണിയുണ്ടാക്കുന്നു എന്നതും വളരെ വ്യക്തമാണ്. ഇവിടെ ആദ്യം എന്റെ മാന്യസ്നേഹിതൻ സംസാരിക്കുകയുണ്ടായി. ആർ.എസ്.എസ്.-ന്റെ കാര്യാലയത്തിൽ

തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പോയതിന്റെ ചിത്രമാണിത്. (ചിത്രം സഭയിൽ ഉയർത്തിക്കാണിച്ചു)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, (മൈക്ക് ഓഫ്)

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ വഴങ്ങുന്നില്ല. ഞാൻ അദ്ദേഹത്തെ ഒന്നും പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല. പ്രസംഗത്തിനുശേഷം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് സംസാരിക്കാൻ സമയം നൽകാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ സത്യസന്ധമായ ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് പറഞ്ഞത്. വ്യക്തിപരമായൊന്നും പറഞ്ഞിട്ടില്ല. തിരഞ്ഞെടുപ്പ് പ്രചരണ സമയത്ത് ആർ.എസ്.എസ്. കാര്യാലയത്തിൽ സന്ദർശനം നടത്തിയതിന്റെ...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ... (മൈക്ക് ഓഫ്)

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ വഴങ്ങുന്നില്ല... പൂരം കലക്കാൻ ശ്രമം നടന്നതിനുപിന്നിൽ ചില ഗൂഢാലോചനകൾ..

മി.സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അദ്ദേഹം ഇവിടെ ഒരു ചിത്രം കാണിക്കുകയുണ്ടായി. ചിത്രത്തിലുള്ള മറ്റുരണ്ട് വ്യക്തികളുടെ പേരുകൾ കൂടി പറഞ്ഞാൽ ഉചിതമായിരിക്കും. ഒന്ന്, ശ്രീ. ബാബുക്കുട്ടി ഈപ്പൻ, തൊട്ടടുത്തുള്ള പള്ളിയിലെ ഏറ്റവും പ്രധാനപ്പെട്ട ഇടവകക്കാരനാണ്. രണ്ട്, ശ്രീ. എബിസൺ കെ. എബ്രഹാം, തൊട്ടടുത്ത സ്കൂളിലെ അധ്യാപകനാണ്. മൂന്ന്, പനച്ചിക്കാട് അമ്പലമാണ്. നാല്, ഞാൻ അവിടെ ഒരു കസേരയിൽ ഇരിക്കുകയാണ്.

മി. സ്പീക്കർ: ദയവായി താങ്കൾ പോയിന്റ് വ്യക്തമാക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്നെ അധിക്ഷേപിച്ചതല്ലേ.. ഞാൻ പറഞ്ഞോട്ടെ.. അവർ എന്നെ വന്നുകാണുന്ന ചിത്രമാണിത്. അവിടെയിരിക്കുന്ന സാധനങ്ങൾ എന്തൊക്കെയാണെന്ന് അറിയാമോ; പനച്ചിക്കാട് അമ്പലത്തിലെ പ്രസാദ ഊട്ടിനുവേണ്ടി അരിയും ഗോതമ്പും സംഭരിച്ചുവച്ചിരുന്ന ഒരു ഗോഡൗണിൽ, അത് നല്ലതാണോയെന്ന് തിരക്കാൻ ആവശ്യപ്പെട്ടപ്പോൾ അത്

പരിശോധിക്കാൻ ഞങ്ങൾ എല്ലാവരുംകൂടി പോയതാണ്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഉണ്ടായിരുന്നെങ്കിൽ താങ്കൾക്കും വരാമായിരുന്നു.

മി. സ്പീക്കർ: യെസ്.. പോയിന്റ് വ്യക്തമാണ്.. ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രന് തുടർന്ന് സംസാരിക്കാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ ഇവിടെ പറഞ്ഞ കാര്യത്തിന്മേൽ എടുത്തുപറയാൻ ഒരു പോയിന്റും ഓർഡറും ഇല്ല. അദ്ദേഹം വല്ലാത്തൊരു വെപ്രാളംകൊണ്ട് പറയുന്നതാണിത്. ആർ.എസ്.എസ്. സംഘടനയുമായി രഹസ്യവും പരസ്യവുമായിട്ടുള്ള ബാന്ധവം പുലർത്തുന്നത് നിങ്ങളാണെന്ന കാര്യം എല്ലാവർക്കുമറിയാം. ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും എതിരായി പോരാട്ടം നടത്തുന്നത് ഇടതുപക്ഷ പ്രസ്ഥാനമാണ്. അക്കാര്യം എനിക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ മത്സരിച്ച എന്നെ പരാജയപ്പെടുത്താൻ, ബഹുമാനപ്പെട്ട പ്രധാനമന്ത്രിതന്നെ കഴക്കൂട്ടത്ത് വലിയൊരു സമ്മേളനം വിളിച്ചുചേർക്കുകയുണ്ടായി. കേരളത്തിൽ 140 നിയോജകമണ്ഡലങ്ങളുള്ളതിൽ അവിടെ മാത്രമാണ് അദ്ദേഹം എത്തിയത്.

അവർക്കെല്ലാവർക്കും എതിരായി ശക്തമായ പോരാട്ടം നടത്തിയാണ് ഞങ്ങൾ നിയമസഭയിൽ എത്തിയത്. അതുകൊണ്ട് ഞങ്ങളെയൊന്നും ആ ഗണത്തിൽ ഉൾപ്പെടുത്താൻ നിൽക്കേണ്ടതില്ല. നിങ്ങൾ ചെയ്ത കാര്യങ്ങൾ ഞാൻ ഇവിടെ സൂചിപ്പിച്ചെന്ന് മാത്രമേയുള്ളൂ. അക്കാര്യങ്ങളെക്കുറിച്ച് കൂടുതൽ സംസാരിക്കുന്നില്ല. ഇവിടെ സർക്കാരിനെ അധിക്ഷേപിക്കാനും ആക്രമിക്കാനുമാണ് നിങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. അതിനുവേണ്ടിയാണ് തൃശ്ശൂർ പൂരത്തേയും വലിയ വിഷയമാക്കിയെടുക്കാൻ നിങ്ങൾ പരിശ്രമിക്കുന്നത്. എനിക്ക് ഏറ്റവും ആദരണീയനായ വ്യക്തിയാണ് പ്രതിപക്ഷഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി. ഹരിയാനയിലെ പരാജയം അറിഞ്ഞിട്ടാണോയെന്ന് അറിയില്ല, ഇന്നലത്തെ ചർച്ചയിലും പരാജയത്തിന്റെ പിന്നിലുള്ള കാരണം ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുന്നതിൽ, വളരെ ലളിതമായി ഹിന്ദുപത്രവുമായിട്ടുള്ള അഭിമുഖത്തിന്റെ അംശം ഇവിടെ ഉപയോഗിക്കുന്നതായി കണ്ടു. ഏതെല്ലാം തരത്തിലാണ് നിങ്ങൾ സംസ്ഥാന രാഷ്ട്രീയത്തെ വഴി തിരിച്ചുവിടാൻ പരിശ്രമിക്കുന്നത്. അദ്ദേഹത്തിനോടുള്ള ബഹുമാനം നിലനിർത്തിക്കൊണ്ടുതന്നെയാണ് ഇത് പറയുന്നത്. ഹരിയാനയിൽ

എന്തുകൊണ്ട് പരാജയപ്പെട്ടെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാം. കോൺഗ്രസ് നേതൃത്വം കൊടുത്തതുകൊണ്ട് ഹരിയാനയിൽ പരാജയപ്പെട്ടു. എന്നാൽ കോൺഗ്രസ് നേതൃത്വം കൊടുക്കാത്തതുകൊണ്ട് കാശ്മീരിൽ വിജയിച്ചു. ഈയൊരു വ്യത്യാസമുണ്ട്. അത് നമ്മൾ മനസ്സിലാക്കണമെന്നേയുള്ളൂ. നിങ്ങൾ രഹസ്യമായി ഉണ്ടാക്കിയ ബാന്ധവം അതിലൂടെ നിങ്ങൾ തൃശ്ശൂർപൂരം കലക്കാൻ നടത്തിയ ശ്രമങ്ങളുമാണ് പറയേണ്ടത്. കുടമാറ്റം വരെയുള്ള എല്ലാ കാര്യങ്ങളും അവിടെ വളരെ ഭംഗിയായി നടന്നതായിരുന്നു. കഴിഞ്ഞ എട്ട് വർഷക്കാലവും നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന എല്ലാ ക്ഷേത്ര ഉത്സവങ്ങളും വളരെ ഗംഭീരമായും പരാതിക്കിടയില്ലാതെയും നടത്താൻ ശ്രമിച്ചിട്ടുള്ള സർക്കാരാണിത്. ലക്ഷക്കണക്കിന് സ്ത്രീകൾ പങ്കെടുക്കുന്ന ഉത്സവമാണ് ആറ്റുകാൽ ക്ഷേത്രത്തിലെ പൊങ്കാല മഹോത്സവം. നാളിതുവരെയും യാതൊരു പ്രശ്നവും സംഭവിച്ചിട്ടില്ല. ശബരിമലയിൽ ഒരു പ്രത്യേക ഘട്ടത്തിൽ നിങ്ങളും ബി.ജെ.പി.-യും ചില ഹിന്ദുസംഘടനകളും ചേർന്ന് നടത്തിയ നാമജപ ഘോഷയാത്രയും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമൊഴിച്ചാൽ നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ എട്ട് വർഷക്കാലവും എല്ലാ ക്ഷേത്രങ്ങളിലും എല്ലാ

ആരാധനാലയങ്ങളിലും നടക്കുന്ന ഉത്സവങ്ങൾ ഏറ്റവും നന്നായി നടത്തുന്നതിന് വേണ്ടിയുള്ള നടപടി ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഞങ്ങളെ അങ്ങനെ പൂർണ്ണമായി കുറ്റപ്പെടുത്താൻ നിൽക്കേണ്ടതില്ല. നിങ്ങൾക്ക് ഒറ്റ ലക്ഷ്യം മാത്രമേയുള്ളൂ. ഈ സർക്കാരിനെ ആക്രമിക്കുക, സർക്കാരിന് നേതൃത്വം കൊടുക്കുന്ന കേരളത്തിന്റെ മുഖ്യമന്ത്രിയെ അധിക്ഷേപിക്കുക, ആക്രമിക്കുക തുടങ്ങിയവയാണ്. അത് നിങ്ങൾ വിചാരിച്ചാൽ നടക്കുന്ന കാര്യമല്ലെന്ന് വളരെ വിനയത്തോടുകൂടി ഞാൻ പറയുകയാണ്.

മുണ്ടയിൽ കോരന്റേയും കല്യാണിയുടേയും ഏറ്റവും ഇളയ മകനായി ജനിച്ച പിണറായി വിജയൻ കേരള രാഷ്ട്രീയത്തിലെത്തിയത് മറ്റൊരു പിൻബലത്തിന്റേയും മറ പറ്റിയല്ല. നേർക്കുനേർ നിന്ന് ശരിയുടെ രാഷ്ട്രീയം പറഞ്ഞും പ്രവർത്തിച്ചുമാണ് ഇന്നത്തെ നിലയിലേയ്ക്കെത്തിയത്. തലശ്ശേരി ബ്രണ്ണൻ കോളേജിൽ നിന്നുതുടങ്ങി ഇന്ന് കേരള നിയമസഭയിൽ ശ്രീ. പിണറായി വിജയൻ തലയുയർത്തി നിൽക്കുന്നത് മനുഷ്യപക്ഷത്ത് നിലയുറപ്പിച്ചതുകൊണ്ടാണ്. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം തുടർച്ചയായി മുഖ്യമന്ത്രി സ്ഥാനത്ത് തുടരുന്ന ശ്രീ. പിണറായി വിജയനെ

തച്ചുതകർത്തേക്കാമെന്ന ആഗ്രഹം പ്രതിപക്ഷത്തിനുണ്ടാകും. അത് അതിമോഹമാണെന്നേ ഞാൻ പറയുന്നുള്ളൂ. ഇതിലും വലിയ വമ്പന്മാർ പതിനെട്ട് അടവും പയറ്റിയിട്ട് നടക്കാത്ത കാര്യമാണതെന്ന് ചരിത്രം മുന്നേ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യാമഹാരാജ്യത്തെ അടിയന്തരാവസ്ഥയിൽ കോൺഗ്രസ് സർക്കാർ അടക്കിവാഴ്ന്നിരുന്ന സമയത്ത്, അദ്ദേഹത്തെ തടവറയിലിട്ട് തല്ലിച്ചതച്ചിട്ടുണ്ട്. അന്ന് വെറും പിണറായി വിജയൻ ആയിരുന്നില്ല. ചോരയാൽ കുറിക്കപ്പെട്ട കൂത്തുപറമ്പ് എന്ന നാടിന്റെ പ്രിയങ്കരനായ യുവ എം.എൽ.എ.-യായിരുന്നു. ജയിലറയിൽനിന്ന് നിയമസഭാ സമ്മേളനത്തിനെത്തി, ചോരക്കറ വീണ തന്റെ വെളുത്ത ഷർട്ട് ഉയർത്തിപ്പിടിച്ച് ആ മനുഷ്യൻ ഒരു പ്രസംഗം നടത്തിയിട്ടുണ്ട്. അതിന്റെ പകർപ്പ് നിയമസഭാ ലൈബ്രറിയിലുണ്ട്. 'ഇന്നലത്തെ മഴയിൽ കുരുത്തവർ' അതെടുത്ത് വായിക്കണം. 54 വർഷം മുമ്പ്, 1970-ൽ കേരള നിയമസഭയിൽ അംഗമായ നേതാവാണ് ശ്രീ. പിണറായി വിജയൻ. അദ്ദേഹത്തെ ഓലപ്പാമ്പ് കാട്ടി പേടിപ്പിക്കാമെന്ന് കരുതുന്നവരോട് സത്യത്തിൽ സഹതാപം മാത്രമാണുള്ളത്. അടിയന്തരാവസ്ഥയുടെ ഇരുട്ടിനെ തോൽപ്പിച്ച് തടവറ താണ്ടിയെത്തിയ

ശ്രീ. പിണറായി വിജയൻ, വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന കാലയളവിലാണ് കേരളം ലോഡ് ഷെഡിംഗിന്റെയും പവർ കട്ടിന്റെയും ഇരുണ്ട നാളുകൾ അതിജീവിച്ചത്. അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലത്താണ് മഹാപ്രളയത്തെ ഈ നാട് അതിജീവിച്ചത്. നിപയുടെ ഭീതി നിറഞ്ഞ കാലത്തും കോവിഡിന്റെ ദുരിതകാലത്തും നാടിനാകെ കൈത്താങ്ങും കരുത്തുമായി ശ്രീ. പിണറായി വിജയൻ ഉണ്ടായിരുന്നു. ഇതൊന്നും ഈ നാട് മറന്നിട്ടില്ലെന്നതിന് തെളിവാണ് അദ്ദേഹം മുഖ്യമന്ത്രി കസേരയിൽ രണ്ടാം തവണയും ഇരിക്കുന്നത്. അദ്ദേഹത്തെ മൂന്നാം തവണയും മുഖ്യമന്ത്രിയാക്കാനും ഈ നാട് സന്തോഷത്തോടെ തയ്യാറാകും. അതുകണ്ട് വിറളി പിടിച്ചവരുടെ ഇരുപ്പുറയ്ക്കായ്കയാണ് മൂന്ന് ദിവസമായി ഈ സഭയും നാടും കാണുന്നത്. 'കൂത്തിന്റെ വിധമെല്ലാം കുഴിയാനയ്ക്ക് അറിയാമോ'യെന്ന കുഞ്ചൻ നമ്പ്യാരുടെ ചോദ്യമാണ് എനിക്ക് ഓർമ്മ വരുന്നത്. ഫാസിസത്തിനും വർഗ്ഗീയ രാഷ്ട്രീയത്തിനുമെതിരെ പടപൊരുതി വന്നവരെ ആർ.എസ്.എസ്. ആക്കാൻ ശ്രമിക്കുന്നവർ, ആർ.എസ്.എസ്.-നെ ഈ നാട്ടിൽ തലപൊക്കാൻ അനുവദിക്കാത്ത ധീരന്റെ പേര് മറക്കണ്ട. കൗരവരുടെ പേടി സ്വപ്നമായിരുന്ന

അർജ്ജുനനെ പോലെയാണ് വർഗ്ഗീയവാദികളെ നേരിടുന്ന ശ്രീ. പിണറായി വിജയൻ. 1971-ലെ തലശ്ശേരി കലാപത്തെക്കുറിച്ചുള്ള ജസ്റ്റിസ് ജോസഫ് വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിന്റെ 220-ാം ഖണ്ഡികയിൽ കലാപം നേരിട്ട് മതസൗഹാർദം ഉറപ്പുവരുത്തിയ അന്നത്തെ യുവ എം.എൽ.എ.-യെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്. ശ്രീ. പിണറായി വിജയനെ വർഗ്ഗീയവാദികൾക്ക് ഒത്താശ ചെയ്യുന്ന ആളാക്കാൻ പെടാപ്പാട് പെടുന്നവരോട് ഒരുകാര്യം മാത്രം വ്യക്തമാക്കാം. ആഴം അറിയാത്തിടത്ത് കാൽ വയ്ക്കരുത്, താണുപോകും. അതുകൊണ്ട് സൂക്ഷിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് അദ്ദേഹത്തെക്കുറിച്ച് എഴുതികൊടുത്ത പുരാണം മുഴുവൻ വായിക്കാൻ അങ്ങ് അവസരം നൽകിയത് നല്ല കാര്യം ....(ബഹളം)......

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്... അദ്ദേഹം സംസാരിക്കട്ടെ..

ശ്രീ. എ. പി. അനിൽ കുമാർ: സർ, രണ്ട് കാര്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി ഇന്ന് രാവിലെ ചർച്ച അനുവദിച്ചുകൊണ്ട് പറഞ്ഞത്. ടി വിഷയം

രാഷ്ട്രീയമായി കാണുന്നുവെന്നും രാഷ്ട്രീയ പുകമറ സൃഷ്ടിക്കാനാണെന്നുമാണ് അദ്ദേഹം പറഞ്ഞത്. തൃശ്ശൂർപൂരം കലക്കിയത് രാഷ്ട്രീയമാണോ; പുകമറ സൃഷ്ടിക്കാനാണോ? കേരളത്തിലെ ലക്ഷക്കണക്കിന് ആളുകൾ വൈകാരികമായി കാണുന്ന, വിശുദ്ധമായി കാണുന്ന ഒരു ആഘോഷം കലക്കിയെന്നകാര്യം ഇടതുപക്ഷ മുന്നണിയിലെ പ്രധാന ഘടകകക്ഷി തന്നെ പറയുമ്പോൾ ഇവിടെ മന്ത്രി പറയുന്നു, ഞങ്ങൾക്കത് രാഷ്ട്രീയമാണെന്ന്. കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം വിശ്വാസം ഉള്ളവരും ഇല്ലാത്തവരുമൊക്കെ ഉണ്ടാവും. നിങ്ങളുടെ വിശ്വാസവുമായി ബന്ധപ്പെട്ട കാര്യമല്ലെന്നതുകൊണ്ടുതന്നെ നിങ്ങൾക്കിത് വലിയ ഗൗരവമായി കാണാൻ കഴിയില്ല. കാരണം, നിങ്ങളെ സംബന്ധിച്ചിടത്തോളം പൂരമെന്നു പറയുന്നത് ആരാന്റെ ആറാട്ട് എന്നുള്ള രീതിയിലാണ് നിങ്ങൾ എടുക്കുന്നത്. അങ്ങനെയല്ല, കേരളത്തിലെ ജനങ്ങൾ വളരെ വൈകാരികമായി കാണുന്ന വളരെ നല്ല രീതിയിൽ ഭക്ത്യാദരപൂർവ്വം കാണുന്ന ഒരു ചടങ്ങിനെയാണ് അലങ്കോലമാക്കിയത്. അക്കാര്യം ഇവിടെയല്ലാതെ എവിടെയാണ് ഞങ്ങൾ ചർച്ച ചെയ്യുക; അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഇത് ഇന്റലിജൻസുമായി ബന്ധപ്പെട്ട കാര്യമാണെന്നാണ്. കേരളത്തിൽ വന്ന് രണ്ടുമൂന്ന് ദിവസം താമസിച്ച ആർ.എസ്.എസ്.-ന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയെ സംസ്ഥാനത്തിന്റെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. കണ്ടത് ഗവൺമെന്റോ, ഇന്റലിജൻസ് ബ്യൂറോയോ അല്ലെങ്കിൽ സ്പെഷ്യൽ ബ്രാഞ്ചോ അറിഞ്ഞില്ല എന്നാണോ നിങ്ങൾ പറയുന്നത്. അങ്ങനെയൊരു ഇന്റലിജൻസ് ഡിപ്പാർട്ട്മെന്റിന്റെ ആവശ്യം കേരളത്തിനുണ്ടോ? അത്തരത്തിലാണ് കാര്യമെങ്കിൽ ഇന്റലിജൻസ് സംവിധാനം സമ്പൂർണ്ണ പരാജയമായിരുന്നുവെന്ന വിവരം നിങ്ങൾ തുറന്നുപറയണം. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. എ.ഡി.ജി.പി.-യെ സ്ഥലം മാറ്റി നടപടിയെടുത്തുവെന്നാണ് നിങ്ങൾ പറയുന്നത്. വളരെ ലളിതമായി ചോദിക്കട്ടെ. നിങ്ങൾ നടപടിയെടുത്തത് എന്തിന്റെ പേരിലാണ്? ആർ.എസ്.എസ്. ബന്ധത്തിന്റെ പേരിലാണോ, അതോ ആർ.എസ്.എസ്. നേതാക്കളെ നിരന്തരമായി കണ്ടതിന്റെ പേരിലാണോ, നിങ്ങളുടെ സഹയാത്രികനായിരുന്ന

ശ്രീ. പി. വി. അൻവർ പറഞ്ഞ സ്വർണ്ണക്കടത്ത് അതുപോലെ കൊലപാതകങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യത്തിന്റെ പേരിലാണോ, അതോ പൂരം കലക്കിയതിന്റെ പേരിലാണോ നിങ്ങൾ അദ്ദേഹത്തിനെതിരെ നടപടിയെടുത്തത്. അതോ ഇത് വെറും ട്രാൻസ്ഫർ ആണോ. അങ്ങ് മറുപടി പറയണം? എന്താ ചെയ്തത്, ഒരിടത്തുനിന്ന് എടുത്ത് മറ്റൊന്നിലേക്ക് വച്ചു. പത്താം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടി കഞ്ചാവ് കൊണ്ടുവന്നതിന്റെ പേരിൽ പത്താം ക്ലാസ് എ-യിൽനിന്നും പത്താം ക്ലാസ് സി-യിലേയ്ക്ക് മാറ്റി എന്നുപറയുന്നതുപോലെയല്ലേയുള്ളൂ. ഇതാണോ നടപടി? എനിക്ക് ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയോട് ചോദിക്കാനുള്ളത്, തൃശ്ശൂർ പൂരം സംഘർഷമുണ്ടാകുമ്പോൾ അങ്ങ് അവിടേയ്ക്ക് പോകാൻ ശ്രമിച്ചിരുന്നോ, ശ്രമിച്ചിട്ടുണ്ടെങ്കിൽ പോലീസ് അനുവാദം നൽകിയോ; അതിനുള്ള സൗകര്യം മന്ത്രിക്ക് ഒരുക്കിയോ എന്നുള്ളതാണ് എനിക്ക് അറിയേണ്ടത്. എൽ.ഡി.എഫ്.-ന്റെയും യു.ഡി.എഫ്.-ന്റെയും സ്ഥാനാർഥികളായ ശ്രീ. വി. എസ്. സുനിൽകുമാറും കെ. മുരളീധരനും ഉറങ്ങുന്നസമയത്ത് രാത്രി 2.30 മണിക്ക് ശ്രീ. സുരേഷ്ഗോപി സംഭവസ്ഥലത്ത് എത്തിയത്

എങ്ങനെയാണ്; അവിടെ എത്താനുള്ള സൗകര്യം അദ്ദേഹത്തിനുണ്ടായത് എങ്ങനെയാണ്; ഉത്തരം പറയണ്ടേ? സംസ്ഥാനത്തെ ഒരു മന്ത്രിക്ക് സൗകര്യം ചെയ്തുകൊടുക്കാതെ ആരാണ് ശ്രീ. സുരേഷ്ഗോപിക്ക് സൗകര്യം ചെയ്ത് കൊടുത്തത്. ജനയുഗം ലേഖനം എന്റെ അടുത്തുണ്ട്. അങ്ങയോട് പറയുമ്പോൾ അങ്ങ് നിഷേധിക്കുമെന്ന് എനിക്കറിയാം. ജനയുഗം ലേഖനത്തിൽ വ്യക്തമായി അക്കാര്യത്തെക്കുറിച്ച് പറയുന്നുണ്ട്. ലേഖനം അവസാനിക്കുന്നത് ഇങ്ങനെയാണ് - മതനിരപേക്ഷ കേരളത്തിൽനിന്നും ബി.ജെ.പി.-ക്ക് പാർലമെന്റിലേയ്ക്ക് അക്കൗണ്ട് തുറക്കാൻ നടത്തിയ ആസൂത്രണ ഗൂഢാലോചനയാണോ ഇതെന്ന് അറിയാൻ ജനങ്ങൾക്ക് താൽപര്യമുണ്ട്. ഇത് ജനയുഗത്തിന്റെ നിലപാടാണോ; അതോ സി.പി.ഐ.-യുടെ നിലപാടാണോ? സി.പി.ഐ.-യും ശ്രീ. വി. എസ്. സുനിൽ കുമാറും നിരന്തരം ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത് എന്താണ്? എനിക്കുശേഷം ശ്രീ. പി. ബാലചന്ദ്രൻ സംസാരിക്കുന്നുണ്ട്; അദ്ദേഹത്തിന് മറുപടി പറയാൻ സാധിക്കുമല്ലോ? ബി.ജെ.പി.-ക്ക് വിജയിക്കുവാനും അവർക്ക് അക്കൗണ്ട് തുറക്കാനുമുള്ള അവസരം ചെയ്തുകൊടുത്തത് അവിടത്തെ പോലീസും

ഭരണസംവിധാനവുമാണെന്ന കാര്യത്തിൽ സി.പി.ഐ. ഇപ്പോഴും ഉറച്ചുനിൽക്കുന്നുണ്ടോ? ഇത്തരത്തിലുള്ള വളരെ ഗൗരവമായ കാര്യങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. എന്താണ് ഇതിന്റെ പിന്നിലുള്ള കാര്യം, ഗൂഢാലോചനയെന്ന് പറയുന്നതെന്താണ്? ഇവിടെ ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞല്ലോ, അമ്പലങ്ങളിലെ ആഘോഷത്തിൽ പോലീസ് കയറിയതാണോ പ്രശ്നമെന്ന്. തൃശ്ശൂർപൂരം പോലെയുള്ള വലിയ ആഘോഷം നടക്കുമ്പോൾ ആസൂത്രിതമായി ഒരു വർഷം മുമ്പുതന്നെ എ.ഡി.ജി.പി., ആർ.എസ്.എസ്. സെക്രട്ടറിയെ കണ്ടുവെന്നാണ് പറയുന്നത്. പൂരം കലക്കാൻ പൂരത്തിനുശേഷം കണ്ടിട്ട് കാര്യമുണ്ടോ. പൂരം കലക്കണമെങ്കിൽ പൂരത്തിന് മുമ്പുതന്നെ കാണണ്ടേ? പൂരത്തിന് മുമ്പുതന്നെ അദ്ദേഹം കണ്ടു, വെറുതെ കണ്ടതല്ല. ഇപ്പോൾ പറയുന്നതെന്താ; ശ്രീ. ഇ. പി. ജയരാജനെ ഇടതുമുന്നണി സ്ഥാനത്തുനിന്ന് മാറ്റാൻ കാരണം അദ്ദേഹം ശ്രീ. പ്രകാശ് ജാവദേക്കർ-നെ കണ്ടതുകൊണ്ടാണ് എന്നാണ്. ആരാണയാൾ? കേരളത്തിൽ ബി.ജെ.പി.-യെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രത്തിലെ ബി.ജെ.പി. നേതൃത്വം കേരളത്തിൽ ചുമതലപ്പെടുത്തിയ വ്യക്തിയാണ് ശ്രീ. പ്രകാശ് ജാവദേക്കർ.

'പ്രഭാരി' എന്നുപറയുന്നത് ബി.ജെ.പി.-യെ ശക്തിപ്പെടുത്താള്ള ആളാണ് അല്ലാതെ സി.പി.ഐ.(എം)-നെ ശക്തിപ്പെടുത്തുന്ന ഉത്തരവാദിത്വവുമായി വന്നയാളല്ല. അങ്ങനെയുള്ള പ്രഭാരിയെ എന്തിനാണ് ശ്രീ. ഇ. പി. ജയരാജൻ കാണാൻ പോയത്? അദ്ദേഹത്തെ ആ സ്ഥാനത്തുനിന്ന് നീക്കിയത് അതുമായി ബന്ധപ്പെട്ടല്ലെന്നാണ് ഇപ്പോൾ പറയുന്നത്. അദ്ദേഹം കണ്ടു, അതിനുശേഷം എ.ഡി.ജി.പി. സെക്രട്ടറിയെ കണ്ടു, ആർ.എസ്.എസ്. നേതാക്കളെ കണ്ടു. ഇതിന്റെയെല്ലാം ആസൂത്രണത്തിന്റെ ഫലമെന്ന് പറയുന്നത് പൂരം കലക്കിയിട്ടാണെങ്കിലും ബി.ജെ.പി.-ക്ക് ഒരു സീറ്റ് കൊടുക്കണമെന്നാണ്. എന്തിനുവേണ്ടിയാണ്? എന്തെല്ലാം കേസ്സുകളാണ് കേരളത്തിലുള്ളത്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ കേസ്സുകൾ നേരിട്ട ഒരു ഗവൺമെന്റ് ഉണ്ടായിട്ടുണ്ടോ. ആ കേസ്സുകൾ എന്താണ് മുന്നോട്ടുപോകാത്തത്. ഒമ്പത് കോടിയുടെ കേസാണ് ലൈഫ് മിഷൻ കേസ്.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്... ശ്രീ. എ. പി. അനിൽ കുമാർ, സമയം....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇപ്പോൾ അവസാനിപ്പിക്കാം. ഒട്ടനവധി കേസുകൾ ഇന്ന് കേന്ദ്ര ഗവൺമെന്റ് ഏജൻസികൾ

അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ആ കേസ്സുകൾ മുന്നോട്ടുപോകാതെയിരിക്കാൻ നിങ്ങൾ വെള്ളിത്താലത്തിൽ വച്ചുകൊടുത്ത പാരിതോഷികമാണ് തൃശ്ശൂർ സീറ്റ്. തൃശ്ശൂർ സീറ്റ് ബി.ജെ.പി.-ക്ക് വിട്ടുകൊടുത്തതാണെന്നതിൽ യാതൊരു സംശയവുമില്ല. ... (മൈക്ക് ഓഫ്)

ശ്രീ. പി. ബാലചന്ദ്രൻ: സർ, .....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): (മൈക്ക് ഓഫ്)

മി. സ്പീക്കർ: ശ്രീ. കടകംപള്ളി സുരേന്ദ്രൻ വഴങ്ങിയതുകൊണ്ടാണ് കൊടുത്തത്. അതുപോലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും കൊടുത്തിട്ടുണ്ട്. അങ്ങനെ ആരോപണം ഉന്നയിക്കരുത്. നാൽപ്പത് സെക്കന്റ് അധികം കൊടുത്തു. പ്രതിപക്ഷനേതാവ് അങ്ങനെ സംസാരിക്കരുത്. അങ്ങ് സംസാരിച്ചോളൂ.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എ. പി. അനിൽ കുമാർ എന്നിവർ തൃശ്ശൂർ പൂരം സംഭവവുമായി ബന്ധപ്പെട്ട ചില അർധസത്യങ്ങളാണ് ഇവിടെ പറഞ്ഞത്. ഒരു കാര്യത്തിൽ സന്തോഷമുണ്ട്; ജനയുഗം നിത്യേന വായിക്കുന്നത് നല്ലതാണ്. ഇത്തരം

സംഭവങ്ങൾ അവതരിപ്പിക്കാനെങ്കിലും അവർക്കത് ഉപകരിക്കുമല്ലോ. ആരോ എഴുതി കൊടുത്ത എന്തോ സംഭവങ്ങളാണ് അവർ ഇവിടെ സംസാരിച്ചത്. എന്താണ് തൃശ്ശൂർ പൂരത്തിന് സംഭവിച്ചത്, ആരാണ് തൃശ്ശൂർ പൂരം സംഭവവുമായി ബന്ധപ്പെട്ട് എല്ലാവരും വിശ്വസിക്കുന്നതുപോലെ ഒരു ഗൂഢാലോചനയ്ക്ക് ഒരുങ്ങിയത്? സത്യസന്ധമായി പരിശോധിച്ചാൽ നാല് പ്രധാന പരിപാടികളാണ് തൃശ്ശൂർ പൂരത്തിലുള്ളത്. ഒന്ന്, ലോകത്തിലെ ഏറ്റവും വലിയ സിംഫണി ആയിട്ടുള്ള ഇലഞ്ഞിത്തറമേളം. രണ്ട്, ചേതോഹരമായിട്ടുള്ള കുടമാറ്റം, മൂന്ന്, മഠത്തിൽ വരവ് എന്നറിയപ്പെടുന്ന നടപ്പാണ്ടിയും പഞ്ചവാദ്യവുമായി പഴയ നടക്കാവിൽനിന്ന് തിരുവമ്പാടിയുടെയും പാറമേക്കാവിന്റെയും സംയുക്തമേള സംരംഭങ്ങൾ, മറ്റൊന്ന് ഏറ്റവും അവസാനം നടക്കുന്ന വെടിക്കെട്ട്, ഘടകപൂരങ്ങളുടെ വരവ് ഇതാണ് തൃശ്ശൂർ പൂരം. തൃശ്ശൂർ പൂരത്തിന്റെ ദൈർഘ്യം 36 മണിക്കൂറാണ്. ദശാബ്ദങ്ങളായി ശക്തൻ തമ്പുരാൻ ഡിസൈൻ ചെയ്തിട്ടുള്ള സമയക്രമം അനുസരിച്ച് നടക്കുന്ന ചേതോഹരമായ പൂരം അന്ന് രാത്രി 3.30-ന് ചില ആലോചനകളുടെ ഫലമായി ആരോ തകർക്കാൻ ശ്രമിക്കുകയാണ്. അത് ആരാണെന്ന് അന്വേഷിക്കണമെന്ന്

ഇടതുപക്ഷവും അതുപോലെതന്നെ എല്ലാ രാഷ്ട്രീയ പാർട്ടികളും ഇപ്പോൾ ആവശ്യപ്പെടുന്നുണ്ട്. എന്താണ് അവിടെ സംഭവിച്ചത്? ആർ.എസ്.എസ്.-മായിട്ട് ഇതിനുള്ള ബന്ധത്തെക്കുറിച്ച് ഇവർ പറയുന്നില്ല. 3.30-ന് നടപന്തലിലെ വെളിച്ചം അണയ്ക്കാൻ ഉത്തരവിടുന്നതിനുമുമ്പ് അവിടെ നാമജപ ഘോഷയാത്ര നടത്തി. ശബരിമല പതിനെട്ടാം പടിയിൽ തിരിഞ്ഞുനിന്ന് ജനങ്ങളോട് സമരാഹ്വാനം നടത്തിയ വത്സൻ തില്ലങ്കേരിയെന്ന കുപ്രസിദ്ധനായ ആർ.എസ്.എസ്. നേതാവ് നാമജപ ഘോഷയാത്രയുമായി തൃശ്ശൂരിൽ എങ്ങനെ എത്തിച്ചേർന്നു. എങ്ങനെയാണ് ആ സംഭവം ഉണ്ടായത്? ആ സംഭവം ഉണ്ടായതെങ്ങനെയെന്ന് അന്വേഷിക്കാനല്ല മറിച്ച് ആ സംഭവത്തിന്റെ ഉത്തരവാദിത്വം മറ്റു ചിലരിലേക്ക് മറിച്ചുകെട്ടാനാണ് ഇവിടെ പ്രതിപക്ഷം ശ്രമിക്കുന്നത്. എന്താണ് സംഭവിച്ചത്? വത്സൻ തില്ലങ്കേരിയുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള നാമജപഘോഷയാത്രയിൽ എന്താണ് സംഭവിച്ചത്? ഇലക്ഷൻ പ്രഖ്യാപിച്ച് ഇലക്ഷന്റെ മധ്യത്തിൽ പൂരം നടക്കുന്നതിനാലും അവിടെ പ്രോട്ടോക്കോൾ നിലനിൽക്കുന്നതിനാലും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജന് പൂരത്തിന്റെ എല്ലാ

ഘട്ടങ്ങളിലും ഇടപെടുന്നതിനുള്ള സൗകര്യം നിഷേധിച്ചു. മുൻകാലങ്ങളിൽ പൂരവുമായി ബന്ധപ്പെട്ട് കളക്ടറുടെ നേതൃത്വത്തിൽ 8 കൂടിയാലോചനകൾ നടത്താറുണ്ട്. എന്നാൽ 8 കൂടിയാലോചനകളിലൊന്നിലും ജനപ്രതിനിധികൾക്ക് പങ്കെടുക്കാൻ സാധിച്ചില്ല. ഇത് ഒരവസരമായി കരുതികൊണ്ട് 3000 പോലീസുകാർ നിരന്നുനിൽക്കുന്ന കർശന ബന്തവസുള്ള പൂരനഗരിയിലേക്ക് ഒരാൾക്ക് പ്രവേശിക്കണമെങ്കിൽ അതിന് ചില ഉപായങ്ങൾ വേണം. അങ്ങനെ ആർ.എസ്.എസ്. സ്വീകരിച്ച ഉപായമായിരുന്നു അവിടേയ്ക്ക് സേവാഭാരതിയുടെ ആംബുലൻസിൽ ശ്രീ. സുരേഷ് ഗോപിയെ കൊണ്ടുവരികയെന്നുള്ളത്. എന്നാൽ നിങ്ങൾ അറിയേണ്ട വസ്തുത, അദ്ദേഹം അവിടെ എത്തിച്ചേരുന്നതിനുമുമ്പ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ സ്ഥാനാർത്ഥിയായ ശ്രീ. വി. എസ്. സുനിൽകുമാറും എത്തിച്ചേർന്ന് തിരുവമ്പാടി പാറമേക്കാവ് ദേവസ്വങ്ങളുമായി ചർച്ച ചെയ്ത് വെടിക്കെട്ട് നടത്താനുള്ള തീർപ്പിലെത്തിച്ചേരുകയും മറ്റെല്ലാകാര്യങ്ങളും നടത്തുകയും ചെയ്തു. അതിനുശേഷമാണ് നാടകത്തിന്റെ മുഖ്യസൂത്രധാരനായി അവിടേയ്ക്ക് ശ്രീ.

സുരേഷ് ഗോപി വരുന്നത്. ശ്രീ. സുരേഷ് ഗോപി വന്നതിനുശേഷം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും ശ്രീ. വി. എസ്. സുനിൽ കുമാറും അതുപോലെ യു.ഡി.എഫ്.-ന്റെ നേതാവും എത്തുമ്പോൾ പ്രതിഷേധ മുദ്രാവാക്യം വിളിക്കുന്നതിനുവരെ ആളുകളെ തയ്യാറാക്കിനിർത്തിയിരുന്നു; അതെങ്ങനെ സംഭവിച്ചു? ശബരിമലയിൽ സംഭവിച്ചതുപോലെ അവിടെയും ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ ഗൂഢാലോചന നടത്തിയിട്ടുണ്ടെങ്കിൽ അതിനെ എങ്ങനെയാണ് നോക്കിക്കാണേണ്ടത്? രാഷ്ട്രീയ വകതിരിവില്ലാത്ത പ്രതിപക്ഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുനേരെ സഭയിൽ വിരൽ ചൂണ്ടുമ്പോൾ ഞങ്ങൾ ആത്മാർഥമായി പറയുന്നു അവിടെയുണ്ടായിരുന്ന പ്രതിസന്ധി രണ്ട് ദേവസ്വങ്ങളുടെയും എക്സിബിഷനുമായി ബന്ധപ്പെട്ടാണ്. പ്രസ്തുത വിഷയത്തിൽ സ്വമേധയാ കേസ്സെടുത്ത ഹൈക്കോടതിയുടെ വിധിയനുസരിച്ച് തറവില നിശ്ചയിക്കുന്നതിൽ തർക്കം നിലനിൽക്കുമ്പോൾ രണ്ട് ദേവസ്വങ്ങളും പൂരത്തിന് ഒരാഴ്ച മുമ്പുതന്നെ വിസമ്മതം പ്രകടിപ്പിച്ച് മാറിനിൽക്കുകയാണ് ചെയ്തത്. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഓൺലൈൻ മുഖാന്തരം

രണ്ട് യോഗങ്ങൾ വിളിച്ചുചേർത്ത് തറവില കൂട്ടി നൽകരുതെന്നും പഴയ തറവില നൽകിയാൽ മതിയെന്നുംപറഞ്ഞ് പ്രശ്നപരിഹാരം കാണുകയും രണ്ട് ദേവസ്വങ്ങളെയും അനുനയിപ്പിച്ച് പൂരം നടത്താനുള്ള സുഗമമായ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തത്.

പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തിനുശേഷം കേരളത്തിൽ PESO(Petroleum and Explosives Safety Organisation)-യുടെ നിയമമനുസരിച്ചാണ് ആൾക്കൂട്ടത്തെ നിയന്ത്രിക്കുന്നത്. വെടിക്കെട്ട് നടക്കുന്ന സ്ഥലത്തുനിന്നും 100 മീറ്റർ മാറിനിൽക്കണമെന്ന നിയമം കഴിഞ്ഞ 4 വർഷങ്ങളായി  തൃശ്ശൂർ പൂരത്തിൽ കർശനമായി പാലിക്കപ്പെടുന്നുണ്ട്. പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തെ തുടർന്ന് PESO ഏർപ്പെടുത്തിയ കർശനമായ നിയമങ്ങൾ പാലിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട് തൃശ്ശൂരിൽ പൂരം ആസ്വാദകരും അതുപോലെതന്നെ പൂരം നടത്തിപ്പുകാരും തമ്മിൽ വൈരുധ്യം നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇടതുപക്ഷം പലതവണ ഹൈക്കോടതിയെ സമീപിച്ചിരുന്നു. കേസ് ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന സന്ദർഭത്തിൽ പൂരത്തിൽനിന്ന്

എന്തെങ്കിലും ലഭിക്കുമോയെന്ന് ശ്രമിച്ച് അതിൽ പരാജയപ്പെട്ടത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ നേരിടുന്നതിനുവേണ്ടി വടകരയിൽനിന്ന് തൃശ്ശൂരിലേയ്ക്ക് ഇറക്കുമതി ചെയ്ത ശ്രീ. കെ. മുരളീധരനാണ്. അദ്ദേഹം എത്ര വോട്ടിനാണ് പരാജയപ്പെട്ടത്; മൂന്നാം സ്ഥാനത്തേയ്ക്ക് എത്തിയത് എങ്ങനെ? അടുത്ത ദിവസം ഡി.സി.സി. ഓഫീസിൽ നടന്ന കയ്യാങ്കളിക്കുശേഷം ഡി.സി.സി. പ്രസിഡന്റിന്റെ സ്ഥാനം നഷ്ടപ്പെടുകയും പകരം പാലക്കാട് നിന്നുമുള്ള ശ്രീ. വി. കെ. ശ്രീകണ്ഠനെ പ്രതിഷ്ഠിക്കുകയും ചെയ്തു. കോൺഗ്രസിന് അകത്തെ പ്രശ്നങ്ങൾ കഴിഞ്ഞോ; ശ്രീ. കെ. മുരളീധരൻ എങ്ങനെയാണ് മൂന്നാം സ്ഥാനത്തേയ്ക്ക് തെറിച്ചത്? ശ്രീ. കെ. മുരളീധരൻ, പിറന്നതും പിച്ചവച്ചതുമായ നാടല്ലേയത്. അദ്ദേഹത്തിന്റെ അച്ഛൻ പടുത്തുയർത്തിയ 'മുരളി മന്ദിരം' പൂങ്കുന്നം നഗരഹൃദയത്തിലല്ലേ സ്ഥിതി ചെയ്യുന്നത്; പൂരവുമായി ശ്രീ. കെ. മുരളീധരന് ബന്ധമില്ലേ? എന്നിട്ട് ഇടതുപക്ഷത്തിന്റെ തലയിൽ വയ്ക്കാമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്. തൃശ്ശൂരിലെ ജനങ്ങളും യു.ഡി.എഫ്.-കാരും പൂരപ്രേമികളായതുകൊണ്ട് അവർ തെറ്റിദ്ധരിച്ച്, ശ്രീ. കെ. മുരളീധരനെ മൂന്നാം സ്ഥാനത്തേയ്ക്ക് മാറ്റിയെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്.

അദ്ദേഹത്തിന്റെ വർണ്ണമഞ്ഞ അമിട്ട് പൊട്ടിയതുകണ്ട് ആഹ്ലാദിക്കുന്ന ആരെങ്കിലും പ്രതിപക്ഷനിരയിൽ ഇരിക്കുന്നുണ്ടെങ്കിൽ ...... അദ്ദേഹത്തിന്റെ അമിട്ടിന് അടിമരുന്നിട്ട് കൊടുത്തിരുന്ന, മുൻ പ്രതിപക്ഷ നേതാവാണ് അദ്ദേഹത്തിന്റെ അടുത്തിരുന്ന് പറഞ്ഞുകൊടുത്തിരുന്നത്. അതുതന്നെ പറഞ്ഞിരുന്നുവെങ്കിൽ അതിൽ ചില പോയിന്റുകൾ ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹം അത് ശ്രദ്ധിച്ചില്ല. അദ്ദേഹത്തിന്റെ മുഴുവൻ ശ്രദ്ധയും ഇടതുപക്ഷത്തെയും മുഖ്യമന്ത്രിയെയും വേവലാതിപ്പെടുത്തുന്നതിലായിരുന്നു.

തൃശ്ശൂർ പൂരം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് രൂപകൽപ്പന നൽകുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുള്ള സി.പി.ഐ.-യുടെ നേതാവ് സഖാവ് കെ. കെ. വാരിയർ അടക്കം തെക്കോട്ടിറക്കത്തിൽ കൊട്ടിനൊപ്പം തലയാട്ടിനിന്ന് പൂരത്തിന് നേതൃത്വം കൊടുത്ത എ. എസ്. എൻ. നമ്പീശനും അതുപോലെതന്നെ നിരവധി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കളും ആ തൃശ്ശൂർ പൂരത്തിന്റെ മുന്നിൽ നടന്നവരും നയിച്ചവരുമാണ്. ചെമ്പോട്ടിൽ തറവാടിനെക്കുറിച്ച് നിങ്ങൾക്ക് അറിയുമോ? ചെമ്പോട്ടിൽ തറവാട്ടിലേക്ക് വടക്കുംനാഥനിൽനിന്ന് കിട്ടിയ

പടച്ചോറ് പകുത്തുണ്ട് വളർന്നവരാണ് തൃശ്ശൂരിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമെന്ന് മറക്കേണ്ട? കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഒരിക്കലും തൃശ്ശൂർ പൂരത്തിന്റെ കൂടെയല്ലാതെ നിൽക്കുകയില്ല. അങ്ങനെ ഒരു പാർട്ടിയെയും പ്രസ്ഥാനത്തെയും തൃശ്ശൂരിലെ സാംസ്കാരിക പ്രസ്ഥാനങ്ങളെയും ആകെ അവമതിക്കുന്ന രീതിയിൽ മുന്നോട്ടുപോകാനാണ് യു.ഡി.എഫ്. ശ്രമിക്കുന്നതെങ്കിൽ കാലം കരുതിവച്ചിട്ടുള്ള എല്ലാ കണക്കുതീർപ്പുകൾക്കും നിങ്ങൾ നിന്നുകൊടുക്കേണ്ടിവരുമെന്ന് സവിനയം ഞാൻ പറയുകയാണ്. തൃശ്ശൂർ പൂരം കലക്കിയതിനുപിന്നിൽ വത്സൻ തില്ലങ്കേരിമാരും ആർ.എസ്.എസ്.-ന്റെ ഗുഢസംഘങ്ങളും ഉണ്ട്. ആർ.എസ്.എസ്. ഗുഢസംഘങ്ങൾക്കും വത്സൻ തില്ലങ്കേരിമാർക്കും കുളം കലക്കാൻ അവസരമുണ്ടാക്കി നൽകിയത് ആരാണെന്ന് അന്വേഷിക്കാനും കുറ്റവാളികളെ പുറത്തുകൊണ്ടുവരാനും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സാധിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ (മൈക്ക് ഓഫ്) .... പൂരം മുന്നോട്ട് കൊണ്ടുപോകും എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. അനൂപ് ജേക്കബ്: സർ, സാംസ്കാരിക കേരളത്തിനുണ്ടായ ഏറ്റവും വലിയ മുറിവുകളിൽ ഒന്നാണ് തൃശ്ശൂർ പൂരം ചരിത്രത്തിൽ ആദ്യമായി അലങ്കോലപ്പെട്ടത്. ഇതിന്റെ പിന്നിൽ വളരെ വ്യക്തമായ ഗൂഢാലോചനയുണ്ട്. പോലീസിനും ആഭ്യന്തര വകുപ്പിനും വീഴ്ച സംഭവിച്ചുവെന്ന് സി.പി.ഐ.യുടെ എൽ.ഡി.എഫ്. സ്ഥാനാർഥിയായ ശ്രീ. വി. എസ്. സുനിൽ കുമാർ വിവിധ മാധ്യമങ്ങളിലൂടെ പറഞ്ഞിട്ടുണ്ട്. അതുതന്നെയാണ് ഞങ്ങളും പറയുന്നത്, ഈ ഗുരുതരമായ വീഴ്ച എങ്ങനെ സംഭവിച്ചു? അതിനുപിന്നിൽ വളരെ കൃത്യമായ ഗൂഢാലോചനയാണുണ്ടായത്. തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് അവിടെ നടത്തിയ ഉന്നതതല യോഗത്തിൽ, കാലാകാലങ്ങളായി പോലീസ് നടത്തിവരുന്ന പൂരം ക്രമീകരിച്ച് മുന്നോട്ടുപോകുന്നതിനുള്ള ആക്ഷൻ പ്ലാൻ ആരോപണവിധേയനായ എ.ഡി.ജി.പി. അജിത് കുമാർ മാറ്റുകയാണ് ചെയ്തത്. അദ്ദേഹത്തിന്റെ നിർദേശപ്രകാരമാണ് പുതിയ പ്ലാൻ സ്വീകരിച്ചതെന്ന് പോലീസ് അക്കാദമിയുടെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യമാണ്. എ.ഡി.ജി.പി. വളരെ കൃത്യമായ പ്ലാൻ നിർദേശിക്കുകയും അതനുസരിച്ച് കൂടുതൽ നിയന്ത്രണങ്ങൾ തൃശ്ശൂർ പൂരത്തിലേയ്ക്ക് കൊണ്ടുവരികയും ചെയ്തു.

ബാരിക്കേഡുകൾ സ്ഥാപിച്ച് അനാവശ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. പൂരം പ്രേമികൾ പ്രശ്നക്കാരാണെന്ന നിലയിലേയ്ക്ക് ഈ വിഷയത്തെ കൊണ്ടുവരികയും അത് മറ്റൊരു തലത്തിലേക്ക് കടന്ന് അവിടെ അലങ്കോലപെടുന്ന സ്ഥിതിയിലേയ്ക്ക് എത്തിച്ചേരുകയും ചെയ്തു. അതുകൊണ്ടാണ് ഇതുസംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം ആവശ്യമാണെന്ന് പറയുന്നത്. ഇക്കാര്യത്തിൽ റിപ്പോർട്ട് നൽകാൻ എ.ഡി.ജി.പി.-ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദേശം നൽകയെന്നാണ് പിന്നീട് അറിയാൻ സാധിച്ചത്. എ.ഡി.ജി.പി. ഒരാഴ്ച കൊണ്ട് റിപ്പോർട്ട് നൽകണമെന്ന് പറഞ്ഞിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും റിപ്പോർട്ട് ലഭിച്ചില്ല. ആരോപണവിധേയനായ ഉദ്യോഗസ്ഥൻ തന്നെ അന്വേഷണം നടത്തിയാൽ ഇതിന്റെ കൃത്യമായ വിവരങ്ങൾ എങ്ങനെ പുറത്തുവരും? അതുകൊണ്ടാണ് ഇതിനെ സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞങ്ങൾ പറയുന്നത്. ഇവിടെ എല്ലാ വിഷയങ്ങളും ചർച്ച ചെയ്യുന്നുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഒന്നര മണിക്കൂർ ഇവിടെ പ്രസംഗിച്ചു. അദ്ദേഹം ഒരു മണിക്കൂറോ രണ്ട് മണിക്കൂറോ പ്രസംഗിച്ചാലും റിസൾട്ടുണ്ടാകണം. ആ റിസൾട്ടാണ് ഞങ്ങൾ

ആവശ്യപ്പെടുന്നത്. ഇതിന്റെ കൃത്യമായ വിവരങ്ങൾ ജനസമൂഹത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ സാധിക്കുന്ന സുതാര്യമായ അന്വേഷണത്തിലേയ്ക്ക് ഗവൺമെന്റിന് മുന്നോട്ടുപോകാൻ ജുഡീഷ്യൽ അന്വേഷണത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. അത് നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ശ്രീ. കെ. പ്രേംകുമാർ: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി ഇന്നലെ പ്രതിപക്ഷം ഉന്നയിച്ചതും അതിലൂടെ സ്ഥാപിക്കാൻ പരിശ്രമിച്ചതും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുസ്ലീം വിരുദ്ധരും മലപ്പുറം വിരുദ്ധരുമാണെന്ന് വരുത്തിത്തീർക്കാനാണ്. ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ ശ്രമിക്കുന്നത് ഈ ഗവൺമെന്റ് പൂരം വിരുദ്ധരും ഹിന്ദുവിരുദ്ധരുമാണെന്ന് വരുത്തിത്തീർക്കാനാണ്. ഒരുപക്ഷെ നാളെ വരാവുന്ന നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഈ ഗവൺമെന്റ് ക്രിസ്ത്യൻ വിരുദ്ധരും പെരുന്നാൾ വിരുദ്ധരുമാണെന്ന് വരുത്തിത്തീർക്കാനാണോയെന്ന് ന്യായമായും സംശയിക്കുകയാണ്. എന്താണ് ഇന്നത്തെ ഇവരുടെ നടപടികൾ

നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലെ വിഷയം? ആസൂത്രിതമായ പൊലീസ് ഇടപെടൽമൂലം തൃശ്ശൂർ പൂരം അലങ്കോലപ്പെട്ട സംഭവത്തിൽ ഇപ്പോൾ നടക്കുന്ന പോലീസന്വേഷണം പ്രഹസനമായ സാഹചര്യത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കേണ്ടതുസംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നതാണ്. ജുഡീഷ്യൽ അന്വേഷണവും ഇപ്പോൾ പ്രഖ്യാപിച്ച ത്രിതല അന്വേഷണവും തമ്മിലുള്ള വ്യത്യാസമെന്താണ്? ത്രിതല അന്വേഷണം നടത്തിയാൽ ഇതിന്റെപിന്നിൽ ഏതെങ്കിലും നിലയിലുള്ള ഗൂഢാലോചന നടന്നിട്ടുണ്ടോയെന്നും ഇതിൽ പോലീസിന് പങ്കുണ്ടോയെന്നും പരിശോധിച്ച് പ്രത്യേക അന്വേഷണസംഘം നടത്തിയ അന്വഷണ റിപ്പോർട്ട് പുറത്തുവന്നാൽ അതിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. ഇടാനും കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിക്കാനും സാധിക്കും. എന്നാൽ ഈ നടപടികൾ ജുഡീഷ്യൽ അന്വേഷണത്തിന്റെ ഭാഗമായുണ്ടാകുകയില്ല, അത് ശിപാർശ ചെയ്യാൻ മാത്രം കഴിയുന്ന ഒന്നാണ്. അത്തരം ഒരു അന്വേഷണം വന്നാൽ ആരായിരിക്കും കുറ്റക്കാരെന്ന് പത്രങ്ങളിൽ വാർത്ത വന്നല്ലോ, അത് നിഷേധിക്കാൻ കഴിയുമോ? ശ്രീ. വത്സൻ തില്ലങ്കേരി, ബി.ജെ.പി. നേതാവായ

ശ്രീ. ബി. ഗോപാലകൃഷ്ണൻ, കോൺഗ്രസ് നേതാവായ ശ്രീ. ഗിരീഷ് കുമാർ എന്നിവർ നടത്തിയ ഗൂഢാലോചനയുടെ ഫലമല്ലേ കാര്യങ്ങളെ ഈ നിലയിലേക്കെത്തിച്ചത്, ഇതിന്റെ പിന്നിലുള്ള രാഷ്ട്രീയതാൽപര്യമെന്താണ്? ഉപക്ഷേപാവതാരകൻ ഇവിടെ എട്ട് കാരണങ്ങൾ സൂചിപ്പിച്ചുകൊണ്ടാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം തുടങ്ങിയത്. എന്നാൽ രണ്ട് കാരണങ്ങൾ കഴിഞ്ഞപ്പോൾ കാരണങ്ങൾക്ക് നമ്പറില്ല. അദ്ദേഹം പറയുന്ന എട്ട് കാരണങ്ങളും പൊട്ടയാണെന്ന് തിരിച്ചറിയുന്നതാണ് നമുക്ക് ബോധ്യമാകുന്ന കാര്യം. അദ്ദേഹം പറഞ്ഞ ഒരു പൊട്ടന്യായം കേരളത്തിലെ കോൺഗ്രസിനെയാകെ അപമാനിക്കുന്നതാണ്. പൂരം കാണാൻ പോയ കോൺഗ്രസ് അനുഭാവികൾ സേവാഭാരതിയുടെ ആംബുലൻസിൽ വന്ന് ഹീറോ ആയ ശ്രീ. സുരേഷ് ഗോപിക്ക് വോട്ട് ചെയ്തുകൊണ്ടാണ് ഞങ്ങളുടെ 86000 വോട്ടുകൾ നഷ്ടപ്പെട്ടതെന്ന് സഭയിൽപ്പറയാനുള്ള അവിവേകവും അപക്വവുമായി കോൺഗ്രസ് ഇത്രമാത്രം അധഃപതിച്ച രീതിയെന്താണെന്ന് ഇതിന്റെ ഭാഗമായി മനസ്സിലാകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ച പുരാണമാണ്

ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇവിടെ വായിച്ചതെന്ന് ബഹുമാനപ്പെട്ട വണ്ടൂർ അംഗം പറയുകയുണ്ടായി. XXX XXX XXX+

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.... അത്തരം വ്യക്തിപരമായ പരാമർശങ്ങളിലേക്ക് പോകേണ്ട.

ശ്രീ. കെ. പ്രേംകുമാർ: ആ പുരാണം ഈ നാടിന് നന്നായിട്ടറിയാമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ഒരു അംഗം മറ്റൊരു അംഗത്തെക്കുറിച്ച് ഇത്തരത്തിലുള്ള ആരോപണം ഉന്നയിക്കുന്നത് സഭയുടെ മര്യാദയ്ക്ക് നിരക്കുന്നതല്ല. അത് രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: ഇടപെട്ടല്ലോ. പരിശോധിച്ച് തീരുമാനിക്കാം. വ്യക്തിപരമായ പരാമർശങ്ങളിലേക്ക് പോകേണ്ട.

ശ്രീ. കെ. പ്രേംകുമാർ: സർ, വ്യക്തിപരമെന്നുപറഞ്ഞാൽ കേരളത്തിന്റെ മുഖ്യമന്ത്രിക്ക് വ്യക്തിത്വമില്ലേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ച്

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫ.നം.17374/ഇ.ബി./2024/ലെജി. തീയതി 15/10/2024) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

ബഹുമാനപ്പെട്ട അംഗം ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇവിടെ പറഞ്ഞതിൽ വസ്തുതയില്ലെന്ന് പറഞ്ഞാൽ മനസ്സിലാക്കാം. അദ്ദേഹം മുഖ്യമന്ത്രിയെ സംബന്ധിച്ച് ഇവിടെ പറഞ്ഞത് അവാസ്തവമാണോ, തെറ്റാണോ? അതാണോ പുരാണമെന്ന് പറഞ്ഞ് ആക്ഷേപിക്കേണ്ടത്. മുഖ്യമന്ത്രിക്ക് വ്യക്തിത്വമില്ലേ, മുഖ്യമന്ത്രിയുടെ വ്യക്തിത്വം ഹനിക്കപ്പെടുമ്പോൾ ബഹുമാനപ്പെട്ട ചെയർ ഇടപെടണ്ടേ? സ്വാഭാവികമായും ഇക്കാര്യത്തിലും ചെയർ ആ നിലപാട് സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഞാൻ പറഞ്ഞതല്ല, സോളാർ കമ്മീഷന്റെ റിപ്പോർട്ട് പുറത്തുവന്നതാണ്. അതിൽ ബഹുമാനപ്പെട്ട വണ്ടൂർ അംഗത്തിന്റെ പേര് പരാമർശിക്കപ്പെട്ടിട്ടുണ്ട്. ആ പുരാണം ഈ സഭയിൽപ്പറയാൻ പറ്റില്ലെന്നാണ് ഞാൻ പറഞ്ഞത്. പൂരത്തിന്റെ പിറ്റേദിവസം അന്വേഷണം പ്രഖ്യാപിച്ചത് തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുമ്പോഴല്ലേ, തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുമ്പോൾ ഒരു സർക്കാരിനോ മുഖ്യമന്ത്രിക്കോ എന്ത് ചെയ്യാൻ സാധിക്കും? മാധ്യമപ്രവർത്തകരും ദേവസ്വവും ഉന്നയിച്ച പരാതിയെത്തുടർന്ന് പോലീസ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും മാറ്റുകയും ത്രിതല

അന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തു. കെ.പി.സി.സി. എന്തുചെയ്തു? തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട് കെ.പി.സി.സി.-യുടെ റിപ്പോർട്ടിൽ പൂരം കാണാൻ പോയ കോൺഗ്രസുകാർ ഹീറോ ആയ സുരേഷ് ഗോപിയെ കണ്ടതുകൊണ്ട് പരാജയപ്പെട്ടതെന്നാണോ കോൺഗ്രസിന്റെ വിലയിരുത്തൽ. നിങ്ങളൊരു രാഷ്ട്രീയ പാർട്ടിയല്ലേ; നിങ്ങൾ നിങ്ങളുടെ നിലപാട് പറയൂ. ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ വേഗം ആവേശംകൊണ്ട് പറഞ്ഞല്ലോ, അദ്ദേഹം സ്വീകരിക്കുന്ന നിലപാട് എന്താണ്? അദ്ദേഹം ഈ സഭയിൽ പ്രതിപക്ഷനേതാവായ സന്ദർഭത്തിൽ കോട്ടയം പ്രസ്സ് ക്ലബിലെ പ്രസ്സ് മീറ്റിൽ പറഞ്ഞത് സർഗാത്മക പ്രതിപക്ഷമായിരിക്കുമെന്നാണ്. എന്താണ് സർഗാത്മക പ്രതിപക്ഷം? കേരളം ഇന്നുവരെ കണ്ടതിൽവച്ച് ഏറ്റവും ധാർഷ്ട്യമുള്ള നേതാവായി കേരളത്തിന്റെ പ്രതിപക്ഷനേതാവ് മാറിയില്ലേ. കേരളത്തിന്റെ പ്രതിപക്ഷനേതാവ് വഴങ്ങുന്നുണ്ടോ? ഇന്നലെ ചർച്ചയുടെ സമയത്ത് അദ്ദേഹം നിരവധി തവണ എഴുന്നേൽക്കുകയും ആ സന്ദർഭത്തിലെല്ലാം ഇവിടെ വഴങ്ങുകയും ചെയ്തു, എന്നാൽ മന്ത്രിമാർ എഴുന്നേറ്റാൽ അദ്ദേഹം വഴങ്ങില്ല. അദ്ദേഹത്തിന് പ്രത്യേകമായ ഒരു

രീതിയുണ്ടെന്ന് ചൂണ്ടിക്കാണിക്കാനും അനുഭവത്തിൽ വരുത്താനുമാണ് ശ്രമിക്കുന്നത്. ഏവരെയും അദ്ദേഹത്തിന് പരമ പുച്ഛമാണ്, തന്നേക്കാൾ യോഗ്യതയുള്ള ആരും പ്രതിപക്ഷത്തോ ഭരണപക്ഷത്തോ ഇല്ലെന്ന നിലപാട് സ്വീകരിക്കുകയാണ്. അദ്ദേഹം സ്കൂളിൽ പഠിക്കുന്ന സമയത്ത് മുഖ്യമന്ത്രിയായിരുന്ന ആളാണ് ശ്രീ. എ. കെ. ആന്റണി. ഒരു പത്രസമ്മേളനത്തിൽ പ്രതിപക്ഷനേതാവായ ശ്രീ. വി. ഡി. സതീശനെ അദ്ദേഹം തിരുത്താൻ നോക്കിയപ്പോൾ ധാർഷ്ട്യത്തോടെ മൈക്ക് അടുത്ത് ചേർത്തുപിടിച്ച് മറുപടി പറഞ്ഞതും അന്ന് ശ്രീ. എ. കെ. ആന്റണി വേദനയോടെ എഴുന്നേറ്റുപോയതും നമ്മുടെ നാട് കണ്ടതാണ്. കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ ക്രിമിനൽ എന്നും അയാൾ എന്നും വിളിക്കാൻ പ്രതിപക്ഷ നേതാവ് തയ്യാറാകുന്നു. ഇതാണോ സർഗാത്മക പ്രതിപക്ഷം. ഇതാണോ പ്രതിപക്ഷനേതാവിന്റെ സമീപനം. മുഖ്യമന്ത്രിയെ അയാളെന്നും ക്രിമിനലെന്നും വിളിക്കുന്ന സാഹചര്യമാണ്. രാഷ്ട്രീയത്തിനപ്പുറം സൗഹൃദവും സമഭാവനയും പുലർത്തിയിരുന്ന അന്തരീക്ഷം ഈ സഭയിൽ നിലനിൽക്കേണ്ടതല്ലേ? അത്തരം കീഴ്വഴക്കങ്ങളെയെല്ലാം

കാറ്റിൽപ്പറത്തുന്ന സമീപനങ്ങളല്ലേ ഉണ്ടാകുന്നത്. ശ്രീ. ജോ ജോസഫ് തിരഞ്ഞെടുപ്പിൽ മത്സരിച്ച സന്ദർഭത്തിൽ കോൺഗ്രസ്സുകാർ പ്രചരിപ്പിച്ച വ്യാജ അശ്ലീല വീഡിയോയെക്കുറിച്ച് പറഞ്ഞത് ഇതുപോലെയുള്ള ദൃശ്യങ്ങൾ കിട്ടിയാൽ എല്ലാവരും പ്രചരിപ്പിക്കും, ആരാണ് പ്രചരിപ്പിക്കാത്തതെന്നുമാണ്. ഇതാണ് പ്രതിപക്ഷനേതാവിന്റെ ഏറ്റവും സർഗാത്മകമായ ഇടപെടലെന്നും യഥാർഥ സംസ്കാരം ഇതാണെന്നും തിരിച്ചറിയുകയാണ്. ശ്രീ. വി. ഡി. സതീശനെതിരെ വ്യക്തമായി തുറന്നടിച്ചുകൊണ്ട് എൻ.എസ്.എസ്.-ന്റെ ജനറൽ സെക്രട്ടറി സൂചിപ്പിക്കുകയുണ്ടായി. തിരഞ്ഞെടുപ്പുസമയത്ത് ശ്രീ. വി. ഡി. സതീശൻ പിന്തുണ തേടി തങ്ങളുടെ അടുത്തെത്തുമെന്നും കഴിഞ്ഞ തവണയും പിന്തുണ അഭ്യർഥിച്ചുവെന്നും പറഞ്ഞു. തിരഞ്ഞെടുപ്പിനുശേഷം ഒരു സമുദായത്തിന്റെയും പിന്തുണയിലല്ല താൻ ജയിച്ചതെന്ന് ശ്രീ. വി. ഡി. സതീശൻ പറഞ്ഞ സംഭവം സൂചിപ്പിച്ചത് ആവശ്യം കഴിഞ്ഞാൽ ആരെയും തള്ളിപ്പറയാൻ മടിയില്ലാത്ത നേതാവാണെന്ന് അദ്ദേഹത്തെ പറഞ്ഞത് എൻ.എസ്.എസ്.-ന്റെ ജനറൽ സെക്രട്ടറി അല്ലേ? ബഹുമാനപ്പെട്ട സ്പീക്കറുടെ ചെയറിൽനിന്നും മന്ത്രിയായ ശ്രീ. എം. ബി. രാജേഷിനെ സംബന്ധിച്ച്

അദ്ദേഹത്തിന്റെ നിലവാരം കുറഞ്ഞെന്നും ഇനിയും കുറഞ്ഞ് തറയാകാൻ സാധ്യതയുണ്ടെന്ന നിലയിലുള്ള അഭിപ്രായവും പ്രതിപക്ഷനേതാവ് പറഞ്ഞില്ലേ; സ്പീക്കറെപ്പോലും സമ്മർദ്ദത്തിലാക്കുന്ന സാഹചര്യമുണ്ടാകുന്നില്ലേ? മുൻമന്ത്രിയും ആദരണീയയുമായ ശ്രീമതി. ശ്രീമതി ടീച്ചറെ 'കിടുങ്ങാച്ചിയമ്മ' എന്നാണ് മീഡിയയ്ക്കുമുമ്പിൽ അദ്ദേഹം സംബോധന ചെയ്തത്. ഇത് ഏത് സർഗാത്മക പ്രതിപക്ഷപ്രവർത്തനത്തിന്റെ ഭാഗമാണ് എന്ന് വ്യക്തമാക്കണ്ടേ? അത്രമേൽ സ്ത്രീവിരുദ്ധത ഉള്ളിൽക്കൊണ്ടുനടക്കുന്ന ഒരാളിൽനിന്നും മാത്രംവരുന്ന ഒരു പ്രസ്താവനയാണിതെന്ന് നമുക്ക് തിരിച്ചറിയാൻ സാധിക്കും. ഇവിടെ ഇന്റലിജൻസിന്റെ പരാജയമാണോ, എ.ഡി.ജി.പി.-യുടെ പരാജയമാണോ, ഏതുനിലയിലും ഏതുമേഖലയിലുമുള്ള പരാജയമാണോ എന്നതിനെ സംബന്ധിച്ചും വസ്തുതയെന്താണെന്നതിനെ സംബന്ധിച്ചും കൃത്യമായ അന്വേഷണം നടത്താൻ കഴിവുള്ള ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഏതെങ്കിലും ഉദ്യോഗസ്ഥരുടെ നയങ്ങൾക്കും നിലപാടുകൾക്കുമനുസരിച്ച് തലയ്ക്കനുസരിച്ച് വാൽ ആട്ടുകയല്ലാതെ വാൽ ആട്ടുന്നതനുസരിച്ച് തലയാട്ടുന്നവരല്ല കേരളത്തിലെ

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റെന്ന് ഈ നാടിനെ അറിയുന്നവർക്ക് കൃത്യമായ ബോധ്യമുണ്ട്. ആ തെളിച്ചമാണ് നമുക്ക് മനസ്സിലാക്കാനാകുന്നത്. കേരളത്തിലെ ഇടതുപക്ഷത്തെ വളഞ്ഞിട്ട് ആക്രമിക്കുന്നവരും രാജ്യത്താകെ ഇടതുപക്ഷം ഇല്ലാതെയാകണമെന്ന് ആഗ്രഹിക്കുന്നവരുമാണ് അവർ. നമുക്കറിയാം, ഇന്നലെ ജമ്മു കാശ്മീരിൽ ബി.ജെ.പി.-യും ജമാഅത്തെ ഇസ്ലാമിയും ഒരുമിച്ച് നിന്നെതിർത്തിട്ടും സി.പി.ഐ.(എം.)-ന്റെ കേന്ദ്ര കമ്മിറ്റി അംഗം മുഹമ്മദ് യൂസഫ് തരിഗാമി ഏഴായിരത്തിൽപ്പരം വോട്ടിന്റെ വൻഭൂരിപക്ഷത്തിൽ വിജയിച്ചുവരുന്ന സാഹചര്യമാണുണ്ടായത്. വസ്തുതയെന്താണെന്ന് പുറത്തുവരട്ടെ, അതിൽ സ്വാഭാവികമായും നാട്ടിൽ യു.ഡി.എഫ്.-ന് പരാജയം സംഭവിക്കുമെന്ന കാര്യത്തിൽ തർക്കമില്ലെന്നുകൂടി സൂചിപ്പിക്കുന്നു.... (മൈക്ക് ഓഫ്)

<u>ശ്രീമതി കെ. കെ. രമ</u>: സർ, രാഷ്ട്രീയ ലാഭത്തിനുവേണ്ടി ജനങ്ങളെ മതത്തിന്റെയും ജാതിയുടെയും പേരിൽ ഭിന്നിപ്പിച്ച് വിഭജിക്കുന്ന ആർ.എസ്.എസ്. തന്ത്രമാണ് സി.പി.ഐ.(എം.) പുലർത്തുന്നത്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ വടകരയിൽ 'കാഫിർ സ്ക്രീൻഷോട്ട്' ഉണ്ടാക്കി

വർഗീയ മുതലെടുപ്പിനുശ്രമിച്ചത് അതിന്റെ ഉദാഹരണമാണ്. എന്റെ ജീവിത സഖാവായ ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകം വർഗീയ കൊലപാതകമാണെന്ന് വരുത്തിത്തീർക്കാനാണ് 'മാഷാ അല്ലാഹ് സ്റ്റിക്കറൊട്ടിച്ച വാഹനം കൊണ്ടുപോയത്. ആർ.എസ്.എസ്.-ഉം സി.പി.ഐ.(എം.)-ഉം തമ്മിലുള്ള ഒത്തുതീർപ്പ് രാഷ്ട്രീയത്തിന്റെ മറ്റൊരു ഏടാണ് ലോക്സഭാ തിരഞ്ഞെടുപ്പിൽ തൃശ്ശൂരിൽ അരങ്ങേറിയത്. ലോക്സഭാ തിരഞ്ഞെടുപ്പിൽ കേരളത്തിൽനിന്നുള്ള ആദ്യത്തെ ബി.ജെ.പി. എം.പി.-യെ സമ്മാനിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഏജന്റായി എ.ഡി.ജി.പി.-യെ ഉപയോഗപ്പെടുത്തിയതിന്റെ തെളിവുകൂടിയാണിത്. തൃശ്ശൂർ പൂരം കലക്കിയതുമായി ബന്ധപ്പെട്ട് ശ്രീ. പി. വി. അൻവർ രാഷ്ട്രീയമായി ഈ വിഷയം ഉന്നയിക്കുന്നതുവരെ ഒരു അന്വേഷണം നടത്തുന്നതിനോ വിശദീകരണം ആവശ്യപ്പെടുന്നതിനോപോലും തയ്യാറായില്ല. ഇപ്പോൾ ബഹുമാനപ്പെട്ട നിലമ്പൂർ എം.എൽ.എ. ശ്രീ. പി. വി. അൻവർ നിങ്ങൾക്ക് മോശക്കാരനാണ്. നിങ്ങളുടെ പാർട്ടിയിലുള്ളപ്പോൾ ഏത് വൃത്തികേട് ചെയ്താലും അതിനെ സംരക്ഷിക്കുകയും പാർട്ടിയിൽനിന്നും പുറത്തുപോയി നിങ്ങളെ

എതിർക്കുമ്പോൾ അതിനെ തള്ളിപ്പറയുകയും ചെയ്യുന്ന എന്ത് രാഷ്ട്രീയമാണ് നിങ്ങൾക്കുള്ളത്? 2019-ൽ ലഭിച്ച വോട്ടുകൾ എവിടെപ്പോയെന്നാണ് സി.പി.ഐ.(എം.) ചോദിക്കുന്നത്? 2021-ൽ തൃശ്ശൂർ ലോക്സഭാ മണ്ഡലത്തിലെ ഏഴ് നിയമസഭാ മണ്ഡലങ്ങളിൽ നിങ്ങൾക്ക് ലഭിച്ച വോട്ടുകൾ എവിടെപ്പോയെന്നും അത് ബി.ജെ.പി.-ക്ക് പോയിട്ടില്ല എന്നെങ്കിലും പറയാനുള്ള ധൈര്യം നിങ്ങൾക്കുണ്ടോ? ഒരാഴ്ചകൊണ്ട് അന്വേഷണറിപ്പോർട്ട് സമർപ്പിക്കുമെന്ന് പറഞ്ഞെങ്കിലും അഞ്ച് മാസത്തിനുശേഷമാണ് റിപ്പോർട്ട് സമർപ്പിച്ചത്. ആരോപണ വിധേയനായ എ.ഡി.ജി.പി.-യെക്കൊണ്ടാണ് അന്വേഷണം നടത്തിയത്. ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ വിശ്വാസ്യത തകർത്ത് ചില മേലാളന്മാരുടെ അജണ്ടകൾക്ക് നിങ്ങൾ നടത്തുന്ന അധാർമ്മികമായ രാഷ്ട്രീയം എത്ര മറച്ചുപിടിച്ചാലും മറഞ്ഞിരിക്കില്ല, സത്യം ഒരുനാൾ വെളിപ്പെടുത്തുകതന്നെ ചെയ്യും. അന്ന് നിങ്ങളുടെ ഇടതുപക്ഷ രാഷ്ട്രീയമെന്നുപറയുന്നത് രാഷ്ട്രീയ പിന്നാമ്പുറങ്ങളിലായിരിക്കുമെന്ന് മറക്കേണ്ട, അത്തരത്തിലുള്ള രാഷ്ട്രീയവുമായാണ് നിങ്ങൾ പോകുന്നത്. അഞ്ചുമാസം കൊണ്ട് പൂരം കലക്കിയതുമായി ബന്ധപ്പെട്ട അന്വേഷണം ഒരു ജൂഡീഷ്യൽ

അന്വേഷണമായി പ്രഖ്യാപിച്ച് യഥാർഥ കുറ്റക്കാർ ആരെന്ന് പുറത്തുകൊണ്ടുവരാൻ തയ്യാറാകണം.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, കഴിഞ്ഞ രണ്ടുദിവസങ്ങളിലായി പ്രതിപക്ഷം അവതരിപ്പിച്ച അടിയന്തരപ്രമേയങ്ങൾ ചർച്ചയ്ക്കെടുത്തതിലൂടെ കേരളീയ പൊതുസമൂഹത്തിൽ മാധ്യമങ്ങളുടെ സഹായത്തോടെ പ്രചരിപ്പിക്കപ്പെടുന്ന ഒരുപാട് അവാസ്തവങ്ങളുടെ പൊയ്മുഖം പിച്ചിച്ചീന്താൻ ഈ സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിനവസരം നൽകിയ പ്രതിപക്ഷത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. കഴിഞ്ഞദിവസവും ഇന്നും അടിയന്തരപ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ ശരീരഭാഷയും മുഖഭാവവും ശ്രദ്ധിക്കുകയായിരുന്നു. എനിക്കോർമ്മവന്നത് നാട്ടിൽ മഴയില്ലാത്ത വരൾച്ചക്കാലത്ത് നടന്ന ഒരു മതപ്രസംഗ സദസ്സാണ്. ചടങ്ങിന്റെ മുഖ്യകാർമ്മികൻ വീട് നിർമ്മിക്കാനായി മൺകട്ടകൾ ഉണക്കാനിട്ടിരുന്നു. എന്നാൽ, ഇയാൾ മഴയ്ക്കുവേണ്ടിയുള്ള ഉസ്താദിന്റെ പ്രാർത്ഥനയ്ക്ക് വലിയ ശബ്ദത്തിൽ " ആമീൻ - ഉത്തരം നൽകേണമേ" എന്നുപറഞ്ഞുകൊണ്ടിരുന്നു. ചടങ്ങ് കഴിഞ്ഞ് മടങ്ങുമ്പോൾ അദ്ദേഹത്തിന്റെ സുഹൃത്ത് ചോദിച്ചു, " അല്ല

ബീരാൻ ഹാജി, മഴ പെയ്താൽ നിങ്ങൾ ഉണക്കാനിട്ട മൺകട്ടകൾ കുതിർന്നുപോകില്ലേ;'' എന്ന്. അപ്പോൾ അദ്ദേഹം പറഞ്ഞു, '' ഞാൻ കൈ ഉയർത്തിയിരുന്നെങ്കിലും മനസ്സിൽ പ്രാർത്ഥിച്ചത് മഴ പെയ്യരുതേ എന്നായിരുന്നു'' . ഇതേ അവസ്ഥയിലാണ് പാവം പ്രതിപക്ഷാംഗങ്ങൾ അടിയന്തരപ്രമേയവുമായി വരുന്നത്. ചർച്ചയ്ക്കെടുക്കരുതേയെന്ന് മുട്ടിപ്പായി പ്രാർത്ഥിച്ചാണ് അവർ വരുന്നതും പ്രമേയങ്ങൾ അവതരിപ്പിക്കുന്നതും. എന്തിനാണ് ഓരോദിനവും ഈയാംപാറ്റയുടെ ആയുസ്സുള്ള പുതിയ വിവാദങ്ങളുമായി പ്രതിപക്ഷം വരുന്നത്. ഉത്തരങ്ങൾ വളരെ ലളിതമാണെന്ന് നമുക്കറിയാം. കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രിക്കെതിരെ നട്ടാൽ മുളയ്ക്കാത്ത കള്ളപ്രചരണങ്ങൾ നടത്തിക്കൊണ്ടാണ് ഓരോദിവസവും പ്രതിപക്ഷം സഭയിൽ പ്രസംഗിക്കുന്നത്. എണ്ണമറ്റ വിവാദങ്ങളുടെയും അഴിമതി ആരോപണങ്ങളുടെയും പെരുമഴ തീർത്തിട്ടും സൂര്യശോഭയോടെ പ്രസരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വ്യക്തിത്വത്തിന് ഒരു കടുകുമണിയുടെ പോറലേൽപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന തിരിച്ചറിവാണ് പുതിയ വിവാദങ്ങളുടെ പിറകിലെന്ന് നാട് മനസ്സിലാക്കുന്നുണ്ട്. കേന്ദ്ര സർക്കാർ കേരളത്തോട്

സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടും സമൃദ്ധമായ ഓണവും കുടിശ്ശിക തീർത്ത പെൻഷൻ വിതരണവും നിറഞ്ഞ സിവിൽ സപ്ലൈസ് ഔട്ട്‌ലെറ്റുകളും കലാപങ്ങളും വർഗ്ഗീയ സംഘർഷങ്ങളുമില്ലാത്ത ഭരണനിർവ്വഹണവും പശ്ചാത്തല വികസനവും വ്യാവസായിക സാമൂഹിക രംഗത്തെ കുതിപ്പും പ്രതിപക്ഷത്തിന്റെ നെഞ്ചുകലക്കുന്നതാണ്. ശ്രീ. കുന്ദൻ ചന്ദ്രാവത്ത് എന്ന ആർ.എസ്.എസ്. നേതാവ് ശ്രീ. പിണറായി വിജയന്റെ തലയെടുക്കുന്നവർക്ക് ഒരു കോടി രൂപ ഇനാം പ്രഖ്യാപിച്ചിരുന്നു. ശ്രീ. പിണറായി വിജയൻ എന്ന കമ്മ്യൂണിസ്റ്റ് നേതാവിനെ എത്രമേൽ സംഘ് ശക്തികൾ പ്രത്യയശാസ്ത്രപരമായി വെറുക്കുന്നുണ്ടെന്നും ഭയക്കുന്നുണ്ടെന്നുമുള്ളതിന്റെ തെളിവാണിത്. പുതിയ വിവാദങ്ങൾ ഒരു കാര്യം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. ശ്രീ. കുന്ദൻ ചന്ദ്രാവത്തിന്റെ പ്രേതബാധയുള്ളവർ കേരളത്തിലെ മാധ്യമങ്ങളിലും യു.ഡി.എഫ്.-ലും പെറ്റുപെരുകിക്കൊണ്ടിരിക്കുന്നു എന്നതിന്റെ തിരിച്ചറിവാണത്. എ.ഡി.ജി.പി., എം. ആർ. അജിത് കുമാർ ആർ.എസ്.എസ്. നേതാക്കളെ കണ്ടത് എന്തിന്റെ പേരിലായാലും മതനിരപേക്ഷ സർക്കാരിന് അംഗീകരിക്കാൻ കഴിയില്ലെന്ന് അസന്നിഗ്ദ്ധമായി

വ്യക്തമാക്കുന്നതാണ് അദ്ദേഹത്തിനെതിരെ കൈക്കൊണ്ട പ്രഥമ നടപടി. ത്രിതല അന്വേഷണത്തിന് ഉത്തരവിറക്കിക്കഴിഞ്ഞു. എന്നാൽ ശ്രീ. ടി. പി. സെൻകുമാറിന്റെ സംഘി ബന്ധം തിരിച്ചറിഞ്ഞ് പിണറായി സർക്കാർ നടപടിയെടുത്തപ്പോൾ യു.ഡി.എഫ്.-ന്റെ നിലപാട് എന്തായിരുന്നു; ലീഗ് എന്ത് നിലപാടായിരുന്നു സ്വീകരിച്ചത്; അതൊക്ക നിങ്ങൾ മറന്നുപോയോ; ഇന്ന് വിഷം വമിക്കുന്ന ചിന്തയും വാക്കുമായി സംഘ് പരിവാറിനായി നടക്കുന്ന ശ്രീ. ടി. പി. സെൻകുമാറിന് നിയമസഹായം നൽകിയത് സാക്ഷാൽ മുസ്ലിം ലീഗായിരുന്നു. അഡ്വ. ഹാരീസ് ബീരാൻ എന്ന മുസ്ലിം ലീഗിന്റെ പുതിയ എം. പി. സുപ്രീം കോടതിയിൽ വാദിച്ചതിന്റെ പ്രതിഫലമായാണ് അദ്ദേഹത്തിന് ആ സ്ഥാനം നൽകി ആദരിച്ചതെന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. എത്രയെത്ര അനുഭവങ്ങൾ ഇതുപോലെ വിശദീകരിക്കാൻ കഴിഞ്ഞു. ഗുരുവായൂരിൽ ശ്രീ. കെ. എൻ. എ. ഖാദർ കാട്ടിക്കൂട്ടിയ കളികൾ നിങ്ങൾ മറക്കരുത്. തൃശ്ശൂരിൽ ഇടതുപക്ഷത്തിന്റെ വോട്ടുകൾ ഗണ്യമായി വർദ്ധിക്കുകയും കോൺഗ്രസ്സിന്റെ മുക്കാൽ ലക്ഷത്തോളം വോട്ടുകൾ ബി.ജെ.പി.-ക്ക് മറിക്കുകയും ചെയ്താണ് ബഹുമാന്യനായ വി. ഡി. സതീശന്റെ വിഭാഗം തൃശ്ശൂരിൽ ശ്രീ. കെ. മുരളീധരന്റെ

പരാജയം ഉറപ്പാക്കിയതെന്ന് നമുക്കറിയില്ലേ; ഈ യാഥാർത്ഥ്യം ശ്രീ. കെ. മുരളീധരൻ നിരന്തരം പൊതുവേദികളിൽ ആവലാതിയായി പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. കോൺഗ്രസിനകത്തെ ഈ പുലിക്കളി പുറത്തുവരുന്നതാണ് കോൺഗ്രസിന്റെ തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട ആധിയെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കണം. എന്നാൽ, ഇടതുപക്ഷത്തിന്റെ ഈ വിഷയത്തിലെ ആകുലത സംഘ് പരിവാറിന്റെ രാഷ്ട്രീയ മുതലെടുപ്പിന് സർക്കാർ സംവിധാനം ദുരുപയോഗപ്പെടുത്തി വളഞ്ഞ വഴിയിലൂടെ അവസരം സൃഷ്ടിച്ചോ എന്നതാണ്, ഇത് കണ്ടെത്തണം. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച കറുത്തകരങ്ങൾ പുറത്തുവരണം. അവർ ശിക്ഷിക്കപ്പെടണം. ഈ വിഷയത്തിൽ സർക്കാർ മൂന്നുതലത്തിലും തരത്തിലുമുള്ള അന്വേഷണം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. നിശ്ചയമായും നമുക്കുറപ്പിക്കാം, ഉപ്പ് തിന്നവർ വെള്ളം കുടിക്കുക തന്നെ ചെയ്യും. ഇന്ത്യയുടെ മതനിരപേക്ഷ അടിത്തറയിളക്കാൻ സർവ്വ വർഗ്ഗീയവാദികളും ഒളിഞ്ഞും തെളിഞ്ഞും മാധ്യമ സഹകരണത്തോടെ ആസൂത്രിതമായി ശ്രമിച്ചുവരികയാണ്. ഇതിനെതിരായി നാടിന്റെ കാവലാകാൻ നമുക്ക് കഴിയണമെന്ന് മാത്രം

സൂചിപ്പിക്കുന്നു. സ്വാതന്ത്ര്യ പിറവി മുതൽ ഇന്നുവരെയുള്ള കോൺഗ്രസിന്റെ ചരിത്രം, സംഘ് പരിവാറിന് മതന്യൂനപക്ഷങ്ങളെ ഒറ്റിക്കൊടുത്ത ചരിത്രമാണ്. നാല് നൂറ്റാണ്ട് മുസ്ലിം സമുദായം ആരാധിച്ച ബാബറി മസ്ജിദിന്റെ ചരിത്രം കോൺഗ്രസിന് ചതിയുടെ ചരിത്രം കൂടിയാണ്. 1960-ൽ പട്ടാമ്പിയിൽ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിനെതിരെ ജനസംഘത്തോടൊപ്പം ചേർന്ന് സംയുക്ത സ്ഥാനാർത്ഥിയെ നിർത്തിയതുമുതൽ എത്രയെത്ര ആർ.എസ്.എസ്.-യു.ഡി.എഫ്. കൂട്ടുകെട്ടുകളാണ് കേരളത്തിലുണ്ടായിട്ടുള്ളത്. അതിന്റെ വിശദാംശങ്ങളിലേക്ക് വിസ്താരഭയത്താൽ ഞാൻ കടക്കുന്നില്ല. ആർ.എസ്.എസ്.-മായി ഇടതുപക്ഷത്തിന് ബന്ധമുണ്ടെന്ന് സ്ഥാപിക്കാൻ, മൂന്നാംദിവസവും തോൽവി ഏറ്റുവാങ്ങുവാൻ കേരളത്തിന്റെ സാംസ്കാരിക ഗരിമയുടെ വിളംബരമായ തൃശ്ശൂർ പൂരം അലങ്കോലമാക്കിയത് പൂരപ്രേമികളെയും മറ്റ് സഹൃദയർക്കുമുണ്ടാക്കിയിട്ടുള്ള പ്രയാസം ഏറെ വലുതാണ്. എന്നാൽ ഇത് സ്വാഭാവികമായ അവതാളമല്ല, മറിച്ച് ആസൂത്രിതമായ കലക്കലാണെന്നും ഇതിന്റെ പിന്നിൽ രാഷ്ട്രീയതാൽപര്യങ്ങളുണ്ടെന്നും ഞാൻ പറയുകയാണ്. അതുകൊണ്ടുതന്നെ ഈ അടിയന്തരപ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, സാംസ്കാരിക കേരളത്തിന്റെ അഭിമാനമാണ് തൃശ്ശൂർ പൂരം. നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായ പൂരത്തെ ജനങ്ങൾ ജാതിമതഭേദമന്യേയാണ് വരവേൽക്കുന്നത്. ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനം ഒരു മത-ദൈവവിരോധ പ്രസ്ഥാനമല്ല. വിശ്വാസികളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിക്കാൻ വിശ്വാസികളോടൊപ്പം അമ്പലങ്ങളിലും മുസ്ലിം പള്ളികളിലും ക്രിസ്ത്യൻ ദേവാലയങ്ങളിലും പോകാത്തവരെയും അണിനിരത്തിക്കൊണ്ട് ഏറ്റവും ശ്രദ്ധേയമായിട്ടുള്ള സാമൂഹിക ഇടപെടലുകൾ നടത്തുന്ന പ്രസ്ഥാനമാണ് ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനം. എന്നാൽ കേരള രാഷ്ട്രീയത്തിലുൾപ്പെടെ കോൺഗ്രസിന്റെയും മുസ്ലിം ലീഗിന്റെയും നിലപാടെന്തായിരുന്നു; കോൺഗ്രസിന്റെ നിലപാട്, പൂരം കലക്കിയത് സംബന്ധിച്ച് വലിയ വിവാദമാണല്ലോ; പൂരം കലക്കുന്നതുമായി ബന്ധപ്പെട്ടുള്ള അന്വേഷണത്തിൽ വളരെ ഉജ്ജ്വലമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. തൃശ്ശൂർ പൂരം ഒരു രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടിയുള്ള ആയുധമാക്കി മാറ്റുന്നതിനാണ് കേരളത്തിലെ പ്രതിപക്ഷം നിലകൊള്ളുന്നത്.

കോൺഗ്രസും പ്രതിപക്ഷനേതാവുമെടുത്ത നിലപാടെന്തായിരുന്നു? നേരത്തേ സൂചിപ്പിച്ചതുപോലെ വർഗ്ഗീയത ആളിക്കത്തിക്കാൻ സി.പി.ഐ.(എം.) ഗൂഢാലോചന നടത്തിയെന്നാണ് ഇക്കഴിഞ്ഞദിവസം ഈ സംഭവത്തെക്കുറിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ പാലക്കാട് പ്രസ് ക്ലബിന്റെ 'meet-the-leader' പരിപാടിയിൽ പറഞ്ഞത്. ഞങ്ങളതിൽ ഒട്ടും അത്ഭുതപ്പെടുന്നില്ല. കാഞ്ഞിരമരത്തിൽനിന്നും മധുരനാരങ്ങ പ്രതീക്ഷിച്ചിട്ട് കാര്യമുണ്ടോ; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ സംബന്ധിച്ചിടത്തോളം ഇവിടെയെല്ലാവരെയും പുച്ഛമാണ്. 'പ്രജ്ഞാമാനി' എന്നൊരു വാക്കുണ്ട്. 'എല്ലാമറിയുന്നവൻ എന്ന് സ്വയം നടിക്കുന്നവൻ' എന്നാണ് ആ വാക്കിന്റെ അർത്ഥം. മഹാഭാരതത്തിൽ ഭീഷ്മർ ഒരു യോദ്ധാവായിരുന്നില്ല, പരിവേഷം ചാർത്തിക്കിട്ടിയതായിരുന്നു. അതുപോലെ ലോകത്തുള്ള എല്ലാകാര്യങ്ങളെക്കുറിച്ചും അഭിപ്രായം പറയുകയും എല്ലാവരോടും പരമപുച്ഛവുമാണ്. കഴിഞ്ഞ നിയമസഭയിലും ഉണ്ടായിരുന്ന ഒരംഗമാണ് ഞാൻ. കഴിഞ്ഞ സഭയിലെ പ്രതിപക്ഷനേതാവ്, ശ്രീ. രമേശ് ചെന്നിത്തല ആയിരുന്നു. അദ്ദേഹത്തിന് പഠിക്കുന്നത് നല്ലതാണ്. ഒരു വർഷമെങ്കിലും ഒരു കോഴ്സിന്

ചേർന്ന് എങ്ങനെ പ്രതിപക്ഷനേതാവെന്ന നിലയിൽ സഹപ്രവർത്തകരോടും മന്ത്രിമാരോടും ചെയറിനോടും പെരുമാറണമെന്ന് പഠിക്കുന്നത് നല്ലതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സ്വീകരിച്ച രാഷ്ട്രീയ നിലപാടിൽ ഞങ്ങൾക്കാർക്കും അത്ഭുതമില്ല. കാരണം ഇന്നലെകളിൽ കോൺഗ്രസ് സ്വീകരിച്ച നിലപാടും അതായിരുന്നു. തലശ്ശേരി കലാപം നടന്നപ്പോൾ, അത് തടയാൻ മുന്നിട്ടിറങ്ങിയിട്ടുള്ള സി.പി.ഐ.(എം.)-നെ Justice Joseph Vithayathil Commission ഏറ്റവും മികച്ച അംഗീകാരമാണ് നൽകിയത്. അന്ന് കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രി കെ. കരുണാകരൻ ആയിരുന്നു. കലാപത്തിന്റെ തുടക്കത്തിൽ തലശ്ശേരിയിലെ വർഗ്ഗീയ കലാപത്തെ അമർച്ച ചെയ്യാനോ സാന്ത്വനമേകാനോ അവിടെ സമാധാനത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാനോ അന്നത്തെ ആഭ്യന്തരമന്ത്രി തയ്യാറായില്ലെന്ന് മാത്രമല്ല, അദ്ദേഹം മുംബൈ യാത്രയുടെ തിരക്കിലായിരുന്നു. എല്ലാം കെട്ടടങ്ങിയപ്പോൾ അദ്ദേഹം തലശ്ശേരിയിലെത്തി. അവിടെ യൂത്ത് കോൺഗ്രസുകാരുടെയും കോൺഗ്രസുകാരുടെയും ഒരു യോഗം വിളിച്ചുചേർത്ത് അദ്ദേഹം പറഞ്ഞു, 'സി.പി.ഐ.(എം.)-ന്റെ ജനസ്വാധീനം തകർക്കാൻ നമുക്ക് കഴിയണം.

കലാപം സി.പി.ഐ.(എം.)-ന്റെ സൃഷ്ടിയാണെന്ന് പ്രചരിപ്പിക്കണം'. അങ്ങനെ കെ. കരുണാകരൻ തലശ്ശേരി റെസ്റ്റ് ഹൗസിൽവച്ച് കോൺഗ്രസുകാർ, യൂത്ത് കോൺഗ്രസ് നേതാക്കളോട് പറഞ്ഞുവെന്നാണ് മുൻ ഡി.സി.സി. ജനറൽ സെക്രട്ടറി ശ്രീ. ഒ. വി. ജാഫർ ഈയിടെ വെളിപ്പെടുത്തിയത്. ഒരാളുടെ പേരുകൂടി അദ്ദേഹം പറഞ്ഞു. അത് ശ്രീ. എൻ. രാമകൃഷ്ണൻ എന്ന പേരായിരുന്നു. ഈ നിലപാടല്ലേ കോൺഗ്രസ് എല്ലാകാലത്തും സ്വീകരിച്ചത്. എന്നാൽ ഇടതുപക്ഷ പാർട്ടികൾ അങ്ങനെയാണോ; ഇന്ത്യയിൽ ഗുജറാത്ത് കലാപം നടന്നപ്പോൾ കുത്തബ്ദീൻ അൻസാരി എന്ന ചെറുപ്പക്കാരന് ഏറ്റവുമൊടുവിൽ അഭയം നൽകിയത് പശ്ചിമ ബംഗാളിന്റെ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ജ്യോതി ബസു ആയിരുന്നു. ജ്യോതി ബസുവിന്റെ സവിധത്തിലേക്കാണ് അയാൾ ഓടിക്കയറിയത്. ഒഡീഷയിലെ ക്രിസ്ത്യൻ മതതീവ്രപക്ഷ വിഭാഗത്തിനെതിരെ തീവ്ര ഹിന്ദുത്വ നിലപാട് സ്വീകരിച്ചുകൊണ്ട് ആർ.എസ്.എസ്.-കാർ അക്രമത്തിന് കോപ്പുകൂട്ടി വനാന്തരങ്ങളിലേക്ക് ക്രിസ്ത്യൻ മതവിഭാഗങ്ങളെ അടിച്ചോടിച്ചപ്പോൾ വനാന്തരങ്ങളിൽ നിർദ്ധനരും നിരാലംബരുമായി കഴിയുന്ന ക്രിസ്ത്യൻ

ജനസമൂഹത്തെ കൂട്ടിക്കൊണ്ടുവന്ന് കുരിശ് വരച്ചത് സി.പി.ഐ.(എം.)-ന്റെ സംസ്ഥാന കമ്മിറ്റി ഓഫീസിലായിരുന്നു. പത്തനംതിട്ട ജില്ലയിൽ മാരാമൺ കൺവൻഷൻ ഒരു കാരണവശാലും നടത്തില്ലെന്ന് കേരളത്തിൽ ആർ.എസ്.എസ്.-കാരൻ പരസ്യമായി പ്രഖ്യാപിച്ചില്ലേ. ആ പ്രഖ്യാപനം വന്നപ്പോൾ നെഞ്ചുവിരിച്ച് അതിനെതിരെ പ്രതിരോധിക്കാൻ, ശബ്ദമുയർത്താൻ അചഞ്ചലമായ സമരയുവജന പ്രസ്ഥാനമായിട്ടുള്ള ഏറ്റവും ഉജ്ജ്വലമായിട്ടുള്ള പുരോഗമന ജനാധിപത്യ മതേതര യുവജന പ്രസ്ഥാനമായി ഡി.വൈ.എഫ്.ഐ. പ്രഖ്യാപിച്ചു, ഒരൊറ്റ ആർ.എസ്.എസ്.-കാരനെയും ഞങ്ങൾ അങ്ങോട്ട് വിടില്ല. ആ പ്രഖ്യാപനം നടത്തിയപ്പോൾ ഒരു ആർ.എസ്.എസ്.-കാരനെയും ആ സർവ്വെ നമ്പരിൽ കണ്ടിട്ടില്ല. അതാണ് ഇടതുപക്ഷ രാഷ്ട്രീയം, അതാണ് ഇടതുപക്ഷ പുരോഗമന പ്രസ്ഥാനത്തിന്റെ നിലപാടുകൾ. അങ്ങനെ ഓരോഘട്ടത്തിലും കോൺഗ്രസ്സിന്റെ നിലപാടിന്റെ ചരിത്രമെന്താണ്? തലശ്ശേരി കലാപത്തെക്കുറിച്ച് അന്വേഷിച്ച കമ്മീഷനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അതിൽ വളരെ കൃത്യമായി സി.പി.ഐ.(എം.)-നെക്കുറിച്ചും ആ കലാപമൊതുക്കാൻ ജനങ്ങൾക്ക് സാന്ത്വനമേകാൻ

നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും സഖാവ് പിണറായി വിജയനെക്കുറിച്ചും അതിൽ രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ അന്ന് ശാഖയുടെ കാവൽക്കാരനായി ഒരാൾ നിന്നിരുന്നല്ലോ, അതാരാണ്? ഇന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരൻ. ശാഖയുടെ കാവൽക്കാരനായി നാട്ടിൽ വർഗ്ഗീയ കലാപം ആളിക്കത്തിക്കാനും അസമാധാനത്തിന്റെ വിത്ത് വിതയ്ക്കാനും അപകടകരമായ നീക്കങ്ങൾക്ക് നേതൃത്വം കൊടുക്കാനും കേരളത്തിലെ ഇന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് ശാഖയുടെ കാവൽക്കാരനായി നിന്നപ്പോൾ മതനിരപേക്ഷതയുടെ കാവൽക്കാരനായി ജനങ്ങൾക്ക് സംരക്ഷണ കവചമൊരുക്കിക്കൊണ്ട് അവിടെ ഒരു പൊതുപ്രവർത്തകൻ നിലയുറപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ പേരാണ് സഖാവ് പിണറായി വിജയൻ. അതാണ് നിങ്ങൾ അറിയേണ്ടത്. ലീഗ് എവിടെയായിരുന്നു? ആർ.എസ്.എസ്. ഗുണ്ടകൾ കള്ള പ്രചരണം നടത്തി തലശ്ശേരി നൂർജഹാൻ ഹോട്ടൽ അക്രമിച്ചു, അപ്പോൾ ആ കലാപം തടയാനല്ല മറിച്ച് സദാനന്ദ പൈയുടെ കട തിരിച്ച് ആക്രമിച്ച് കലാപം ആളിക്കത്തിക്കാനാണ് മുസ്ലീം ലീഗ് ശ്രമിച്ചത്. എന്താണ് ഈ രണ്ട് രാഷ്ട്രീയ

പാർട്ടികളുടെയും വർത്തമാനകാല നിലപാടുകൾ? കോൺഗ്രസ്സ് ദേശീയ രാഷ്ട്രീയം മുതൽ ഇങ്ങോട്ട് സംസ്ഥാന രാഷ്ട്രീയം ബാങ്ക് തിരഞ്ഞെടുപ്പുവരെ കോലീബി മുന്നണിക്ക് കൂട്ടുകെട്ടുണ്ടാക്കി രാഷ്ട്രീയമായി നേതൃത്വം കൊടുക്കുന്നു. മുസ്ലീം ലീഗിന്റെ നിലപാട് എന്താണ്? ഏറ്റവും ഒടുവിലത്തെ പാർലമെന്ററി തിരഞ്ഞെടുപ്പിൽ നമ്മൾ കണ്ടതല്ലോ? മുസ്ലീം ഏകീകരണത്തിനുവേണ്ടി വളരെ അപകടകരമായ സമീപനമല്ലേ നിങ്ങൾ സ്വീകരിച്ചത്. ജമാഅത്തെ ഇസ്ലാമിയെയും എസ്.ഡി.പി.ഐ.-യെയും ചേർത്തുപിടിച്ചുകൊണ്ട് മതനിരപേക്ഷത നിലനിൽക്കേണ്ടൊരു സംസ്ഥാനത്തിനകത്ത് തീവ്ര ഹിന്ദുത്വ നിലപാട് സ്വീകരിച്ച് ആർ.എസ്.എസ്. മുന്നേറുമ്പോൾ അതിനെ പ്രതിരോധിക്കാനെന്ന പേരിൽ ഇപ്പുറത്ത് മുസ്ലീം ന്യൂനപക്ഷ തീവ്രവാദത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള രാഷ്ട്രീയ നിലപാട് സ്വീകരിച്ചവരല്ലേ നിങ്ങൾ. നിങ്ങൾക്ക് കേരളത്തിൽ മതസൗഹാർദ്ദത നിലനിർത്താൻ എന്ത് നിലപാടെടുക്കാൻ കഴിയും? ഏത് ഘട്ടത്തിൽ നിങ്ങൾക്ക് നിലപാടെടുക്കാൻ കഴിയും? ഇന്ന് ലീഗ് ആണെങ്കിൽ എസ്.ഡി.പി.ഐ.-യെയും ജമാഅത്തെ ഇസ്ലാമിയെയും തോളിലേറ്റി നടക്കുകയാണ്. സാംസ്കാരിക കേരളത്തിൽ

ഇത്തരം ഇടപെടലുകൾ നടക്കുമ്പോൾ ഓരോഘട്ടത്തിലും ഇവിടെ മറ്റ് പല ആളുകളും സൂചിപ്പിച്ചതുപോലെ ഓരോ ആരോപണങ്ങളും ഉന്നയിക്കുകയാണ്. ഈ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ കേരളത്തെ സംബന്ധിച്ച് പൂരം കലക്കി രാഷ്ട്രീയ ലാഭം കൊയ്യാൻ ശ്രമിച്ച സംഘ് പരിവാറുകാർ വർഗ്ഗീയ മുതലെടുപ്പിന്റെ ഉത്തരേന്ത്യൻ മോഡൽ ഇവിടെ എങ്ങനെ കെട്ടിയിറക്കാൻ കഴിയുമെന്നാണ് നോക്കുന്നത്. അതിന് കുട പിടിച്ചത് ഇവിടത്തെ കോൺഗ്രസ്സുകാരാണ്. തൃശ്ശൂരിലെ തിരഞ്ഞെടുപ്പ് ഫലത്തിൽ ആരുടെ വോട്ടാണ് മാറിയതെന്ന് നമ്മൾ എല്ലാവരും പരിശോധിച്ചല്ലോ; കേരളം ചർച്ച ചെയ്യപ്പെടുന്നുണ്ടല്ലോ. അതിന്റെ മറ പിടിച്ച് വ്യാജ ആരോപണങ്ങളാൽ ഇടതുപക്ഷ സർക്കാരിന് നേരെ കൊട്ടിക്കയറാമെന്നാണ് പ്രതിപക്ഷം കരുതിയത്. എന്നാൽ കഴിഞ്ഞ രണ്ട് ദിവസമായി പ്രതിപക്ഷ നുണക്കോട്ടകൾക്കുമേൽ ഇലഞ്ഞിത്തറ മേളം നടത്താൻ ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനായി. സത്യത്തിന്റെ മുഴക്കമാണ് ഇവിടെ നാം ഈ രണ്ട് ദിവസങ്ങളിലായി കേട്ടത്. പ്രതിപക്ഷത്തിന്റെ ദുരാരോപണങ്ങളെ അപ്രസക്തമാക്കിക്കൊണ്ട് സർക്കാർ ഈ നിയമസഭയിൽ നടത്തിയ നേരിന്റെ

പകൽപ്പൂരം ഈ കേരളീയ സമൂഹം നേരിൽ കാണുകയാണ്. ആരാധനാ സ്വാതന്ത്ര്യത്തിനുവേണ്ടി എക്കാലവും നിലകൊണ്ട രാഷ്ട്രീയധാരയാണ് ഇടതുപക്ഷത്തിന്റേത്. ഭക്തി രാഷ്ട്രീയ മുതലെടുപ്പിനുപയോഗിക്കുന്ന സംഘ് പരിവാറിന്റെ രാഷ്ട്രീയ ത്വരയെ നിലംതൊടാൻ അനുവദിക്കാത്ത ഇച്ഛാശക്തിയാണ് ഇടതുപക്ഷം. ഇവിടെ നാളുകളേറെയായി സഖാവ് പിണറായി വിജയനെതിരെ, കേരളത്തിന്റെ മുഖ്യമന്ത്രിക്കെതിരെ നിങ്ങൾ വാൾ ഓങ്ങി നിൽക്കുകയാണ്. ഞങ്ങളാരും അത്ഭുതപ്പെടുന്നില്ല. കായ്ക്കുന്ന മരമേ കല്ലേറിയപ്പെടാറുള്ളൂ. മാങ്ങയില്ലാത്ത മരത്തിന് മേലെ ആരെങ്കിലും കല്ലേറിയുമോ? ഇവിടെ എല്ലാ പ്രതിസന്ധിഘട്ടത്തിലും ഈ കേരളത്തിലെ ജനങ്ങളെ ചേർത്തുപിടിച്ച് ജനങ്ങൾക്ക് രക്ഷാകവചമൊരുക്കി. ഒരു നേതാവിന്റെ കരുത്ത് തെളിയുന്നത് ഓരോ പ്രതിസന്ധി ഘട്ടത്തിലുമാണ്. അങ്ങനെ കരുത്ത് തെളിയിച്ച രാഷ്ട്രീയ നേതാവാണ് സഖാവ് പിണറായി വിജയൻ. പിണറായി ഗ്രാമം പെറ്റുവളർത്തി കേരളം പോറ്റി വളർത്തിയ ഇന്ത്യയിലെ ദേശീയ രാഷ്ട്രീയത്തിലെ മതനിരപേക്ഷതയുടെ ഏറ്റവും ശക്തനായിട്ടുള്ള പ്രചാരകനും സംഘാടകനുമാണ്, അതുകൊണ്ട് ഇതര രാഷ്ട്രീയ

പ്രസ്ഥാനത്തിലെ ആളുകൾ ആ തലയ്ക്ക് വില പറഞ്ഞിട്ടില്ല. സ്വന്തം ഭൂമി വിറ്റെങ്കിലും ശ്രീ. പിണറായി വിജയന്റെ തലയെടുത്ത ആൾക്ക് പണം കൊടുക്കുമെന്ന് പ്രഖ്യാപിച്ച സംഘ് പരിവാർ നേതാവ് ഇന്ത്യയിലുണ്ട്. ഇതര സംസ്ഥാനങ്ങളിൽ സി.പി.ഐ.(എം.)-ന്റെ നേതാവായ ശ്രീ. പിണറായി വിജയനെ പ്രസംഗിക്കാൻ അനുവദിച്ചില്ല. എന്തെല്ലാം നമ്മൾ കണ്ടു. അവിടെയെല്ലാം ഞങ്ങൾ പതറിയോ? അവിടെയല്ലാം ഞങ്ങൾ കുലുങ്ങിയോ? ഏതെല്ലാം ഘട്ടത്തിൽ പിണറായിയെ അക്രമിക്കാൻ നിങ്ങൾ നോക്കി. ഇവിടെ ഓരോഘട്ടത്തിലും ഓരോ ആരോപണങ്ങൾ, നട്ടാൽ കുരുക്കാത്ത നുണകൾ ഇവിടെ പ്രചരിപ്പിക്കാൻ നിങ്ങൾ തയ്യാറായില്ലേ; അവിടെ ഞങ്ങൾ തളർന്നോ? പക്ഷേ, അതിനെയെല്ലാം കൂസാതെ അതിനെയെല്ലാം അതിജീവിച്ച കേരളത്തിലെ ജനങ്ങളാണ്, കേരളീയ സമൂഹമാണ്, ഈ കേരളമാണ് നമ്മുടെ പ്രധാനപ്പെട്ട കാര്യം. അതുകൊണ്ട് കേരളീയ വികസനത്തിനുവേണ്ടി ക്ഷേമ പദ്ധതികളും വികസന പ്രവർത്തനങ്ങളും നടത്തി ജനങ്ങളെയാകെ സഹകരിപ്പിച്ചുകൊണ്ട് ഏത് വർഗ്ഗീയ ഫാസിസ്റ്റ് അക്രമത്തിനെതിരെയും ശക്തമായ പ്രതിരോധം തീർത്ത് അതിജീവനത്തിന്റെ കരുത്തുമായി

കേരളത്തിലെ ജനങ്ങളോടൊപ്പം നിൽക്കാനുള്ള കരുത്ത് കേരളത്തിലെ ഇടതുപക്ഷ മതനിരപേക്ഷ പ്രസ്ഥാനമായിട്ടുള്ള എൽ.ഡി.എഫ്.-നുണ്ട്. ആ അർത്ഥത്തിൽ ഈ ഗവൺമെന്റിനെതിരായി നിങ്ങൾ എന്ത് അപവാദ പ്രചരണങ്ങളുടെ കൊടുങ്കാറ്റ് അഴിച്ചുവിട്ടാലും അതിൽ ഉലയാതെ ഈ ഗവൺമെന്റിനെ മുന്നോട്ട് നയിക്കുവാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയുള്ള ഗവൺമെന്റാണ്, മുഖ്യമന്ത്രിയാണ് ഇന്ന് കേരളം ഭരിക്കുന്നതെന്ന നല്ല തിരിച്ചറിവ് നിങ്ങൾക്കുണ്ടാകുന്നത് നല്ലത്. വരാനിരിക്കുന്ന നാളുകളിലും ഇടതുപക്ഷ കേരളം, മതേതര കേരളം കേരളത്തിന്റെ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ രാഷ്ട്രീയ കാര്യങ്ങളിൽ, വികസന കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് എതിർപ്പുകൾ പ്രകടിപ്പിക്കാനോ ആരോപിക്കാനോ കഴിയാത്തൊരു സന്ദർഭത്തിൽ വർഗ്ഗീയതയുടെ കാർഡിറക്കി മതേതരത്വത്തിന് വിഘാതം സൃഷ്ടിക്കുന്ന അത്യന്തം അപകടകരമായിട്ടുള്ള വർഗ്ഗീയതയുടെ കാർഡിറക്കുകയാണ് നിങ്ങൾ കേരള രാഷ്ട്രീയത്തിൽ. ഇത് വരും നാളുകളിൽ സാക്ഷര കേരളത്തിൽ, സാംസ്കാരിക കേരളത്തിൽ, മതേതര

കേരളത്തിൽ ഭീഷണിയാകുമെന്ന കാര്യത്തിൽ തർക്കമില്ല. ഇതിനെതിരെ..... (മൈക്ക് ഓഫ്).

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, സി.പി.ഐ. അംഗം ശ്രീ. പി. ബാലചന്ദ്രൻ ഈ സഭയിൽ ഉന്നയിച്ച ചോദ്യത്തിന് അടിവരയിടാനാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നത്. ബഹുമാന്യരായ മന്ത്രിമാർ ആ ചോദ്യത്തിനുള്ള ഉത്തരം മാത്രം നൽകിയാൽ ഈ ചർച്ച ഫലവത്താകുമെന്ന് ഞാൻ മനസ്സിലാക്കുകയാണ്. അദ്ദേഹം ഒന്നാമത് ചോദിച്ചത് ആരാണ് വത്സൻ തില്ലങ്കേരിക്ക് അവസരം നൽകിയത്? അതിന് ഉത്തരം വേണം. ആരാണ് ശ്രീ. സുരേഷ് ഗോപിയെ ആംബുലൻസിൽ കൊണ്ടുവന്നത്? അതിന് ഉത്തരം വേണം. ആരാണ് കേരളത്തിന്റെ ഇന്റലിജൻസ് കൈകാര്യം ചെയ്യുന്നത്? അതിന് ഉത്തരം വേണം. വത്സൻ തില്ലങ്കേരിക്കും ആർ.എസ്.എസ്.-നും നിങ്ങൾ ഇതെല്ലാം അടിയറവ് വച്ചോ എന്ന ചോദ്യത്തിന് ഉത്തരം തേടിയാൽ ഞങ്ങൾകൊണ്ടുവന്ന സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് ഉത്തരമാകും. ഈ ചോദ്യമാണ് ഈ ചർച്ചയിൽ ഉന്നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഡി.ജി.പി.-യുടെ റിപ്പോർട്ടിൽ എട്ട് കാര്യങ്ങൾ

നിർദ്ദേശങ്ങളായി പറഞ്ഞിട്ടുണ്ട്. ഈ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളിൽ ഏതെങ്കിലുമൊരു കാര്യത്തിൽ ഒരു three tier inquiry നടത്താൻ നിങ്ങൾ തയ്യാറുണ്ടോ എന്നതിനാണ് വ്യക്തമായ മറുപടി വേണ്ടത്. വ്യക്തമായി മറുപടി പറയാൻ കഴിയാത്തതുകൊണ്ടാണ് നിങ്ങൾ ഇത്തരത്തിൽ ഉരുണ്ടുമറിയുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ച് വിഖ്യാതമായൊരു പ്രയോഗമുണ്ട്, ‘ AI is not a tool but an agent’ . മിസ്റ്റർ എം. ആർ. അജിത്കുമാറിനെക്കുറിച്ചും ഞങ്ങൾക്ക് അതുതന്നെയാണ് പറയാനുള്ളത്. ശ്രീ. എം. ആർ. അജിത്കുമാർ എന്ന മനുഷ്യൻ ‘ He is not a tool but an agent’ അതാണ് പ്രധാനം. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ഏജന്റാണ് അദ്ദേഹം. എന്തുകൊണ്ടാണ് മുഖ്യമന്ത്രിക്കൊരു ഏജന്റിനെ ഏൽപ്പിക്കേണ്ടിവന്നത്? ശക്തമായ ബി.ജെ.പി. വിരുദ്ധ നിലപാടുള്ളവർ ഇപ്പോഴും സി.പി.എം.-നകത്ത് അവശേഷിക്കുന്നുണ്ടെന്ന വിശ്വാസം ഞങ്ങൾക്കുണ്ട്. അതുകൊണ്ട് നേരിട്ട് ബി.ജെ.പി.-ക്ക് വോട്ടുചെയ്യാൻ പറഞ്ഞാൽ നിങ്ങളാരും വോട്ട് ചെയ്യാൻ ഇടയില്ലെന്നതുകൊണ്ട് നേരിട്ട് ചെയ്യാൻ കഴിയാത്തൊരു കാര്യം ഒരു ഏജന്റിനെ ഏൽപ്പിച്ച് നിങ്ങൾ

ചെയ്തുവെന്നതുമാത്രമാണ് തൃശ്ശൂരിൽ നടന്നിട്ടുള്ളത്. അതുകൊണ്ട് ഞങ്ങൾക്ക് പറയാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം മുഖ്യമന്ത്രിയുടെ ഏജന്റായി എന്തുകൊണ്ട് നിങ്ങളൊരു ഓഫീസറെ നിയമിച്ച് മുന്നോട്ടുപോകേണ്ടിവന്നു എന്നുള്ളത് മാത്രമാണ്. തൃശ്ശൂരിൽ വോട്ട് മറിക്കൽ ഓപ്പറേഷൻ നേരിട്ട് നടത്താൻ പരിണിതപ്രജ്ഞനായ ശ്രീ. പിണറായി വിജയന് സാധ്യമല്ലാത്തതുകൊണ്ട് വളരെ കൃത്യമായി അദ്ദേഹം ഒരു അടവാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അദ്ദേഹം വളരെ ബുദ്ധിമാനാണ്. അതുകൊണ്ട് ആ വോട്ട് മറിക്കുന്നതിനേക്കാൾ നല്ലത് ആ മണ്ഡലം തന്നെയങ്ങ് മറിച്ചുകളയാം എന്ന് ശ്രീ. പിണറായി വിജയൻ വിചാരിച്ചു, അതാണ് അവിടെ സംഭവിച്ചത്. യജമാന സ്നേഹമുള്ള ഏജന്റ് അത് ഭംഗിയായി നിറവേറ്റിക്കൊടുക്കുകയും ചെയ്തു. ഇത് കൃത്യമായി സി.പി.ഐ.-ക്ക് അറിയാം. അതുകൊണ്ടാണ് ശ്രീ. പി. ബാലചന്ദ്രൻ ഈ ചോദ്യങ്ങളെല്ലാം ഈ നിയമസഭയിൽ ഉന്നയിക്കാൻ സന്മനസ്സ് കാണിച്ചിട്ടുള്ളത്. കാരണം നഷ്ടം വന്നത് അവർക്കാണ്. അതിന്റെ വേദന അവർക്കുണ്ടാകും. എം. പി. ആകാൻ ആഗ്രഹിച്ച് മത്സരിച്ചിടത്തുനിന്ന് പിന്നിലേയ്ക്ക് പോകേണ്ടിവന്നത് അവർക്കാണ്. എന്ത് നടപടിയാണ് നിങ്ങൾ

ഇക്കാര്യത്തിലെടുത്തത്. ഒരു നടപടിയെടുത്താൽ പിൻമാറുമെന്ന് നേരത്തെ സി.പി.ഐ.(എം.) പറഞ്ഞല്ലോ; അദ്ദേഹത്തിന് ബറ്റാലിയന്റെ ചുമതല നൽകി. എന്ത് ബറ്റാലിയൻ; പോലീസ് ബറ്റാലിയൻ അല്ല, ശ്രീ. പിണറായി വിജയന്റെ ബറ്റാലിയന്റെ ചുമതലയാണ് അദ്ദേഹത്തിന് നൽകിയിട്ടുള്ളത്. പൂരം കലക്കുമ്പോൾ മൂന്ന് ഘടകങ്ങളുണ്ടായിരുന്നു. നമ്മൾ കണ്ടു; ഒന്ന്, ആർ.എസ്.എസ്.; രണ്ട്, ആംബുലൻസ്; മൂന്ന്, എം. ആർ. അജിത് കുമാർ; ഇതേ കാഴ്ച പിന്നീട് നമ്മൾ കാണുന്നത് വയനാട്ടിലാണ്. അവിടെയും ഒരു ആർ.എസ്.എസ്., വൽസൻ തില്ലങ്കേരി, ഒരു ആംബുലൻസ് വരുന്നു. അവിടെ ദിവസങ്ങളായി വളരെ നന്നായി മുസ്ലീം യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഒരു ഭക്ഷണശാല അട്ടിമറിക്കുന്നു. കേരളത്തിന് നന്മയുണ്ടാക്കുന്ന എല്ലാകാര്യങ്ങളിലും നിങ്ങൾ എടുത്തുകൊണ്ടിരിക്കുന്ന നിലപാട് ഇതാണ്. എത്ര മനോഹരമാണ് തൃശ്ശൂർ പൂരം; നമ്മുടെയൊക്ക അഭിമാനമല്ലേ തൃശ്ശൂർ പൂരം; ഇലഞ്ഞിത്തറ മേളം, കുടമാറ്റം, അതുപോലെ അതിമനോഹരമായിട്ടുള്ള വെടിക്കെട്ടുകൾ, ഇത് മലയാളിയുടെ അഭിമാനമാണ്. എത്രയെത്ര വിശ്വാസികളാണ് തൃശ്ശൂർ പൂരത്തിൽ നേരിട്ട് പങ്കെടുക്കാൻവേണ്ടി

കൊതിക്കുന്നത്. ഇത് കേരളം എത്രകാലമായി കാണുകയാണ്. തൃശ്ശൂർ പൂരത്തിന് ഒരു വർഷം കാത്തിരിക്കുകയാണ്. നമുക്കെല്ലാവർക്കുമറിയാം കോവിഡുകാലത്ത് കുറച്ച് പ്രയാസങ്ങൾ നേരിട്ട സമയത്ത് അന്നെല്ലാവരും അനുഭവിച്ച, പൂരസ്നേഹികളായിട്ടുള്ള ആളുകൾ അനുഭവിച്ച പ്രയാസം നമുക്കെല്ലാവർക്കും അറിയില്ലേ; ആ വെടിക്കെട്ടിന്റെ വർണ്ണാഭ കാണാൻ കൊതിക്കാത്ത മലയാളിയുണ്ടോ; ബി.ജെ.പി.-യ്ക്കുവേണ്ടി ഒരു സീറ്റുണ്ടാക്കി കൊടുക്കാൻമാത്രം നിങ്ങൾ ബലി കഴിച്ചത് ഈ നാട്ടിലെ ധാരാളം ജനങ്ങളുടെ വിശ്വാസത്തെയും മലയാളിയുടെ പൊതുതാൽപ്പര്യത്തെയുമാണ്. അത് ആക്ഷേപിക്കാനാണ് ഞങ്ങൾ ഈ അവസരം ഉപയോഗിക്കുന്നത്. ഞങ്ങൾ എന്നും വിശ്വാസ സമൂഹത്തിനൊപ്പമാണ്. നിങ്ങൾ ഇവിടെ പറഞ്ഞല്ലോ; നിങ്ങൾ പ്രസംഗത്തിൽ വലിയ ആവേശമൊന്നും കാണിക്കേണ്ട; കാരണം തരാതരം വർഗ്ഗീയത ഉപയോഗിച്ച് ഇവിടെ എല്ലാസമയത്തും നിങ്ങളുണ്ടാക്കാൻ ശ്രമിച്ച കാര്യമുണ്ട്. താൽക്കാലിക ലാഭമുണ്ടാക്കാൻവേണ്ടി ഏതുതരത്തിലുള്ള വർഗ്ഗീയതയും ഉപയോഗിക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ട്. അത് ഏറ്റവുമൊടുവിൽ ശ്രീ. ഷാഫി പറമ്പിൽ മത്സരിക്കുന്ന സമയത്ത് വടകരയിൽപ്പോലും നിങ്ങൾ

കാണിച്ചിട്ടുണ്ട്. ഞങ്ങൾ നിങ്ങളെക്കുറിച്ച് പറയുന്നത്..... നിങ്ങൾ പഴയക്കാലത്ത് 'എന്റെ ഉപ്പൂപ്പാക്ക് ഒരു ആന ഉണ്ടായിരുന്നു' എന്ന് പറഞ്ഞിട്ട് കാര്യമില്ല. ഇപ്പോൾ എന്താ ഇങ്ങനെയെന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇന്നലെ ഇവിടെ പറഞ്ഞു; അതിനാണ് ഉത്തരം വേണ്ടത്. നിങ്ങൾ മുമ്പ് ഊരിപിടിച്ച വാളുകൾക്കിടയിലൂടെ നടന്നുവെന്ന് പറയുമ്പോൾ; നിങ്ങൾ നിയമസഭയിലേക്ക് രക്തം പുരണ്ട ഷർട്ടുമായി വന്നുവെന്ന് പറയുമ്പോൾ; ഞങ്ങളും അഭിമാനം കൊള്ളുന്നു. നിങ്ങൾ ഒരുകാലത്ത് ആർ.എസ്.എസ്.-നെതിരായി കൃത്യമായിട്ടുള്ള നിലപാടെടുത്തിരുന്നു. പക്ഷെ, നിങ്ങൾ ഒരു കാര്യം ഓർക്കണം. അന്ന് കേന്ദ്രം ഭരിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. ആ ധൈര്യത്തിലായിരുന്നു നിങ്ങൾക്ക് അങ്ങനെ ചെയ്യാൻ സാധിച്ചത്. അന്ന് 2004 മുതൽ 2014 വരെ ശ്രീ. മൻമോഹൻസിംഗ് ആയിരുന്നു കേന്ദ്രം ഭരിച്ചിരുന്നത്. 2014-നുശേഷം നിങ്ങളുടെ നിലപാടെന്താണ് മാറിയത്; ഞങ്ങളുടെ ചോദ്യം അതാണ്. എന്തുകൊണ്ടാണ് 2014-നുശേഷം ഇതുവരെയും ആർ.എസ്.എസ്.-നെ വിമർശിക്കാൻ നിങ്ങൾ തയ്യാറാകാത്തത്. ഇപ്പോൾ അവിടെ ഭരണത്തിലിരിക്കുന്നത് ബി.ജെ.പി.-യാണ്, കസേരയിലിരിക്കുന്നത്

ശ്രീ. നരേന്ദ്ര മോദിയാണ്. നിങ്ങൾക്ക് മുട്ട് വിറയ്ക്കും; കാരണം, നിങ്ങളുടെ വാല് അവരുടെ അമ്മിയ്ക്കുടിയിലാക്കിയിട്ട് കുറച്ചുകാലം കഴിഞ്ഞിരിക്കുന്നുവെന്നതാണ് പ്രശ്നം. അതുകൊണ്ട് ഞങ്ങൾക്ക് പറയാനുള്ളത്...., നിങ്ങൾ ഇതിനൊക്കെ ഉത്തരം പറയാതെ പുതിയ പുതിയ ഡയലോഗുകളുമായി പോകുകയാണ്. എന്താണ് ഡയലോഗ്? മലപ്പുറമുണ്ടാക്കിയത് നമ്മളാണ്; ഇവിടെ വലിയ വായനക്കാരുണ്ടല്ലോ; വലിയ പ്രഭാഷകരുണ്ടല്ലോ; മലപ്പുറം നിങ്ങൾ എന്നാ രൂപീകരിച്ചത്; നിങ്ങൾ മലപ്പുറം രൂപീകരിച്ചെന്ന് പറയുന്ന......, നിങ്ങൾ സി. എച്ച്.-നെ മാത്രം വായിച്ചാൽ പോരാ; നിങ്ങൾ ഇ.എം.എസ്.-നെ വായിക്കണം; ഇ.എം.എസ്-ന്റെ വളരെ ശ്രദ്ധേയമായ ഒരു പുസ്തകമുണ്ട്. ഇ.എം.എസ്.-നെക്കുറിച്ച് വളരെ കൃത്യമായി വായിക്കണം. ‘ 'കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ'' എന്നൊരു പുസ്തകമുണ്ട്. ആ പുസ്തകത്തിൽ മലപ്പുറം ജില്ല എന്നുപറയുന്നൊരു പരാമർശം പ്രത്യേകമായിട്ടുണ്ട്. 826 മുതൽ 830 വരെയുള്ള പേജുകൾ നിങ്ങളൊന്ന് വായിക്കണം. ആ പേജിൽ കൃത്യമായി പറയുന്നൊരു ഭാഗമുണ്ട്. മുസ്ലീം ലീഗിന്റെ ഭരണപങ്കാളിത്തെക്കുറിച്ച് അദ്ദേഹം പറയുകയാണ്. ഗവൺമെന്റ് പങ്കാളിത്തമൊക്കെ അതിനുവേണ്ടിയാണ്.

ഏതിനുവേണ്ടി; മലപ്പുറം ജില്ല രൂപീകരിക്കാൻവേണ്ടിയാണ് അവരുപയോഗിച്ചത്. ആര്; മുസ്ലീം ലീഗ് ഉപയോഗിച്ചത്. ഈ തന്ത്രവും കാഴ്ചപ്പാടും ശരികുകണ്ട് മറുതന്ത്രം പ്രയോഗിക്കുന്നതിൽ പാർട്ടി വിജയിച്ചില്ലെന്നതാണ് സത്യം. (.....ബഹളം....) ഡോ. കെ. ടി. ജലീൽ നിങ്ങൾ വായിക്കേണ്ടത് സി. എച്ച്.-നെയല്ല; ഇ.എം.എസ്.-നെയാണ്. മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. അന്ന് എഴുതിയ ആ പുസ്തകമെങ്കിലും നിങ്ങൾ വായിക്കാൻ തയ്യാറാണോ? ഇപ്പോൾ നിങ്ങളുടെ പണിയെന്താണ്; ആളുകളെ സ്വർഗ്ഗത്തിലേക്ക് എത്തിക്കുക. ആരാണ് സ്വർഗ്ഗത്തിൽ എത്തിക്കുന്നത്? വളരെ തമാശയാണ്; നിങ്ങൾ എന്ത് അപമാനിക്കലാണ് സഖാവ് എ. കെ. ജി.-യെ അപമാനിക്കുന്നത്. ഇത് ശരിക്കും സി.പി.ഐ.(എം) ആലോചിക്കണം. സഖാവ് എ.കെ.ജി. ഉയർത്തിപിടിച്ച ആദർശമെന്നുപറയുന്നത്...., ഈ നാട്ടിലെ ഏറ്റവും പാവപ്പെട്ടവർക്കുവേണ്ടി നിലപാടെടുത്ത നേതാവാണ്. മതരഹിതമായ ഒരു സമൂഹത്തിന്റെ കമ്മ്യൂണിസ്റ്റ് ജീവിതത്തെക്കുറിച്ചാണ് അദ്ദേഹം ഈ രാജ്യത്തെ ജനങ്ങളോട് ഏറ്റവും ശക്തമായി പറഞ്ഞത്. ആ കമ്മ്യൂണിസ്റ്റ് ജീവിതമുയർത്തിപ്പിടിച്ച നേതാവിന്

നിങ്ങളുടെ സ്വർഗ്ഗം ആവശ്യമുണ്ടോ ഡോ. കെ. ടി. ജലീൽ? നിങ്ങൾ മഹാത്മജിക്ക് സ്വർഗ്ഗം കൊടുക്കാൻ ആലോചിക്കുന്നു; ഞാൻ ഒരു കാര്യം മാത്രമാണ് പറയുന്നത്; അവരെ സ്വർഗ്ഗത്തിലേക്ക് ക്ഷണിച്ച് ഡോ. കെ. ടി. ജലീൽ ദയവായി അവരെ അപമാനിക്കരുത്; അവർ ഉയർത്തിപ്പിടിച്ച ആദർശത്തെ അപമാനിക്കരുത്; ഡോ. കെ. ടി. ജലീൽ നിങ്ങൾ ഒന്നാന്തരം ഒറ്റുകാരനാണ്. നിങ്ങളാദ്യം SIMI (Students Islamic Movement of India) ആയിരുന്നു. അന്ന് നിങ്ങൾ SIMI-യെ ഒറ്റുകൊടുത്തു; നിങ്ങൾ പിന്നെ യൂത്ത് ലീഗായി; അന്ന് മുസ്ലീം ലീഗിനെ ഒറ്റുകൊടുത്തു; (.....ബഹളം....) ഇനി ഇതാ ഒറ്റുകൊടുക്കാൻ പിന്നെയും ആളുകൾ ബാക്കിയാണ്. (.....ബഹളം....) അത് സി.പി.ഐ.(എം.) ആണ്. (.....ബഹളം....) അത് സി.പി.ഐ.(എം.)-നെ ഒറ്റുകൊടുക്കാൻ വേണ്ടിയാണ്. നിങ്ങൾ വല്ലാതെ കൈയടിയ്ക്കേണ്ട; (.....ബഹളം....) ഈ കൈയടിക്കുന്ന ആളുകൾ മുഴുവനും നാളെ ഡോ. കെ. ടി. ജലീൽ നിങ്ങളെ ഒറ്റുകൊടുക്കുമ്പോൾ അവിടെയുണ്ടാകണമെന്ന് മാത്രമാണ് ഞങ്ങൾക്ക് പറയാനുള്ളത്. (.....ബഹളം....) നിങ്ങൾ വല്ലാതെ കൈയടിക്കേണ്ട; ഞാൻ ഒരു കാര്യം മാത്രം പറയാം.

<u>മി. സ്പീക്കർ</u>: സമയം പോകുന്നുണ്ട്. യെസ്സ്......യെസ്സ്.....

<u>ഡോ. കെ. ടി. ജലീൽ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. Students Islamic Movement of India (SIMI) ആയി പ്രവർത്തിച്ചതിനുശേഷമാണ് യൂത്ത് ലീഗിൽ വന്നത്. അത് അറിയില്ലേ ശ്രീ. നജീബ്; എവിടെയും ഒറ്റുകൊടുത്തിട്ടില്ല; നിങ്ങൾ നിങ്ങളുടെ പാർട്ടിയെയും സമുദായത്തെയും വിറ്റ് കാശാക്കാൻവേണ്ടി നോക്കിയപ്പോൾ അതിനെ എതിർത്തതാണ് ഞാൻ ചെയ്തത്. അത് ഒറ്റ് ആണെങ്കിൽ ഇനിയും ഒരായിരം തവണ ഞാൻ ഒറ്റുകൊടുക്കും, ഒറ്റുകാരനാകും.

<u>മി. സ്പീക്കർ</u>: യെസ്സ്.... യെസ്സ്.... ഡോ. കെ. ടി. ജലീൽ പോയിന്റ് എന്താണ്? (.....ബഹളം....) ക്രമപ്രശ്നം എന്താണ്, നിങ്ങളുടെ ആവശ്യമെന്താണ്;

<u>ഡോ. കെ. ടി. ജലീൽ</u>: സർ, മുസ്ലീം ലീഗിന്റെ അഖിലേന്ത്യാ സെക്രട്ടറി ഡോ. എം. പി. അബ്ദുസ്സമദ് സമദാനി Students Islamic Movement of India (SIMI)-യുടെ സംസ്ഥാന നേതാവായിരുന്നു. അറിയില്ലേ; ശ്രീ. നജീബിന്;

<u>മി. സ്പീക്കർ</u>: യെസ്സ്.... യെസ്സ്.... പോയിന്റ് പറയൂ........

ഡോ. കെ. ടി. ജലീൽ: സർ, ഇനിയും എന്നെക്കൊണ്ട് പറയിപ്പിക്കണോ;

മി. സ്പീക്കർ: യെസ്സ്.... യെസ്സ്.... പോയിന്റിലേക്ക് വരൂ.....

(.....ബഹളം....)

ഡോ. കെ. ടി. ജലീൽ: സർ, കേരളത്തിലെ പ്രമാദമായ ഒരു മതപരിവർത്തന കേസിൽ ശ്രീധരൻപിള്ളയെ വക്കീലാക്കിയത് ആരാണ്? മാധവിക്കുട്ടിയെ മതം മാറ്റിയ കാര്യത്തിൽ ആരാണ് ശ്രീധരൻപിള്ളയെ വക്കീലാക്കിയത്. എന്നെക്കൊണ്ട് പറയിപ്പിക്കരുത്; ശ്രീ. നജീബേ ശ്രീധരൻപിള്ള എന്റെ വക്കീലല്ല.

മി. സ്പീക്കർ: യെസ്...യെസ്..... ശ്രീ. നജീബ് കാന്തപുരം നിങ്ങൾ സംസാരിക്കൂ.....

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ ഡോ. കെ. ടി. ജലീൽ പറഞ്ഞത് ആവർത്തിക്കുകയാണ്. ഡോ. കെ. ടി. ജലീൽ അവസാനം പറഞ്ഞു; ഞാൻ ഒറ്റുകൊടുക്കും; ഇനിയും ഒറ്റുകൊടുക്കും; ആരെ; സി.പി.ഐ.(എം.) ഇനിയും ഒറ്റുകൊടുക്കും. അതിനുവേണ്ടി ആപ്പുണ്ടാക്കാൻ പോയ ഡോ. കെ. ടി. ജലീൽ-നെ നിങ്ങൾ ഓർക്കണമെന്നുമാത്രമെ ഞാൻ സി.പി.ഐ.(എം.)-കാരോട്

പറയുന്നുള്ളൂ. ഇപ്പോൾ നിങ്ങൾ അടിക്കുന്ന അടി അധികകാലം അടിക്കാൻ നിങ്ങൾക്ക് കഴിയില്ല എന്നെഴുതി വച്ചോളൂ; ഞാൻ ഒറ്റക്കാര്യം പറയുകയാണ്.

മി. സ്പീക്കർ: സമയം അധികം തന്നു. 43 സെക്കന്റായി. യെസ്...യെസ്...... പ്ലീസ്..... കൺക്ലൂഡ്

ശ്രീ. നജീബ് കാന്തപുരം: സർ, തൃശ്ശൂരിലെ ഒരുപാട് മനുഷ്യരുടെ വേദന; ഒരുപാട് വിശ്വാസികളുടെ വേദന; ഈ കേരളത്തിലെ പൊതുസമൂഹത്തിന്റെ വേദന; ആ വേദനയെല്ലാം ആർ.എസ്.എസ്.-നുവേണ്ടി നക്കാപ്പിച്ചയ്ക്കുവേണ്ടി തുക്കിവിറ്റവരാണ് സി.പി.ഐ.(എം.)......... എന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ഡോ. കെ. ടി. ജലീൽ പറഞ്ഞത്, മുസ്ലീം ലീഗും സമുദായത്തെയും ചില ആളുകൾ ഒറ്റിക്കൊടുത്ത കാര്യമാണ് പറഞ്ഞത്. സി.പി.ഐ.(എം.)-നെ ഒറ്റിക്കൊടുക്കുന്ന കാര്യം ഡോ. കെ. ടി. ജലീൽ ഇവിടെ പറഞ്ഞിട്ടില്ല; അത് രേഖയിൽനിന്ന് ഒഴിവാക്കണം. (.....ബഹളം....)

ശ്രീ. പി. കെ. ബഷീർ: സർ, അത് ഞങ്ങളുടെ അഭിപ്രായം.....

മി. സ്പീക്കർ: യെസ്.... പരിശോധിക്കാം...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ പോയിന്റ് ഓഫ് ഓർഡർ പറയാതെ ഡോ. കെ. ടി. ജലീൽ, ശ്രീ. നജീബ് കാന്തപുരത്തിന്റെ പ്രസംഗത്തിന് മറുപ്രസംഗം നടത്തുകയാണ്. അങ്ങനെ പ്രസംഗം നടത്താൻ പോയിന്റ് ഓഫ് ഓർഡറിൽ വകുപ്പുണ്ടോ?

മി. സ്പീക്കർ: യെസ്.... പരിശോധിക്കാം+

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വ്യക്തിപരമായി വിശദീകരണം നൽകാനുള്ള അവകാശമുണ്ട്. അത് മാത്രമെ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ. (.....ബഹളം....)

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇവിടെ ഈ ഉപക്ഷേപം അവതരിപ്പിച്ച് സംസാരിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രതിപക്ഷത്തുനിന്നുമുള്ള എല്ലാവരും തൃശ്ശൂർ പൂരം കലക്കിയെന്ന പ്രയോഗമാണ് നടത്തിയത്. തൃശ്ശൂർ പൂരം അങ്ങനെ കലങ്ങിയിട്ടൊന്നുമില്ല. തൃശ്ശൂർ പൂരം അതിന്റെ പൂർണ്ണമായ ചടങ്ങുകളോടുകൂടി നടന്നു. സംസ്ഥാന ഗവൺമെന്റും ദേവസ്വം ബോർഡും

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാരേഖയിൽ നിലനിർത്തി. (ഫയൽ നം. 17375/ഇ.ബി/2024/ലെജി.)

അവിടത്തെ ദേവസ്വങ്ങളുമെല്ലാം വളരെ ഒത്തൊരുമയോടുകൂടി തൃശ്ശൂർ പൂരത്തിന്റെ അവസാന നടപടിക്രമങ്ങൾവരെ പൂർത്തീകരിച്ചിട്ടുണ്ട്. പൂരം കലക്കിയെന്ന് നിങ്ങൾ ഉപയോഗിക്കുന്ന വാക്ക് അതിന്റെ പേരിലുള്ള രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടിയാണെന്ന് രാജ്യത്തെ ജനങ്ങൾക്കും പൂര കമ്മിറ്റിക്കാർക്കും തൃശ്ശൂരുകാർക്കുമെല്ലാം അറിയാമെന്നാണ് അതിനെക്കുറിച്ച് പറയാനുള്ളത്. പക്ഷെ, പൂരത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചില ഇടപെടലുകളുണ്ടാവുകയും അത് പൂരത്തിന് പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്തു. അതിനെക്കുറിച്ചാണ് അന്വേഷണം നടത്തുന്നത്. ആ അന്വേഷണത്തിൽ ഗൂഢാലോചനയെപ്പറ്റിയും ഉദ്യോഗസ്ഥരുടെ വീഴ്ചയെ സംബന്ധിച്ചുമൊക്കെ പറയുന്നുണ്ട്. ഉന്നത ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ടുള്ള ത്രിതല അന്വേഷണ റിപ്പോർട്ട് വരുമ്പോൾ അതിൽ കുറ്റവാളികളായ മുഴുവൻപേരെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനുള്ള ശരിയായ നിലപാടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചതെന്നാണ് അതിനെക്കുറിച്ച് ഞങ്ങൾക്ക് പറയാനുള്ളത്. പിന്നെ ഇവർക്കുള്ളൊരു വേവലാധി ഇതിന്റെ ഭാഗമായി പാർലമെന്റ് തിരഞ്ഞെടുപ്പിൽ

തൃശ്ശൂരിൽ തോറ്റുവെന്നുള്ളതാണ്. അക്കാര്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ വിശദീകരണത്തോടുകൂടി വ്യക്തമായി. ഞങ്ങളുടെ ആളുകൾ വോട്ട് ചെയ്തിട്ടാണ് ശ്രീ. സുരേഷ് ഗോപി ജയിച്ചതെന്ന് അദ്ദേഹം വളരെ മനോഹരമായി ഇവിടെ പറഞ്ഞു. ഞങ്ങൾക്ക് ഒരു വീരാരാധനയുണ്ടായെന്നാണ് അദ്ദേഹമുപയോഗിച്ച വാക്ക്. ആ വീരാരാധനയുടെ ഭാഗമായി കോൺഗ്രസിന്റെ കുറെ ആളുകൾ വോട്ട് ചെയ്യുകയും ശ്രീ. സുരേഷ് ഗോപി ജയിക്കുകയും ചെയ്തുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഇതുതന്നെയാണ് ശ്രീ. കെ. സി. ജോസഫിന്റെ നേതൃത്വത്തിലുള്ള അന്വേഷണ കമ്മീഷൻ നിങ്ങളുടെ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ആ റിപ്പോർട്ട് എന്തുകൊണ്ടാണ് പുറത്തുവരാത്തത്? ശ്രീ. കെ. സി. ജോസഫും ഈ സഭയിലെ ഒരംഗവുമുൾപ്പെടെയുള്ള നിങ്ങളുടെ ഉപസമിതിയുടെ റിപ്പോർട്ടും ശ്രീ. കെ. മുരളീധരൻ പറഞ്ഞ ആക്ഷേപവുമൊക്കെ നിങ്ങളുടെ മുന്നിലുണ്ടല്ലോ. ശ്രീ. കെ. സി. ജോസഫ് സമർപ്പിച്ച റിപ്പോർട്ടിലൂടെ പുറത്തുവന്ന കാര്യങ്ങൾ ശരിയാണെങ്കിൽ പൂരം കലക്കിയതല്ല ശ്രീ. കെ. മുരളീധരന്റെ പരാജയത്തിന് കാരണമെന്ന് അതിൽ വ്യക്താക്കിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ശ്രീ. കെ. മുരളീധരൻ കെ.പി.സി.സി. യോഗത്തിലും

വയനാട് നടന്ന ദുരിതാശ്വാസ ക്യാമ്പിലും പങ്കെടുക്കാതെ പിണങ്ങി നടക്കുകയായിരുന്നു, എന്നാൽ ഇപ്പോൾ അദ്ദേഹം മടങ്ങി വന്നിട്ടുണ്ട്, അതൊക്കെ നിങ്ങളുടെ കാര്യം. പക്ഷെ, അദ്ദേഹമുന്നയിക്കുന്ന കാര്യങ്ങൾക്കുപോലും മറുപടി പറയാൻ നിങ്ങൾക്കാകുന്നില്ല. നിങ്ങൾ രാഷ്ട്രീയ ലക്ഷ്യത്തോടെയാണ് ഇക്കാര്യങ്ങൾ ഉപയോഗിക്കുന്നത്. കേരളത്തിൽ 2024-ൽ നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ ഭാഗമായി യു.ഡിഎഫ്-ന് മികച്ച വിജയമുണ്ടായി. ദേശീയ രാഷ്ട്രീയവുമായി ബന്ധപ്പെട്ട ചില രാഷ്ട്രീയ നിലപാടുകൾ, നമ്മുടെ രാജ്യത്ത് കേരളത്തിൽ പ്രത്യേകിച്ച് കോൺഗ്രസിന് വലിയ മുൻതൂക്കമുണ്ടായി. അങ്ങനെ എല്ലാ സീറ്റുകളിലും യു.ഡി.എഫ്. ജയിച്ചപ്പോഴും തൃശ്ശൂരിൽ നിങ്ങൾ മൂന്നാം സ്ഥാനത്തായതെന്തുകൊണ്ടാണ്? അക്കാര്യമാണ് നിങ്ങൾ പരിശോധിക്കേണ്ടത്. യു.ഡി.എഫ്. മൂന്നാം സ്ഥാനത്തായതിന്റെ കാരണം കണ്ടെത്തി അതിന് പരിഹാരം കാണാനല്ലേ നിങ്ങൾ ശ്രമിക്കേണ്ടത്. അതിനുപകരം മോഹഭംഗം വന്നവരുടെ ജൽപ്പനമായി ഈ സഭയിൽ വർഗീയ വിദ്വേഷം പ്രചരിപ്പിക്കുന്ന ഇത്തരം ആരോപണങ്ങളുമായി വരാമോയെന്നതാണ് എന്റെ ചോദ്യം. നിങ്ങൾ

എല്ലാദിവസവും ഉന്നയിക്കുന്ന കാര്യങ്ങൾ അതൊക്കെയല്ലേ? ജനങ്ങളെ ജാതിയുടെയും മതത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ വിഭജിക്കാവുന്ന പ്രശ്നങ്ങളെടുത്ത് ഇതുപോലെ അവതരിപ്പിക്കുമ്പോൾ തീക്കൊള്ളികൊണ്ടാണ് നിങ്ങൾ കളിക്കുന്നതെന്ന് ഓർക്കുന്നത് നന്നായിരിക്കും. എന്താണ് തിരഞ്ഞെടുപ്പിന് ഒരാഴ്ചമുമ്പ് ഇവിടെ നടന്നത്; കേരളത്തിലെ മുതിർന്ന നേതാവ് കെ. കരുണാകരന്റെ മകൾ ശ്രീമതി പത്മജയെ നിങ്ങൾ തളികയിൽവച്ച് ബി.ജെ.പി.-ക്ക് നൽകിയതുതന്നെയാണോ? ആ ഗൂഢാലോചനയിൽ കോൺഗ്രസിന്റെ ഏതെങ്കിലും നേതാക്കൾക്ക് പങ്കുണ്ടോ? കേരളത്തിൽ നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയേയും മാറ്റില്ലെന്നാണ് നിങ്ങൾ ആദ്യം പറഞ്ഞത്. എന്നിട്ടോ, മത്സരിക്കാനില്ലെന്ന് പറഞ്ഞ ശ്രീ. ടി. എൻ. പ്രതാപൻ പിന്നീട് മത്സരിക്കാമെന്ന് സമ്മതിക്കുകയും പതിനൊന്നുദിവസം പ്രചരണ ജാഥ നടത്തുകയും ചുമരെഴുത്ത് നടത്തുകയും ചെയ്തതിനുശേഷമാണ് ശ്രീ. കെ. മുരളീധരനെ തൃശ്ശൂരിലെ സ്ഥാനാർത്ഥിയാക്കിയത്. നട്ടും ബോൾട്ടുമില്ലാത്ത വണ്ടിയിൽ എന്നെ കയറ്റി തൃശ്ശൂരിൽ ഇറക്കിയെന്നാണ് അദ്ദേഹം പറഞ്ഞത്.

ഇത് എന്റെ വാക്കുകളല്ല, ശ്രീ. കെ. മുരളീധരന്റെ വാക്കുകളാണ്. നട്ടും ബോൾട്ടുമില്ലാത്ത വണ്ടിയിൽ അദ്ദേഹത്തിനെ കൊണ്ടിറക്കി ചതിച്ചത് ആരാണ്? ഞങ്ങളിൽ അതായത്, യു.ഡി.എഫ്-ൽ കുറച്ചുപേർ വിശ്വാസികളാണെന്നും അമ്പലത്തിൽ പോകുന്നവരാണ് അങ്ങനെ ചെയ്തതെന്നും നിങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞു. അത് മാത്രമാണോ? ഇരിങ്ങാലക്കുടയിലും തൃശ്ശൂർ പട്ടണത്തിലും ഒല്ലൂരിലും നിങ്ങളുടെ പാർട്ടി എങ്ങനെയാണ് മൂന്നാം സ്ഥാനത്തായത്? അതിനെക്കുറിച്ചുള്ള പരിശോധന നിങ്ങൾ നടത്തണം. ഞാൻ വോട്ടിന്റെ കണക്കുകളൊന്നും ഇവിടെ പറയുന്നില്ല. 2019-ൽ ലഭിച്ചതിനെക്കാൾ 86615 വോട്ടുകളാണ് യു.ഡി.എഫ്-ന് ഇത്തവണ കുറഞ്ഞത്. അത് ശ്രീ. സുരേഷ് ഗോപിയുടെ വീരത്വം കണ്ടിട്ട് ലഭിച്ചതാണോ? അദ്ദേഹത്തെ അവിടെ നിന്നും ജയിപ്പിക്കുന്നതിനായി നിങ്ങൾ എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ? ആർ.എസ്.എസും ബി.ജെ.പി.-യുമായി ധാരണയുണ്ടാക്കുന്നുവെന്ന ആക്ഷേപമുന്നയിച്ചാണ് നിങ്ങൾ കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ഇടതുപക്ഷത്തേയും നിരന്തരം ആക്രമിക്കുന്നത്. അതിനായി മതേതര പാരമ്പര്യത്തോടെ കേരളജനത

നോക്കികാണുന്ന തൃശ്ശൂർ പൂരത്തെപ്പോലും വളരെ വികലമായി ചിത്രീകരിക്കുന്നുവെന്നത് അപകടകരമാണ്. തൃശ്ശൂർ പൂരം എന്നത് ഏതെങ്കിലുമൊരു പ്രത്യേക വിഭാഗത്തിന്റേതല്ലല്ലോ; എല്ലാവരും ചേർന്ന് നടത്തുന്ന ഒരു പ്രദേശത്തിന്റേതല്ലേ. നിങ്ങളുടെ സങ്കുചിത രാഷ്ട്രീയബോധത്തിന്റെ ഭാഗമായി രാഷ്ട്രീയ ലാഭത്തിനുവേണ്ടി ലോകത്താകെയുള്ള ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന മഹത്തായൊരു സംസ്കാരത്തെ അപകീർത്തിപ്പെടുത്താനുള്ള ശ്രമം വളരെ അപലപനീയമാണ്. അതാണ് ഈ സഭയ്ക്കകത്തും പുറത്തും പ്രചരിപ്പിക്കുന്നത്. ഇവിടെ നേരത്തെ സൂചിപ്പിച്ചല്ലോ, ഓരോ ദിവസവും ഓരോ പ്രശ്നങ്ങളാണല്ലോ നിങ്ങൾ ഉന്നയിക്കുന്നത്. ഇന്നലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുസ്ലീം മതന്യൂനപക്ഷ വിഭാഗങ്ങളുടെ വിരോധികളായിരുന്നുവെങ്കിൽ ഇന്നിപ്പോൾ തൃശ്ശൂർ പൂരത്തെ സംബന്ധിച്ച വിഷയം ഉന്നയിച്ച് എൽ.ഡി.എഫ്-നെ മറ്റൊരു വിഭാഗം ജനങ്ങളുടെ വിരോധികളാക്കി മാറ്റി. എന്നാൽ, നിങ്ങൾ ഉന്നയിക്കുന്ന ഓരോ ആക്ഷേപങ്ങളും ഇടതുപക്ഷ ജനാധിപത്യ മുന്നണി ശരിയായ നിലപാടാണ് സ്വീകരിക്കുന്നതെന്നതിന്റെ ഉത്തരമാണ്. ഞങ്ങൾ ഇത്തരം മതനിരപേക്ഷ

നിലപാടാണ് ഇന്ത്യയിലും കേരളത്തിലും സ്വീകരിക്കുന്നത്. എന്നാൽ, നിങ്ങൾക്ക് ആ നിലപാട് സ്വീകരിക്കാൻ കഴിയുന്നുണ്ടോ? ഇന്ത്യയിലാകെയുമില്ല, ഈ കേരളത്തിൽ പലപ്പോഴുമില്ല. ഞാൻ പഴയ കഥകളിലെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ബാബറി മസ്ജിദുമായി ബന്ധപ്പെട്ട വിഷയത്തിൽ യു.ഡി.എഫ്. സ്വീകരിച്ച സമീപനത്തെപ്പറ്റി ഈ സഭ ചർച്ച ചെയ്തതാണ്. യു.ഡി.എഫ്-നും അതിന്റെ ഭാഗമായ മുസ്ലീം ലീഗുൾപ്പെടെയുള്ളവർക്കും അന്നൊരു നിലപാടുണ്ടായിരുന്നോ? നിങ്ങൾ സ്വീകരിച്ച സമീപനം ഈ രാജ്യത്തെ എത്രമാത്രം വർഗീയമായി വിഭജിക്കാനിടയാക്കിയെന്ന് നിങ്ങൾ മനസ്സിലാക്കണം.

ഉത്തർപ്രദേശിൽ നടക്കുന്ന കൻവാർ യാത്രയുമായി ബന്ധപ്പെട്ട് റോഡിന്റെ വശങ്ങളിലുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളിലും വ്യാപാരികളുടെ പേരെഴുതിവയ്ക്കണമെന്ന് മുഖ്യമന്ത്രി ശ്രീ. യോഗി ആദിത്യനാഥ് ഉത്തരവിറക്കി. അത് ഞങ്ങൾക്ക് മനസ്സിലാകും. പക്ഷെ, കോൺഗ്രസ് പാർട്ടി ഭരണം നടത്തുന്ന ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി അതേ കാര്യംതന്നെ എഴുതി വയ്ക്കുന്നതെന്തിനാണ്? നിങ്ങൾ ഏത് രാഷ്ട്രീയത്തോടൊപ്പമാണ് നിൽക്കുന്നത്?

നിങ്ങളിപ്പോൾ ബി.ജെ.പി.-യെ എതിർക്കാൻ നോക്കുകയാണ്. എന്നാൽ, കോൺഗ്രസിന് അതിനുള്ള ശേഷിയുണ്ടോ? ജമ്മു കാശ്മീർ തിരഞ്ഞെടുപ്പ് ഫലം ഇന്നലെ പുറത്തുവന്നു. നിങ്ങളുടെ റിസൾട്ട് ഒന്ന് പരിശോധിച്ച് നോക്കു. കോൺഗ്രസ് പാർട്ടി ബി.ജെ.പി.-യുമായി ഏറ്റുമുട്ടിയ സ്ഥലങ്ങളിലെല്ലാം ദയനീയമായി പരാജയപ്പെടുകയായിരുന്നു. ജമ്മു കാശ്മീരിൽ ബി.ജെ.പി.-യെ പരാജയപ്പെടുത്തി വിജയിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ സന്തോഷിക്കുകയാണ്. നിങ്ങൾക്ക് അതിന് കഴിഞ്ഞോ? ഹരിയാനയിൽ മറ്റാരുംവേണ്ടെന്നുള്ള സമീപനവും അഹന്തയും നിങ്ങളെ എവിടെയാണ് കൊണ്ടുചെന്നെത്തിച്ചത്? ഹരിയാനയിൽ നിങ്ങൾക്ക് ബി.ജെ.പി.-യെ ചെറുക്കാൻ സാധിച്ചോ? ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി ശ്രീ. കെ. സി. വേണുഗോപാലിനായിരുന്നു തിരഞ്ഞെടുപ്പ് ചുമതല. അദ്ദേഹമാകട്ടെ രാജ്യസഭാംഗത്വം രാജിവച്ചതിലൂടെ ബി.ജെ.പി.ക്ക് ഒരു സീറ്റുകൂടി അധികം നൽകി ഭൂരിപക്ഷം വർദ്ധിപ്പിച്ചുകൊടുത്ത ആളാണ്. ഇതാണ് നിങ്ങളുടെ ധാരണ. കഴിഞ്ഞ ദിവസം നാഷണൽ ഹൈവെ അതോറിറ്റിയിലെ വക്കീലന്മാരുടെ പാനലിൽ നമ്മുടെ

പ്രിയപ്പെട്ട ചാണ്ടി ഉമ്മൻ എങ്ങനെയാണ് തിരഞ്ഞെടുക്കപ്പെട്ടത്, എന്താണ് അതിന്റെ ഡീൽ? ഞാൻ വ്യക്തിപരമായി ആക്ഷേപിക്കുന്നതല്ല, അങ്ങനെ കണക്കാക്കരുത്. അക്കാര്യത്തിൽ കോൺഗ്രസ് പാർട്ടി അവരുടെ നിലപാട് വ്യക്തമാക്കേണ്ടതല്ലേ? ഞാൻ പറയുന്ന കാര്യങ്ങൾ വാസ്തവമല്ലെങ്കിൽ നിങ്ങൾ നിഷേധിച്ചോളൂ; ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്ന് സംസാരിക്കുന്നുണ്ടല്ലോ; നിങ്ങളുടെ ശ്രീ. ചാണ്ടി ഉമ്മന് ഇങ്ങനെയൊരു സ്ഥാനം നൽകിയത് നിങ്ങളുമായുള്ള ഡീലിന്റെ ഫലമായിട്ടാണെന്നല്ല ഞാൻ ആക്ഷേപിച്ചത്, പക്ഷെ സംശയിക്കാം. അഖിലേന്ത്യ തലത്തിലും കേരളത്തിലും നിങ്ങൾ സ്വീകരിച്ച നിലപാടുകൾ, അക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച സഖാവ് പിണറായി വിജയനോ കമ്മ്യൂണിസ്റ്റ് പാർട്ടിക്കോ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കോ ബി.ജെ.പി.-യെ എതിർക്കുന്നതിലുണ്ടായോ? കേരളത്തിന്റെ ചരിത്രമാകെ നിങ്ങൾ പരിശോധിച്ചോളൂ, ആ ചരിത്രത്തിൽ എവിടെയെങ്കിലും ബി.ജെ.പി.-ക്ക് ഞങ്ങൾ കീഴടങ്ങിയിട്ടുണ്ടോ? മാറാട് കലാപത്തിന്റെ കാലത്ത് നിങ്ങൾ തിരിച്ചുവന്നതിന്റെ കഥ ഇവിടെ പറഞ്ഞു. ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണി ഉൾപ്പെടെയുള്ളവർ അവിടെയെത്തിയപ്പോൾ ശ്രീ. പി. കെ.

കുഞ്ഞാലിക്കുട്ടി സാഹിബിനെയും കൂടെയുള്ളവരേയും ആ പ്രദേശത്തേക്ക് കടത്തിവിടില്ലെന്ന് അരയ സമാജത്തിന്റെ ആളുകൾ പറഞ്ഞപ്പോൾ ഒത്തുതീർപ്പുണ്ടാക്കിയത് ഞങ്ങളല്ല. അവരെയൊക്കെ മടക്കി അയയ്ക്കുകയാണ് ചെയ്തത്. അതിനുശേഷമാണ് ശ്രീ. പിണറായി വിജയൻ അവിടെ പോകുന്നത്. അദ്ദേഹത്തോടൊപ്പം ശ്രീ. എളമരം കരീമും ഈ സഭയിലെ അംഗമായിരുന്ന ശ്രീ. വി. കെ. സി. മമ്മദ് കോയയുമുണ്ടായിരുന്നു. അവിടെ ഞങ്ങളെയും തടഞ്ഞില്ലേ; തടഞ്ഞപ്പോൾ ശിരസ്സുകുനിച്ച് സമസ്താപരാധവും ഏറ്റുപറഞ്ഞ് തിരിച്ച് പോരുകയാണോ, അതോ ഞങ്ങൾ ആ പ്രദേശത്തേക്ക് പോകുമെന്ന് പറയുകയാണോ ശ്രീ. പിണറായി വിജയൻ ചെയ്തത്? ഞങ്ങൾ സന്ധി ചെയ്യുന്നവരല്ല. ഇന്ത്യൻ മതേതരത്വത്തിന്റെ നിലപാട് ഉയർത്തിപ്പിടിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ബി.ജെ.പി.-ക്കെതിരായ നിലപാട് ഉയർത്തിപ്പിടിക്കാൻ ഞങ്ങൾ എപ്പോഴും ശ്രമിച്ചിട്ടുണ്ട്. ആ ഞങ്ങളുടെ രാഷ്ട്രീയ പാരമ്പര്യത്തിനെതിരെ ചില പ്രത്യേക കാര്യങ്ങളുടെ പേരിൽ ദുഷ്പ്രചരണം നടത്തുന്ന നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. നിങ്ങൾ സ്വീകരിക്കുന്ന ഈ സമീപനം ആരെയാണ് സഹായിക്കുന്നത്; നിങ്ങൾക്ക് മോഹഭംഗമുണ്ട്. 8

വർഷം പ്രതിപക്ഷത്തിരുന്നപ്പോൾ നിങ്ങൾക്ക് സഹിക്കാൻ കഴിയാത്ത മനോവേദനയുണ്ടായിട്ടുണ്ട്. പക്ഷേ, ആ മനോവേദന കേരളത്തിന്റെ രാഷ്ട്രീയ അന്തരീക്ഷത്തെ ബി.ജെ.പി.-ക്ക് തീറെഴുതിക്കൊടുത്ത് മലീമസമാക്കിക്കൊണ്ടും ആർ.എസ്.എസ്.-ന് വോട്ട് സംഭാവന ചെയ്തുകൊണ്ടുമല്ല തീർക്കേണ്ടത്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ കേരളത്തിലെ 11 അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ബി.ജെ.പി. ഒന്നാം സ്ഥാനത്തുണ്ട്. പ്രസ്തുത അസംബ്ലി നിയോജകമണ്ഡലങ്ങളിൽ കോൺഗ്രസ് മൂന്നാം സ്ഥാനത്താണ്. ആരാണ് ബി.ജെ.പി.-യുമായി ഇത്തരമൊരു നിലപാടിലേക്ക് പോകുന്നത്; ആ പ്രശ്നം പറഞ്ഞ് മതനിരപേക്ഷ നിലപാട് സ്വീകരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ആക്രമിക്കാൻ നിങ്ങൾ വച്ച വെള്ളം വാങ്ങി വയ്ക്കുന്നതാണ് നല്ലതെന്ന് പറയാനാണ് ഞാനിത് സൂചിപ്പിച്ചത്.

ഞാൻ അവസാനിപ്പിക്കുകയാണ്. തൃശ്ശൂർ പൂരത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. .........അങ്ങ് പറയുന്നതിന് മറുപടി പറയാനല്ലല്ലോ ഞാൻ നിൽക്കുന്നത്. എവിടെയെങ്കിലുമിരുന്ന് പറയുന്നതിന് മറുപടി പറയലല്ലല്ലോ എന്റെ പണി....... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈശ്വര

വിശ്വാസിയാണ്. അതുകൊണ്ടുതന്നെ അങ്ങയോട് എനിക്കൊരഭ്യർഥനയുണ്ട്. അങ്ങ് പ്രാർഥിക്കുമ്പോൾ നാളെ ഒരു പിണറായി വിജയനായി, മതേതരവാദിയായ ഒരാളായി എന്നെ മാറ്റണേ എന്നുള്ള പ്രാർഥന അങ്ങയുടെ കൂടെയുണ്ടാവണം. ഈ നാടിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയെപ്പോലെ, ക്രിയാത്മക പ്രതിപക്ഷമായി, ആ ക്രിയാത്മക പ്രതിപക്ഷത്തിന്റെ ക്രിയാത്മക നേതാവായി അങ്ങേക്ക് മാറാൻ കഴിയണമെന്നുള്ള പ്രാർഥന എപ്പോഴും അങ്ങയുടെ ഓർമ്മയിലുണ്ടാകണമെന്നുമാത്രം സൂചിപ്പിച്ച് ഈ നിയമസഭയിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേൽ ഇങ്ങനെയൊരു ചർച്ച നടത്താൻ അവസരമുണ്ടാക്കിയതിലൂടെ ജനങ്ങളെ ഇക്കാര്യം ബോധ്യപ്പെടുത്താൻ ഞങ്ങൾക്കായിട്ടുണ്ട്. നാളെ ജനങ്ങൾക്കിടയിലേക്കിറങ്ങി ഇക്കാര്യങ്ങളുടെ നിജ:സ്ഥിതി ബോദ്ധ്യപ്പെടുത്തി അവരുടെ തെറ്റിദ്ധാരണ മാറ്റാൻ ഞങ്ങൾക്കാകുമെന്ന പ്രതീക്ഷയാണുള്ളത്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ടി ഉപക്ഷേപം ചർച്ചയ്ക്ക് അനുവദിച്ച അവസരത്തിൽ രണ്ടുദിവസം മുമ്പ് ഇതേ സഭയിൽ നടന്നൊരു കാര്യത്തെക്കുറിച്ച് ആവർത്തിക്കുകയുണ്ടായി. അതോടൊപ്പം അന്ന് പ്രതിപക്ഷാംഗങ്ങൾ ഒളിച്ചോടുകയായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഞങ്ങൾ പലപ്രാവശ്യം പറഞ്ഞു, ബഹുമാനപ്പെട്ട ചെയർ അന്ന് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കാൻ ഞങ്ങളെ വിളിച്ചില്ല. അന്ന് ഒരു വിഷയത്തിന്മേൽ ഞങ്ങൾക്കുള്ള പ്രതിഷേധം സഭയുടെ നടുത്തളത്തിലിറങ്ങി പ്രകടിപ്പിക്കുകയായിരുന്നു. പ്രതിപക്ഷാംഗങ്ങൾ ആദ്യമായാണ് നടുത്തളത്തിലിറങ്ങുന്നതെന്ന മട്ടിലാണ് ഇവിടെ പലരും സംസാരിച്ചത്. മുമ്പ് സി.പി.ഐ.(എം.) നേതൃത്വത്തിൽ എൽ.ഡി.എഫ്. അംഗങ്ങൾ നടുത്തളത്തിലിറങ്ങി കാണിച്ച ബഹളങ്ങളൊക്കെ ഒരുപാട് തവണ എല്ലാവരും കണ്ടിട്ടുണ്ട്. അവസാനം ഡയസ്സിൽ കയറി അവിടെയുണ്ടായിരുന്ന കമ്പ്യൂട്ടറും മറ്റും തല്ലിത്തകർത്തതും ഓർമ്മയുണ്ടാവും. എന്നാൽ, അതേ സി.പി.ഐ.(എം.) നേതൃത്വത്തിലെ ഒരാംഗവും മന്ത്രിയുമായ ശ്രീ. വി.

ശിവൻകുട്ടി വരെ കഴിഞ്ഞദിവസം ഞങ്ങളെ നിയന്ത്രിക്കാൻ എഴുന്നേറ്റുവന്നു. എങ്ങനെയാണ് ഈ സഭയിൽ പെരുമാറേണ്ടത് എന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്തുനിന്ന് അദ്ദേഹം ക്ലാസ് എടുക്കുന്നുണ്ടായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ അംഗങ്ങൾ അന്ന് ഈ സഭയിൽ ചെയ്തതുപോലൊന്നും ഞങ്ങൾ ചെയ്തില്ല. ഇവിടെ ഞങ്ങൾ സംസാരിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു. അതുകഴിഞ്ഞപ്പോൾ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കാൻ ഞങ്ങളെ വിളിക്കുമെന്ന് വിചാരിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ സാധാരണ അങ്ങനെയാണ് ചെയ്യുന്നത്. പക്ഷേ, അന്ന് അദ്ദേഹം ഉപക്ഷേപം അവതരിപ്പിക്കാൻ വിളിച്ചില്ലെന്ന് മാത്രമല്ല, സഭ അവസാനിപ്പിച്ച് എഴുന്നേറ്റുപോവുകയാണ് ചെയ്തത്. അന്ന് ഉപക്ഷേപം അവതരിപ്പിക്കാതെ പോകാനുണ്ടായ സാഹചര്യം ഇതായിരുന്നു. ഞങ്ങൾ ആ വിഷയത്തിൽനിന്നും എന്തിനാണ് ഒളിച്ചോടുന്നത്; പിന്നെ എന്തിനാണ് ഞങ്ങൾ നോട്ടീസ് കൊടുത്തത്; ഇന്നലെ മുഴുവൻ ഞങ്ങൾ ആ വിഷയത്തിന്മേലുള്ള വിശദീകരണം നൽകിയില്ലേ; ഞങ്ങൾക്ക് ഇന്ന്

അവതരിപ്പിക്കാൻ പറ്റിയില്ലെങ്കിൽ നാളെ അവതരിപ്പിക്കും; അല്ലെങ്കിൽ അതിനടുത്ത ദിവസം പറയുമെന്നുതന്നെയല്ലേ ഞങ്ങൾ മീഡിയയോടും പറഞ്ഞത്. ഇന്നലെ മുഴുവൻ ഈ സഭയിൽ ഞങ്ങൾ അക്കാര്യങ്ങളെക്കുറിച്ച് പറഞ്ഞല്ലോ. എന്നിട്ട് അതിനെപ്പറ്റി എന്തെങ്കിലുമൊരു മറുപടി നൽകിയോ?

ഇതെല്ലാം പുകമറയാണെന്നാണ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞത്. ഇത് പുകമറയാണെന്നല്ലല്ലോ തൃശ്ശൂർ എം.എൽ.എ. ശ്രീ. പി. ബാലചന്ദ്രൻ ഇവിടെ പറഞ്ഞത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഈ സഭയിലെ അംഗങ്ങൾക്ക് ഏറ്റവും കൂടുതൽ തവണ ക്ലാസ് എടുത്തിട്ടുള്ള ആളാണ് ശ്രീ. വി. ഡി. സതീശൻ.

മി. സ്പീക്കർ: ഇത് അങ്ങേയ്ക്കുള്ള കോംപ്ലിമെന്റാണ്.

ശ്രീ. വി. ഡി. സതീശൻ: താങ്ക്യൂ, വ്യക്തിപരമായി ഏറ്റവും നന്നായി, വളരെ മനോഹരമായി പെരുമാറുന്ന, ഈ മന്ത്രിസഭയിൽ എനിക്ക് ഏറ്റവും

ഇഷ്ടപ്പെട്ടൊരാളാണ് അദ്ദേഹം. അക്കാര്യത്തിൽ സംശയമൊന്നും വേണ്ട. അതൊക്കെ വേറെ കാര്യം.

ഞാൻ വേറൊരു കാര്യം പറയാം. ഇവിടെ യു.ഡി.എഫ്. രാഷ്ട്രീയ പുകമറ സൃഷ്ടിക്കുകയാണെന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും മന്ത്രി പറയുകയാണ്. സി.പി.ഐ. നേതാവായ തൃശ്ശൂർ എം.എൽ.എ. ശ്രീ. പി. ബാലചന്ദ്രൻ ഇതൊക്കെ പുകമറയാണെന്നല്ലല്ലോ പറഞ്ഞത്; ഇത് പുകമറ ആയിട്ടുള്ളൊരു കാര്യമാണെങ്കിൽ പിന്നെ എന്തിനാണ് ത്രിതല അന്വേഷണം നടത്തുന്നത്; ഞങ്ങളുണ്ടാക്കുന്ന പുകമറയെക്കുറിച്ച് നിങ്ങൾ എന്തിനാണ് ത്രിതല അന്വേഷണം നടത്തുന്നത്? തൃശ്ശൂർ പൂരം കലക്കിയതല്ലെന്ന് ശ്രീ. എ. സി. മൊയ്തീൻ ഇവിടെ പറയുകയുണ്ടായി. പൂരം കലക്കിയതാണെന്നാണ് തൃശ്ശൂർ എം.എൽ.എ. ശ്രീ. പി. ബാലചന്ദ്രൻ പറഞ്ഞത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇക്കാര്യത്തിൽ വ്യക്തത വരുത്താൻ വേണ്ടിയാണ്. പ്രതിപക്ഷം പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്ന, രാഷ്ട്രീയ

മുതലെടുപ്പിന് ശ്രമിക്കുന്നുവെന്നാണ് ഞാൻ പറഞ്ഞത്. എന്റെ വാക്കുകളെ അങ്ങ് ശരിയായി മനസ്സിലാക്കിയതാണോ, അതോ ബോധപൂർവം ദുർവ്യാഖ്യാനം ചെയ്യുന്നതാണോ എന്നെനിക്കറിയില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് പറഞ്ഞ കാര്യം സഭാരേഖകളിലുണ്ടല്ലോ; പുകമറ സൃഷ്ടിക്കുന്ന വിഷയമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ, തൃശ്ശൂർ പൂരം കലക്കിയതാണെന്നാണ് തൃശ്ശൂർ എം.എൽ.എ. ഇവിടെ പറഞ്ഞത്; സി.പി.ഐ. പറഞ്ഞത്. ജനയുഗം ഇതുപോലുള്ളൊരു രൂക്ഷമായ വിമർശനം നടത്തിയപ്പോൾ അത് മാധ്യമ വാർത്തയായി. അല്ലെങ്കിൽത്തന്നെ ഞങ്ങൾ ജനയുഗവും ദേശാഭിമാനിയുമൊക്കെ വായിക്കുന്ന ആളുകളാണ്. അതിനെന്താണ് കുഴപ്പം; അത് വായിക്കണ്ടെ; ശരിയായ വിവരവും തെറ്റായ വിവരവുമൊക്കെ എല്ലാ പത്രങ്ങളിലുമുണ്ടാകും. അതിലൊന്നുമല്ല കാര്യം. ഇവിടെ എന്താണ് സംഭവിച്ചത്; ഒരുകാര്യം യാഥാർഥ്യമാണ്. സാധാരണ നടക്കുന്നതുപോലെയാണോ ഇത്തവണ തൃശ്ശൂർ പൂരം നടന്നത്; പൂരം കലക്കി, എങ്ങനെ കലക്കി; ഇപ്പോൾ ശബരിമല സീസണാകുമ്പോൾ പോലീസിനൊരു

പ്ലാനുണ്ടാകും. അതിനെപ്പറ്റി തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രിക്കറിയാം. എങ്ങനെയാണ് അവിടെ വരുന്ന ജനങ്ങളെ പോലീസ് കൈകാര്യം ചെയ്യേണ്ടത് എന്നതുസംബന്ധിച്ച് ഒരു ബ്ലൂ പ്രിന്റുണ്ടാകും. ഓരോവർഷവും ആവശ്യമായ ചില കോസ്മെറ്റിക് കറക്ഷൻസ് വരുത്തുകയും ചെയ്യും. അതായത്, ചിലപ്പോൾ പാർക്കിംഗ് സ്പേസ് മാറ്റുകയോ മറ്റ് ചിലപ്പോൾ എൻട്രി മാറ്റുകയോ ഒക്കെ ചെയ്യും. അങ്ങനെയുള്ള ചെറിയ ചില വ്യത്യാസങ്ങളുണ്ടാകും. അങ്ങനെയൊരു റിപ്പോർട്ടുമായി തൃശ്ശൂർ പൂരം നടത്തുന്നതിന് മൂന്ന് ദിവസം മുമ്പ് സിറ്റി പോലീസ് കമ്മീഷണർ എ.ഡി.ജി.പി. (ലാ ആൻഡ് ഓർഡർ) വിളിച്ച യോഗത്തിൽ പോയല്ലോ; അപ്പോൾ ആ റിപ്പോർട്ടും പ്ലാനുമൊന്നും വേണ്ടെന്ന് പറഞ്ഞ എ.ഡി.ജി.പി. (ലാ ആൻഡ് ഓർഡർ) പകരം പുതിയൊരു പ്ലാൻ കമ്മീഷണർക്ക് നൽകുകയും ടി പ്ലാൻ നടപ്പാക്കിയാൽ മതിയെന്ന് പറയുകയും ചെയ്തു. എന്തിനുള്ള പ്ലാനായിരുന്നു അത്. പൂരം നന്നാക്കാനുള്ളതോ അതോ പൂരം കലക്കാനുള്ളതോ; അതാണ് ഇവിടത്തെ പ്രശ്നം. അതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളെപ്പറ്റി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വളരെ വിശദമായി പറഞ്ഞു. വെടിക്കെട്ടിന്റെയല്ല

പ്രശ്നം. രാവിലെ 11 മണിക്ക് 'മഠത്തിൽവരവ്' മുതൽ പ്രശ്നം തുടങ്ങി. ധാരാളം ആചാരാനുഷ്ഠാനങ്ങളുള്ള വളരെ പ്രധാനപ്പെട്ട സ്ഥലമാണ് അത്. കുറുപ്പംപടിറോഡ് വഴി പോകുന്ന കണിമംഗലം ശാസ്താവിന്റെ എഴുന്നള്ളത്ത് ചെല്ലുമ്പോൾ റൗണ്ട്സിനു ചുറ്റും വാഹനങ്ങളായിരുന്നു. ഒരിക്കലും അവിടെ വാഹനങ്ങൾ ഉണ്ടാകാറേയില്ല. എഴുന്നള്ളത്ത് എത്തുന്ന സമയത്ത് അവിടെ നിന്ന് വാഹനങ്ങളൊക്കെ മാറ്റാറുണ്ട്.  എന്നാൽ, ഇത്തവണ തൃശ്ശൂർ പൂരം നടക്കുന്ന ടൗണിലെ റൗണ്ടിനുചുറ്റും പ്രൈവറ്റ് ബസ്സുകളുൾപ്പെടെ ഓടിക്കൊണ്ടിരിക്കുകയാണ്. വളരെ പ്രയാസപ്പെട്ടാണ് കണിമംഗലം ശാസ്താവിന്റെ എഴുന്നള്ളത്ത് അകത്തേക്ക് കയറിയത്. വൈകുന്നേരം 5 മണിക്ക് 'തെക്കോട്ടിറക്കം'. അപ്പോഴും പ്രശ്നമായിരുന്നു. സാധാരണ വെടിക്കെട്ട് നടക്കുന്ന സ്ഥലത്തിനുചുറ്റും നിശ്ചിത അകലം പാലിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുണ്ട്.  അത് തൃശ്ശൂർ പൂരം നടക്കുന്ന സ്ഥലത്തുമാത്രമല്ല,  വെടിക്കെട്ട് നടക്കുന്ന എല്ലാ സ്ഥലങ്ങളിലും പ്രത്യേക നിർദേശം നൽകിയിട്ടുണ്ട്. അതിന് അന്ന് രാവിലെ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുംകയും ചെയ്യും. വെളുപ്പാൻകാലത്ത് നടക്കുന്ന വെടിക്കെട്ടിന് രാത്രി

8 മണിക്ക് പ്രവേശകവാടങ്ങളെല്ലാം ബാരിക്കേഡുവച്ച് ക്ലോസ് ചെയ്തതിനാൽ ആളുകൾക്ക് അങ്ങോട്ടേക്ക് പ്രവേശിക്കാൻ സാധിച്ചില്ല. ആളുകൾ ബഹളമുണ്ടാക്കി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ പൂരം കാണാൻ വന്ന, ഉത്സവം കാണാൻ വന്ന സാധാരണക്കാരായ മനുഷ്യർ അതായത്, പാസ്സീവ് ക്രൗഡ് ആക്റ്റീവ് ക്രൗഡായി, അവർ വയലന്റായി. അവർക്ക് അകത്തേക്ക് പ്രവേശിക്കാൻ കഴിയുന്നില്ല. വെടിക്കെട്ട് നടക്കുന്നതിന്റെ തലേദിവസം രാത്രി തന്നെ എല്ലാ പ്രവേശനകവാടങ്ങളും ബാരിക്കേഡുവച്ച് അനങ്ങാൻ കഴിയാത്ത വിധത്തിൽ മനഃപൂർവം ക്ലോസ് ചെയ്യുകയാണ്; പൂരം കാണാൻവന്ന സാധാരണക്കാരായ ആളുകളെ മൂന്ന് സ്ഥലത്ത് പോലീസ് ലാത്തിചാർജ് ചെയ്തുവെന്ന് മാത്രമല്ല, ദേവസ്വം ഉദ്യോഗസ്ഥരെപോലും തടയുകയും തള്ളിമാറ്റുകയും ചെയ്തു. ജനപ്രതിനിധികളോട് പോലീസ് വളരെ പരുഷമായി പെരുമാറി. എഴുന്നള്ളിച്ച് നിർത്തിയിരിക്കുന്ന ആനയ്ക്ക് പട്ട കൊടുക്കണം; ഇല്ലെങ്കിൽ ആന വിരളും. ആനയ്ക്ക് പട്ട കൊണ്ടുപോയി കൊടുത്തതിനുപോലും പോലീസുകാർ തടുത്തു. എന്നുമാത്രമല്ല, കുടമാറ്റത്തിനുള്ള കുടയുമായി പോയപ്പോഴും ദേവസ്വം ഭാരവാഹികളെയും തടഞ്ഞുനിർത്തി.

പോലീസ് രാവിലെ മുതൽ പിറ്റേ ദിവസം രാവിലെ വരെ അഴിഞ്ഞാടി. അക്കാര്യത്തിൽ നിങ്ങൾക്ക് സംശയമില്ലല്ലോ; അതുസംബന്ധിച്ച തെളിവ് പുറത്തു വന്നപ്പോൾ നിങ്ങൾ എന്താണ് ചെയ്തത്, നിങ്ങൾ കമ്മീഷണറെ മാറ്റിയിട്ട് കമ്മീഷണറാണ് അവിടെ അഴിഞ്ഞാടിയതെന്ന് പറഞ്ഞു. അവിടെയാണ് പ്രധാനപ്പെട്ട പ്രശ്നം. അവിടെ കമ്മീഷണർ മാത്രമാണോ ഉണ്ടായിരുന്നത്; പോലീസിന്റെ ഹൈറാർക്കി എന്താണ്; കമ്മീഷണർക്ക് മുകളിൽ ഡി.ഐ.ജി. ഉണ്ടെങ്കിൽ ഡി.ഐ.ജി. ആണ് ഫൈനൽ ഓർഡർ നൽകേണ്ടത്. ഡി.ഐ.ജി.-ക്ക് മുകളിൽ ഐ.ജി. ഉണ്ടെങ്കിൽ ഐ.ജി. ആണ് ഫൈനൽ ഓർഡർ നൽകേണ്ടത്. ഇവിടെ ഐ.ജി.-ക്ക് മുകളിൽ എ.ഡി.ജി.പി. (ലാ ആൻഡ് ഓർഡർ) ശ്രീ. എം. ആർ. അജിത് കുമാർ അവിടെയുണ്ടായിരുന്നു. ഈ കമ്മീഷണറാണ് അവിടെ അഴിഞ്ഞാടിയെങ്കിൽ അദ്ദേഹം ഏതെങ്കിലും സമയത്ത് കമ്മീഷണറെ വിളിച്ച് താൻ എന്താടോ അവിടെ ചെയ്യുന്നതെന്നൊരു വാക്ക് ചോദിച്ചോ; പോലീസിന്റെയൊരു ഭാഷയുണ്ടല്ലോ; ഞാൻ പറഞ്ഞ ഭാഷയല്ല. താൻ എന്താടോ ചെയ്യുന്നതെന്ന് ചോദിക്കില്ലേ; എന്ത് തോന്ന്യാസമാണ് ചെയ്യുന്നത്; ചോദിച്ചോ ഏതെങ്കിലും സമയത്ത്; ഇടപെട്ടോ

ഏതെങ്കിലും സമയത്ത്? ഈ പൂരം കലക്കാനുള്ള എ.ഡി.ജി.പി.യുടെ ബ്ലൂ പ്രിന്റാണ് അവിടെ നടപ്പാക്കുന്നത്. പിന്നെ എങ്ങനെയാണ് അദ്ദേഹം ഇടപെടുന്നത്? അതിനെത്തുടർന്ന് നിങ്ങൾ കമ്മീഷണറെ നീക്കം ചെയ്തു. എ.ഡി.ജി.പി.-യോട് ഒന്നും ചോദിച്ചില്ല. ഞാൻ ഇന്നലെ പറഞ്ഞത് വീണ്ടും ആവർത്തിക്കുന്നു, എ.ഡി.ജി.പി.-യോട് പട്ടിൽ പൊതിഞ്ഞൊരു ശകാരംപോലും നടത്തിയില്ല. ലാ ആൻഡ് ഓർഡർ ചുമതലയുള്ള എ.ഡി.ജി.പി.യുടെ കൺമുന്നിലാണ് പോലീസ് ഇങ്ങനെ അഴിഞ്ഞാടുന്നത്. അഴിഞ്ഞാടിയതിന്റെ പേരിലാണല്ലോ കമ്മീഷണറെയും എ.സി.പി.-യെയുമൊക്കെ മാറ്റിയത്; അക്കാര്യം പോലീസ് സമ്മതിച്ചതാണ്. അവിടെ എ.ഡി.ജി.പി.യുടെ സാന്നിധ്യമവിടെയുണ്ടായിരുന്നു. ഇനി ഞാൻ ചോദിക്കട്ടെ; ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള കേരളത്തിലെ മുഖ്യമന്ത്രിയുണ്ടല്ലോ; ഒരു ദിവസം രാവിലെ പതിനൊന്ന് മണി മുതൽ പിറ്റേദിവസം രാവിലെ ഏഴുമണിവരെ ഉറങ്ങുന്നയാളൊന്നുമല്ലല്ലോ ശ്രീ. പിണറായി വിജയൻ. മുഖ്യമന്ത്രിക്ക് സ്പെഷ്യൽ ബ്രാഞ്ചില്ലേ; ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച സന്ദേശം ലഭിക്കില്ലേ; ഇവിടെ പോലീസും

ജനങ്ങളുമായി പകലും രാത്രിയും മുഴുവൻ പ്രശ്നമാണെന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് വിവരം ലഭിച്ചില്ലേ; വിവരം ലഭിച്ചില്ലെങ്കിൽ നേരത്തെ ഇവിടെ പറഞ്ഞതുപോലെ ഇന്റലിജൻസ് വിഭാഗത്തെ അങ്ങ് പിരിച്ചുവിട്ടേക്ക്; കേരളത്തിൽ നടക്കുന്ന ഏറ്റവും വലിയ ആഘോഷമായ തൃശ്ശൂർ പൂരത്തിൽ പോലീസും ജനങ്ങളും ദേവസ്വം ഭാരവാഹികളും തമ്മിൽ രാവിലെ പതിനൊന്ന് മണിമുതൽ പിറ്റേദിവസം രാവിലെ ഏഴുമണിവരെ നിരന്തരം സംഘർഷം നടന്നിട്ടും അതൊന്നും കേരളത്തിന്റെ മുഖ്യമന്ത്രി അറിഞ്ഞില്ലെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമുണ്ട്. എന്നുമാത്രമല്ല, ഈ വിവരങ്ങളൊക്കെ അറിഞ്ഞിട്ടുപോലും മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും ആരെങ്കിലും എ.ഡി.ജി.പി.-യെയോ, കമ്മീഷണറെയോ വിളിച്ചോ? അങ്ങനെ വിളിച്ചിരുന്നെങ്കിൽ ഇത്തരം കുഴപ്പങ്ങളൊന്നും ഉണ്ടാകുമായിരുന്നില്ലല്ലോ. അതുകൊണ്ടാണ് ഇതിന്റെയൊക്കെ പുറകിൽ ഒരു ഗൂഢാലോചനയുണ്ടായിരുന്നുവെന്ന് പറയുന്നത്. മഠത്തിൽവരവും കണിമംഗലം ശാസ്താവിന്റെ എഴുന്നള്ളിപ്പുമൊക്കെയേ തടസ്സപ്പെട്ടുള്ളൂ. എന്നാൽ, അവിടെ അതിലുമൊക്കെ വലിയ മറ്റൊരു എഴുന്നള്ളിപ്പുണ്ടായി; സേവാഭാരതിയുടെ

വാനിൽ ശ്രീ. വത്സൻ തില്ലങ്കേരി എന്ന ആർ.എസ്.എസ്.-കാരനോടൊപ്പം മുന്നിൽ പോലീസിന്റെ പൈലറ്റും പുറകിൽ പോലീസിന്റെ എസ്കോർട്ടുമായി ബി.ജെ.പി.-യുടെ സ്ഥാനാർത്ഥി രക്ഷകവേഷവുമായി അവിടെയെത്തി. ശ്രീ. വത്സൻ തില്ലങ്കേരിക്കും കൂടിയാണ് എസ്കോർട്ടും പൈലറ്റും കൊടുത്തത്. കൊടുക്കണമല്ലോ; സുഹൃത്തല്ലേ? മുമ്പിൽ പോലീസ്, പുറകിൽ പോലീസ്. മന്ത്രിമാരോടുപോലും അവിടേയ്ക്ക് പോകണ്ടെന്നും അവിടെ ചെന്നാൽ പ്രശ്നമാകുമെന്നും പോലീസ് പറഞ്ഞു. ഏതു മന്ത്രിയോടു പറഞ്ഞാലും, ആര് മന്ത്രി സ്ഥാനത്തിരുന്നാലും അവർ പോയാൽ ഒരു പ്രശ്നമുണ്ടാകുമെന്നു പറഞ്ഞാൽ അവർ ഒഴിയും. ഞങ്ങൾ ചെന്നപ്പോൾ അവിടെ കുറെപേർ സംഘടിച്ചു നിൽക്കുന്നുണ്ട്, പ്രശ്നമുണ്ടാകും; പ്രത്യേകിച്ച് ജനപ്രതിനിധികൾ പോകുമ്പോൾ ആളുകൾ പ്രശ്നമുണ്ടാക്കും. അതുകൊണ്ട് അവർ പോയില്ല. ഞാൻ അവരെ കുറ്റപ്പെടുത്തില്ല. പോലീസ് അഡ്വൈസ് ചെയ്താൽ അവർ പോകില്ല. മന്ത്രിമാരോട് പോകണ്ടെന്ന് പോലീസ് അഡ്വൈസ് ചെയ്ത സ്ഥലത്തേക്ക് മുമ്പിലും പുറകിലും പോലീസ് ജീപ്പിന്റെ അകമ്പടിയോടുകൂടി ഡ്രമാറ്റിക്കായി, സിനിമയിൽ ശ്രീ. സുരേഷ് ഗോപി വരുന്നതിനേക്കാൾ

ഗംഭീരമായി ആ കോൺസ്പിറസി ആരാണ് അണിയിച്ചൊരുക്കിയത്. തൃശ്ശൂരിലെ ബി.ജെ.പി. സ്ഥാനാർത്ഥിയായ ശ്രീ. സുരേഷ് ഗോപി അവിടെ വന്നിറങ്ങുകയാണ്. ദേവസ്വം ബോർഡിന്റെ പ്രസിഡന്റിനെ അതിനകത്തേക്ക് കയറ്റിയില്ല. അല്ലെങ്കിൽ അതിനുമുമ്പ് ചർച്ച നടന്ന ദേവസ്വം കമ്മിറ്റിയിലുംകൂടി അദ്ദേഹം ഇരുന്നേനെ; സ്ഥാനാർത്ഥിയായതുകൊണ്ട് അവിടെ കയറാൻ കഴിയില്ലെന്ന് പറഞ്ഞു. ഇതല്ലേ തൃശ്ശൂരിൽ നടന്നത്. ആ എഴുന്നള്ളിപ്പിനാണ് സർക്കാർ എല്ലാകാര്യവും ഒപ്പിച്ചുകൊടുത്തത്. സാധാരണ പന്ത്രണ്ട് മണിവരെ പ്രദർശന നഗരിയിൽനിന്നും ടിക്കറ്റ് നൽകും. എന്നാൽ അന്ന് പത്ത് മണിക്കുതന്നെ ടിക്കറ്റ് കൗണ്ടർ ക്ലോസ് ചെയ്തു. തുടർന്ന്, ആനയെ പരിശോധിക്കണമെന്ന് പറഞ്ഞ് വാശിപിടിക്കുകയാണ്. വനം വകുപ്പ് ആനയെ നേരത്തെ പരിശോധിക്കേണ്ടതാണ്. എഴുന്നള്ളത്തിനായി ആനയെ നിർത്തിക്കഴിഞ്ഞപ്പോൾ ഉടൻ ആനയെ പരിശോധിക്കണം; ഏതെല്ലാം രീതിയിൽ അവിടെ തടസ്സങ്ങൾ സൃഷ്ടിച്ച് എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്തു. നിങ്ങൾ പറഞ്ഞ ഈ പുകമറ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിറ്റേദിവസം കമ്മീഷണറെയും എസ്.ഐ.-യെയും സ്ഥലം മാറ്റി. ഈ കസേരയിലിരിക്കുന്ന

കേരളത്തിന്റെ മുഖ്യമന്ത്രി ഒരാഴ്ചക്കുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് ഡി.ജി.പി.-ക്ക് ഉത്തരവ് നൽകി. അഞ്ചുമാസമായിട്ടും റിപ്പോർട്ട് കൊടുത്തോ? കേരളത്തിലെ മുഖ്യമന്ത്രി കേരളത്തിലെ ഡി.ജി.പി.-യോട് ഒരാഴ്ചയ്ക്കകം റിപ്പോർട്ട് നൽകണമെന്ന് പറഞ്ഞാൽ ഏഴാം ദിവസം രാത്രി പന്ത്രണ്ട് മണിക്കുമുമ്പ് റിപ്പോർട്ട് കൊടുക്കണ്ടേ? അഞ്ചുമാസമായിട്ട് റിപ്പോർട്ട് നൽകിയിട്ടില്ല. എവിടെ റിപ്പോർട്ടെന്ന് ഈ മുഖ്യമന്ത്രി അന്വേഷിച്ചോ; പൂരം കലക്കിയതാണ്, പൂരം പ്രശ്നമായതാണ്. പൂരം കലക്കിയതാണെന്ന് ഞങ്ങളെല്ലാം പറഞ്ഞതാണ്. ഞങ്ങൾ ഇപ്പോൾ പറഞ്ഞതല്ല; അന്നുതന്നെ പത്രസമ്മേളനം നടത്തി പൂരം മന:പൂർവ്വം കലക്കിയതാണെന്ന് ഞാൻ പറഞ്ഞിരുന്നു. ഒരാഴ്ച നീണ്ടുനിൽക്കുന്ന അന്വേഷണത്തിന് മുഖ്യമന്ത്രി ഉത്തരവിട്ടിട്ട് അഞ്ചുമാസമായി; റിപ്പോർട്ടില്ല. വിവരാവകാശ നിയമപ്രകാരം അന്വേഷിച്ചപ്പോൾ യാതൊരു അന്വേഷണവും നടക്കുന്നില്ലെന്നാണ് അവിടത്തെ സത്യസന്ധനായ ഒരു ഡിവൈ.എസ്.പി. പറഞ്ഞത്. അപ്പോൾ എന്ത് ചെയ്തു? അയാളെ സസ്പെന്റ് ചെയ്തു. സസ്പെന്റ് ചെയ്യാനുള്ള കാരണമെന്താണ്, ടി ഡിവൈ.എസ്.പി.യെക്കുറിച്ച് അന്വേഷിക്കുകയാണ് അതുകൊണ്ട് അയാളെ

സസ്പെന്റ് ചെയ്യുവെന്നാണ് പറഞ്ഞത്. ഡിവൈ.എസ്.പി.-യെക്കുറിച്ച് അന്വേഷിക്കുമ്പോൾ അന്വേഷണ വിധേയമായി ഡിവൈ.എസ്.പി.-യെ സസ്പെന്റ് ചെയ്യാം. നിലവിൽ ഒരു ഡസനോളം കേസ്സുകളുള്ള എം. ആർ. അജിത് കുമാറിനെക്കുറിച്ച് അന്വേഷിക്കുമ്പോൾ അദ്ദേഹം അതേ സ്ഥാനത്തുതന്നെ തുടരും. അര ഡസനല്ല, ഒരു ഡസനോളം കേസുകളുണ്ട് എം. ആർ. അജിത് കുമാറിനെതിരെ; എനിക്ക് ഇന്നലെ തെറ്റിയതാണ്. എന്നാൽ ഡിവൈ.എസ്.പി.-ക്ക് ഇതൊന്നും ബാധകമല്ല, അതുകൊണ്ട് അദ്ദേഹത്തെ സസ്പെന്റ് ചെയ്തു; അതല്ലേ ചെയ്യുന്നത്. അവസാനമാണ് ഞങ്ങൾ അറിയുന്നത്. ആരാണ് അന്വേഷണം നടത്തുന്നത്? പൂരം കലക്കാൻ ബ്ലൂ പ്രിന്റുണ്ടാക്കിയ, പൂരം കലക്കിയ അതേ വ്യക്തിതന്നെ പൂരം കലക്കിയതിനെക്കുറിച്ച് അന്വേഷിക്കുന്നു. നിങ്ങൾക്കും ഈ സർക്കാരിനും നാണമുണ്ടോ; കുറ്റവാളിയായ ആരോപണ വിധേയനായ ആളുതന്നെ കേസന്വേഷിച്ച് റിപ്പോർട്ട് കൊടുക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. അപ്പോഴാണ്, ഈ വിഷയം വിവാദമായത്. അങ്ങനെ വിവാദമായ പശ്ചാത്തലത്തിൽ ഡി.ജി.പി.-യും ഹോം സെക്രട്ടറിയും അത് പറ്റില്ലെന്നു പറഞ്ഞതിനെത്തുടർന്നാണ് അടുത്ത

അന്വേഷണത്തിന് ഉത്തരവിട്ടത്. എന്നിട്ടോ ഈ അഞ്ചുമാസത്തോളം എവിടെപ്പോയിരുന്നു, നിങ്ങൾക്ക് എന്ത് സത്യസന്ധതയാണ് ഈ വിഷയത്തിലുള്ളത്; എന്ത് ആത്മാർഥതയാണുള്ളത്? നിങ്ങൾ അറിഞ്ഞുകൊണ്ടാണ് ഇതാക്കെ ചെയ്തത്. അതുകൊണ്ടാണ് ഇതൊരു conspiracy ആണെന്ന് ഞങ്ങൾ പറഞ്ഞത്. ഗവൺമെന്റ് ഗൂഢാലോചനയിൽ പങ്കാളിയല്ലായിരുന്നെങ്കിൽ ഉച്ചയ്ക്കുമുമ്പ് അവിടത്തെ പ്രശ്നം പരിഹരിക്കപ്പെടുമായിരുന്നു. ഗവൺമെന്റ് നിരപരാധിയായിരുന്നെങ്കിൽ കൃത്യമായി പോലീസിന്റെ ഇടപെടലുണ്ടാകുമായിരുന്നു. ഈയൊരു ഗൂഢാലോചനയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെ പങ്കാളിയാണ്. അതുകൊണ്ടുതന്നെ മുഖ്യമന്ത്രിക്കുകീഴിൽ നടത്തുന്ന ഒരന്വേഷണവും ഞങ്ങൾക്ക് സ്വീകാര്യമല്ല. ഈ വിഷയം അന്വേഷിച്ചാൽ ഒന്നാംപ്രതിയാകേണ്ട ആളാണ് കേരളത്തിലെ മുഖ്യമന്ത്രി. ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ യാതൊരു തരത്തിലുമുള്ള ഇടപെടൽ നടത്തിയില്ല; അന്വേഷണം നടത്തിയില്ല. അന്വേഷണം ഇല്ലാതാക്കി; ആരെ സഹായിക്കാൻ? ശ്രീ. വത്സൻ തില്ലങ്കേരിയുടെ

നേതൃത്വത്തിൽ ആർ.എസ്.എസ്. ആണ് തൃശ്ശൂർ പൂരം കലക്കിയതാണെന്ന് നിങ്ങൾ ഇപ്പോൾ പറഞ്ഞല്ലോ. ശരിയാണ്, സമ്മതിച്ചു. ആർ.എസ്.എസ്. പൂരം കലക്കി അഞ്ചുമാസമായിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തു ചെയ്യുകയായിരുന്നു. ശ്രീ. വത്സൻ തില്ലങ്കേരിയുടെ നേതൃത്വത്തിൽ ആർ.എസ്.എസ്. ആണ് ഈ പൂരം കലക്കിയതെന്ന് വച്ചോ; ഒരു കുഴപ്പവുമില്ല, ഞങ്ങൾക്ക് അതിനോടൊന്നും വിയോജിപ്പില്ല. അവർക്ക് പങ്കാളിത്തമുണ്ട്. ഞാനതു പറയാം. എന്നിട്ടെന്താ; ശ്രീ. വത്സൻ തില്ലങ്കേരി സുഹൃത്തായതുകൊണ്ടാണോ, മസ്കറ്റ് ഹോട്ടലിലെ ചർച്ചയിലുണ്ടായിരുന്ന ആളായതുകൊണ്ടാണോ? ശ്രീ. വത്സൻ തില്ലങ്കേരിയുടെ നേതൃത്വത്തിൽ ആർ.എസ്.എസ്. ആണ് പൂരം കലക്കിയതെങ്കിൽ അതിനെതിരെ ഒരു എഫ്.ഐ.ആർ. എടുത്തോ നിങ്ങളുടെ പോലീസ്, ഇതാണ് ഞങ്ങളുടെ ചോദ്യം. ഇതിനൊന്നും നിങ്ങൾക്ക് ഉത്തരം പറയാൻ കഴിയില്ല. അപ്പോൾ മലപ്പുറം ജില്ല 1969-ൽ രൂപീകരിച്ചതിനെക്കുറിച്ചും 1962-ലുണ്ടായ മറ്റ് സംഭവങ്ങളെക്കുറിച്ചും തലശ്ശേരി കലാപത്തെക്കുറിച്ചും നിങ്ങൾ പറയുകയായിരുന്നു. ഞങ്ങളുടെ ചോദ്യങ്ങൾ വളരെ സ്പെസിഫിക്കാണ്. ഇതിൽ ബി.ജെ.പി.-യുടെ റോൾ

എന്താണ്, ബി.ജെ.പി.-ക്കാർ എന്താണ് ചെയ്തത്; അമ്പലം, വിശ്വാസം, ക്ഷേത്രം, ഹിന്ദു ഇതെല്ലാം ബി.ജെ.പി.-യുടേതാണെന്ന് പറയുമ്പോഴും തിരഞ്ഞെടുപ്പിൽ ജയിക്കാൻ തൃശ്ശൂർ പൂരം കലക്കാൻ അവർ കൂട്ടുനിന്നു. അവർ ഹിന്ദുക്കളെ വഞ്ചിച്ചു. ഹിന്ദുത്വം പറഞ്ഞ് ഹിന്ദുക്കളുടെ സംരക്ഷകരായി അണിനിരന്ന് ക്ഷേത്രം, പൂജാവിധികൾ എന്നിവയെക്കുറിച്ച് എന്തൊരു പ്രഭാഷണമാണ് നടത്തിയത്. നമുക്ക് ക്ലാസ് എടുക്കാൻ വരുന്ന ആളുകളാണ്. തൃശ്ശൂരിൽ ജയിക്കാൻവേണ്ടി ഈ നാടകത്തിൽ/ ഗൂഢാലോചനയിൽ ബി.ജെ.പി. പങ്കാളികളായി, അവരും വിചാരണ ചെയ്യപ്പെടും. ബി.ജെ.പി.-യും വിചാരണ ചെയ്യപ്പെടുമെന്ന കാര്യത്തിൽ നിങ്ങൾക്ക് യാതൊരു സംശയവും വേണ്ട.

എന്നെക്കുറിച്ച് ഇവിടെ കുറെ കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി, ഞാൻ അഹങ്കാരിയാണ്, ധിക്കാരിയാണ്, സീനിയേഴ്സിനെ ബഹുമാനിക്കാത്തയാളാണ്, ഭയങ്കര കുഴപ്പക്കാരനാണ് എന്ന് പലരും അഭിപ്രായപ്പെട്ടു. സഹിക്കാൻ പറ്റുന്നില്ല ഈ സാധനത്തിനെ എന്നാണ് എന്റെ സുഹൃത്തായ മന്ത്രി ശ്രീ. വി. ശിവൻകുട്ടി വരെ ഇന്നലെ പറഞ്ഞത്. ഞാൻ

ഇങ്ങനെ നിങ്ങളോട് ആരോടെങ്കിലും പെരുമാറിയിട്ടുണ്ടോ? ഒരാളോടും ഞാൻ അങ്ങനെ പെരുമാറിയിട്ടില്ല. പക്ഷെ എനിക്ക് തോന്നിയതെന്താണെന്ന് അറിയാമോ? നിങ്ങൾക്ക് ആരെപ്പറ്റിയോ ഇതൊക്കെ പറയണമെന്ന് നിങ്ങളുടെ മനസ്സിൽ കിടക്കുന്നുണ്ട്. ധിക്കാരിയാണ്, അഹങ്കാരിയാണ്, അടുത്തുവന്നാൽ ഓടിക്കും, കണ്ണുമിഴിച്ച് നോക്കും, ഇറങ്ങ് പുറത്ത് എന്ന് പറയും, എന്താ കാര്യമെന്ന് ചോദിക്കും. ഇത്തരത്തിൽ ഒന്നും പറയുന്ന ആളല്ലല്ലോ ഞാൻ. നിങ്ങൾക്ക് ആ ആളെക്കുറിച്ച് പറയാൻ ഒട്ടുംധൈര്യമില്ല.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഓാാ.... (മൈക്ക് ഓഫ്) (...ബഹളം....)

ശ്രീ. വി. ഡി. സതീശൻ: സർ, പിന്നേ, ഒന്നു പറഞ്ഞുനോക്കൂ, ചെന്നുനോക്കൂ, വിവരമറിയും. എന്റെ അടുത്തുവന്ന് വേണമെങ്കിൽ എന്നെ വഴക്കുപറഞ്ഞിട്ടുപോകാം. അയ്യോ..... എന്ന് നിങ്ങൾ പറഞ്ഞല്ലോ; ഒന്ന് ചെന്നുനോക്കിയാൽ അറിയാം, ആ ആളെക്കുറിച്ച് പറയാൻ നിങ്ങൾക്ക് കഴിയില്ല; അതിന് ധൈര്യമില്ല. എന്നാൽ ഇതൊക്കെ അപ്പുറത്തിരിക്കുന്ന ഈ സാറിന്റെ തലയിൽ വച്ചുകൊടുക്കാം, അതല്ലേ നിങ്ങൾ ചെയ്തത്. നിങ്ങൾ എന്നെക്കുറിച്ച് ഓരോന്നും പറയുമ്പോൾ, എന്നെക്കുറിച്ചല്ല പറയുന്നതെന്ന്

എനിക്കറിയാം, അതുകൊണ്ട് ഒരു വിഷമവും എനിക്കില്ല. ഇങ്ങനെയൊക്കെ പറഞ്ഞത് ആരെക്കുറിച്ചാണെന്നുള്ള കൃത്യമായ ബോധ്യം എനിക്കുണ്ട്, അതിനാൽ നിങ്ങളോട് അക്കാര്യത്തിൽ എനിക്ക് യാതൊരുവിധ പിണക്കവുമില്ല. വോട്ടിന്റെ കണക്കിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ, അതുകൂടെ പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇവിടെ വോട്ടിന്റെ കണക്ക് പറഞ്ഞു, ഇതുംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. വോട്ടിന്റെ കണക്ക് എങ്ങനെയാണ്; 2019-ൽ എത്ര വോട്ട് ലഭിച്ചു; 2024-ൽ എത്ര വോട്ട് ലഭിച്ചു? 2021-ൽ ഒരു ഇലക്ഷൻ നടന്നില്ലേ, തൃശ്ശൂർ പാർലമെന്റ് മണ്ഡലത്തിൽ ഉൾപ്പെടുന്ന 7 അസംബ്ലി സീറ്റുകളിലും ഞങ്ങൾ തോറ്റുതുന്നംപാടി. ഞങ്ങൾ തോറ്റുപോയി. ആ 7 സീറ്റിലും ജയിച്ചത് നിങ്ങളല്ലേ; ആ 7 മണ്ഡലങ്ങളിൽ രണ്ടെണ്ണത്തിൽനിന്ന് മന്ത്രിമാരുമുണ്ടല്ലോ; എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിൽ അസംബ്ലി സീറ്റിലെ വോട്ടുകളിലെ വ്യത്യാസം 150000 ആണ്. അന്ന് എൽ.ഡി.എഫ്.-ന് ലഭിച്ചത് 485117 വോട്ടാണ്. ഇപ്പോൾ എൽ.ഡി.എഫ്.-ന് ലഭ്യമായത് 324000 വോട്ടാണ്. എത്ര വോട്ടുകൾ കുറഞ്ഞു, ആ വോട്ടുകൾ എവിടെപ്പോയി? തൃശ്ശൂർ പാർലമെന്റ് മണ്ഡലത്തെക്കുറിച്ച്

ചോദിച്ചല്ലോ, തൃശ്ശൂർ അസംബ്ലി മണ്ഡലത്തിൽ കഴിഞ്ഞ പ്രാവശ്യം 44000 വോട്ട് ലഭിച്ചു. ഈ ലോക്സഭാ തെരഞ്ഞെടുപ്പിൽ അതേസമയം 34000 വോട്ടാണ് ലഭിച്ചത്, 10000 വോട്ടിന്റെ കുറവ് സംഭവിച്ചു. കഴിഞ്ഞ അസംബ്ലി തിരഞ്ഞെടുപ്പിൽ ഇരിങ്ങാലക്കുടയിൽ എൽ.ഡി.എഫ്.-ന് 62000 വോട്ട് ലഭിച്ചു. എന്നാൽ ഇപ്രാവശ്യത്തെ പാർലമെന്റ് ഇലക്ഷനിൽ ലഭിച്ചത് 45000 വോട്ടാണ്, അതായത് 17000 വോട്ട് കുറഞ്ഞു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ആ പോയിന്റ് പറഞ്ഞു തീർക്കട്ടേ... അങ്ങയുടെ മണ്ഡലമായ ഒല്ലൂരിലെ സ്ഥിതിയോ, അങ്ങ് മത്സരിച്ചപ്പോൾ സ്ഥിതി എന്തായിരുന്നു! 76657 വോട്ട് ലഭിച്ചില്ലേ; എന്നാൽ ഇപ്പോൾ 48633 വോട്ട് മാത്രമാണ് ലഭിച്ചത്. 28000 വോട്ട് സി.പി.ഐ. സ്ഥാനാർത്ഥിക്ക് ഒല്ലൂരിൽ കുറഞ്ഞു... അങ്ങേയ്ക്ക് മറ്റ് വോട്ടുകളും ലഭിച്ചിട്ടുണ്ടെന്നുള്ള കാര്യം ഞാൻ സമ്മതിച്ചു, Let me complete my point, please... എന്നിട്ടും നിങ്ങൾക്ക് കിട്ടിയല്ലോ; അപ്പോൾ നിങ്ങളുടെ വോട്ടൊക്കെ എവിടെപ്പോയി? കണക്ക് പറയുമ്പോൾ എല്ലാം പറയണമല്ലോ; നിങ്ങളുടെ

150000 വോട്ട് എവിടേയ്ക്കാണ് പോയത്? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് നിങ്ങൾ തെറ്റായി വ്യാഖ്യാനിക്കേണ്ട. ഞങ്ങൾക്ക് കിട്ടേണ്ട കുറെയേറെ വോട്ടുകൾ തൃശ്ശൂരിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് ഇലക്ഷൻ കഴിഞ്ഞപ്പോൾ ഈ അസംബ്ലിയിൽത്തന്നെ ഞാൻ പറഞ്ഞതാണ്. ഞങ്ങൾക്ക് ലഭിക്കേണ്ട വോട്ട് പോയിട്ടുണ്ടെന്നതിൽ സംശയമില്ല. അതിൽ ഭൂരിഭാഗം വോട്ടും ലഭിച്ചത് നിങ്ങൾക്കാണ്. തീർത്തും സീരിയസ്സായിത്തന്നെ പറയുകയാണ്. ബി.ജെ.പി. ജയിക്കരുതെന്നാഗ്രഹിക്കുന്ന മൈനോരിറ്റി വിഭാഗം, ശ്രീ. കെ. മുരളീധരനോ ശ്രീ. വി. എസ്. സുനിൽ കുമാറോ ആരാണ് ജയിക്കാൻ സാധ്യതയെന്ന് പരിശോധിച്ചപ്പോൾ കുറച്ചുകൂടി സാധ്യത ശ്രീ. വി. എസ്. സുനിൽ കുമാറിനാണെന്ന് തോന്നുകയും അവരുടെ വോട്ടുകൾ ശ്രീ. വി. എസ്. സുനിൽകുമാറിന് ലഭിക്കുകയും ചെയ്തു. ഇലക്ഷൻ കാലത്ത് അവർക്ക് അങ്ങനെ തോന്നിയതിനാൽ നല്ലൊരു വിഭാഗം വോട്ട് നിങ്ങളിലേയ്ക്ക് എത്തിയിട്ടുണ്ട്. ശ്രീ. വി. എസ്. സുനിൽ കുമാർ ഈ വോട്ട് കിട്ടിയതുകൊണ്ട് ജയിക്കേണ്ടതായിരുന്നു, എന്നാൽ എന്തുകൊണ്ട് ജയിച്ചില്ല? അദ്ദേഹത്തിന് കിട്ടേണ്ടിയിരുന്ന സി.പി.ഐ.(എം) വോട്ട് ഒഴുകിപ്പോയി, അതുകൊണ്ടാണ്

അങ്ങനെ സംഭവിച്ചത്. ഇതിനെല്ലാം തെളിവുണ്ടല്ലോ; ശ്രീ. പി. ബാലചന്ദ്രൻ ഉൾപ്പെടെയുള്ളവരുടെ സ്വന്തം നാടാണത്. ഇന്ദിരാഗാന്ധി മരിച്ചിട്ടും രാജീവ് ഗാന്ധി മരിച്ചിട്ടും ആ സഹതാപത്തിൽപ്പോലും ഞങ്ങൾക്ക് അവിടെ ഭൂരിപക്ഷം കിട്ടിയിട്ടില്ല. "അന്തിക്കാട്" പ്രദേശം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഈറ്റില്ലമല്ലേ; എന്റെ കൈയിൽ ആ പഞ്ചായത്തിലെ വോട്ടിന്റെ കണക്കുണ്ട്, ആ വോട്ടുകൾ എവിടെപ്പോയി; അന്തിക്കാട് ഉൾപ്പെടെയുള്ള നിരവധിയായ പഞ്ചായത്തുകളിൽ എങ്ങനെയാണ് ബി.ജെ.പി. സ്ഥാനാർഥി ഒന്നാമതായത്? അന്തിക്കാട് ഉൾപ്പെടെയുള്ള ഇടതുപക്ഷത്തിന്റെ കോട്ടകളിൽ ഒന്നാം സ്ഥാനത്തേയ്ക്ക് ബി.ജെ.പി. എത്തിപ്പെട്ടത് നിങ്ങളുടെ വോട്ട് അവരിലേയ്ക്ക് ഒഴുകിപ്പോയതുകൊണ്ടാണ്. നേരത്തെ ഒരു തെറ്റായ കണക്ക് അവിടെനിന്നും പറഞ്ഞു...

<u>ശ്രീ. കെ. രാജൻ</u>: സർ,..

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ ഈ പോയിന്റ് പറഞ്ഞുതീർത്തശേഷം വഴങ്ങാം. അങ്ങ് ഇത്തരത്തിൽ തടസ്സപ്പെടുത്തരുത്. ഞാൻ തീർച്ചയായും അങ്ങേയ്ക്ക് വഴങ്ങും, ഈ പോയിന്റ് പറഞ്ഞുകഴിയട്ടേ.. രണ്ട്

മന്ത്രിമാർക്കും വഴങ്ങാം.. ബി.ജെ.പി. ഒന്നാം സ്ഥാനത്ത് വന്ന കേരളത്തിലെ 18 സീറ്റുകളിലും യു.ഡി.എഫ്. മൂന്നാം സ്ഥാനത്താണെന്ന് ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞു, അത് ശരിയല്ലെന്ന കാര്യം കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. നിങ്ങൾ പറഞ്ഞതെല്ലാം തെറ്റായ കണക്കുകളാണ്, യഥാർഥ കണക്ക് ഞാൻ അങ്ങേയ്ക്ക് നൽകാം. ഹരിപ്പാടിനെക്കുറിച്ചാണോ ചോദിക്കുന്നത്? അവർ രണ്ടാം സ്ഥാനത്ത് വന്നത് ഹരിപ്പാടല്ല, കായംകുളത്താണ്. ഒന്നാം സ്ഥാനത്ത് ഞങ്ങൾ എത്തിയ 18 സീറ്റുകളിലെയും സ്ഥിതി വ്യത്യസ്തങ്ങളാണ്. പല സ്ഥലങ്ങളിലും നിങ്ങൾ പിന്നോട്ടുപോയി എന്ന് സൂചിപ്പിക്കുകയായിരുന്നു. നിങ്ങൾക്ക് വലിയ ഭൂരിപക്ഷമുണ്ടായിരുന്ന സ്ഥലത്തെല്ലാം ഇപ്പോൾ നിങ്ങൾ മൂന്നാം സ്ഥാനത്തായിക്കഴിഞ്ഞു. കായംകുളം എം.എൽ.എ. അവിടെ ഇരിക്കുകയല്ലേ, അവിടെ നേരത്തെ ഭൂരിപക്ഷം നിങ്ങൾക്കായിരുന്നില്ലേ? എന്നാൽ ഇന്ന് അതെല്ലാം പൊയ്ക്കഴിഞ്ഞു. ഇനി നിങ്ങൾക്ക് വഴങ്ങാം..

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അങ്ങയെപ്പോലൊരാൾ വോട്ടിന്റെ കണക്കുകൾ ഇങ്ങനെ താരതമ്യപ്പെടുത്തുമ്പോൾ നിയമസഭാ തെരഞ്ഞെടുപ്പിലെ വോട്ടിന്റെ കണക്ക് ലോക്സഭാ തിരഞ്ഞെടുപ്പിലെ വോട്ടുമായി താരതമ്യം ചെയ്യുന്നത് ശരിയായ രീതിയല്ല. കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലെയും സ്ഥിതിവച്ച് പറയൂ, തൃശ്ശൂർ മാത്രം എങ്ങനെ അത്തരത്തിൽ വരും. കേരളത്തിൽ ഈ ലോക്സഭാ തിരഞ്ഞെടുപ്പിൽ കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിനേക്കാളും എല്ലാ മണ്ഡലങ്ങളിലും സമാനമായ വോട്ട് നിലനിൽക്കുകയും തൃശ്ശൂരിൽ മാത്രം മറ്റ് രീതിയിൽ വരികയും ചെയ്തിരുന്നെങ്കിൽ അങ്ങ് പറയുന്നതിൽ ഒരു ലോജിക് ഉണ്ടെന്ന് കരുതാമായിരുന്നു. രണ്ടാമത്തെ കാര്യം ഇത് ഞങ്ങൾ തോറ്റ മണ്ഡലമായിരുന്നല്ലോ; എറണാകുളം നിങ്ങൾ ജയിച്ച മണ്ഡലമല്ലേ; പറവൂർ നിയമസഭാ മണ്ഡലത്തിൽ അങ്ങേയ്ക്ക് കിട്ടിയ വോട്ട് എറണാകുളം പാർലമെന്റ് മണ്ഡലത്തിൽ യു.ഡി.എഫ്. ജയിച്ചിട്ടും ആ സ്ഥാനാർത്ഥിക്ക് ലഭിച്ചോ? ഒരു കാര്യംകൂടി അദ്ദേഹം വ്യക്തമാക്കേണ്ടതുണ്ട്, കോൺഗ്രസിന്റെ വോട്ട് ഞങ്ങൾക്ക് കിട്ടി എന്നുപറഞ്ഞല്ലോ, അതിനുവേണ്ടിയാണോ ശ്രീ. ടി. എൻ.

പ്രതാപനെ മാറ്റി കെ. മുരളീധരനെ അവിടെ സ്ഥാനാർഥിയായി കൊണ്ടുവന്നത്? സാധാരണയായി സിറ്റിംഗ് സീറ്റിൽ ജയിക്കുമെന്ന് ഉദ്ദേശിക്കുന്ന ആൾക്കാണല്ലോ മതനിരപേക്ഷവാദികളുടെയൊക്കെ വോട്ട് പോകുന്നതെന്നാണ് പൊതുവെ കണക്കാക്കുന്നത്. അതിൽനിന്നും വ്യത്യസ്തമായി ഞങ്ങൾക്ക് വോട്ട് കിട്ടി ജയിക്കുന്നതിനാണ് സിറ്റിംഗ് എം.പി.-യായ ശ്രീ. ടി. എൻ. പ്രതാപനെ മാറ്റി ശ്രീ. കെ. മുരളീധരനെ കൊണ്ടുവന്നുവെന്ന് അങ്ങ് പറഞ്ഞത് ഏതായാലും നല്ലൊരു വിവരമാണ്.

<u>ശ്രീ. കെ. രാജൻ</u>: സർ, ലോക്സഭാ തിരഞ്ഞെടുപ്പിലും നിയമസഭാ തിരഞ്ഞെടുപ്പിലും വോട്ടിന്റെ പാറ്റേൺ ഒരുപോലെയല്ല വരാറുള്ളത്, അക്കാര്യം അങ്ങേയ്ക്കുമറിയാം. 1996-ൽ കെ. കരുണാകരനും വി. വി. രാഘവനും തമ്മിൽ മത്സരം നടന്നപ്പോൾ ഒല്ലൂരിൽ കെ. കരുണാകരനാണ് 3000 വോട്ടിന് ലീഡ് ചെയ്തത്. എന്നാൽ നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ പി. പി. ജോർജ്ജും സി. എൻ. ജയരാജനും നിയമസഭയിലേയ്ക്ക് മത്സരിച്ചപ്പോൾ 5800 വോട്ടിന് സി. എൻ. ജയരാജനാണ് ജയിച്ചത്. നിയമസഭ, ലോക്സഭാ തിരഞ്ഞെടുപ്പുകളിൽ വോട്ടിന്റെ പാറ്റേൺ ഒരിക്കലും ഒരുപോലെ വരാറില്ല.

അങ്ങ് പറഞ്ഞതുകൊണ്ടുമാത്രം ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2019-ൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഒല്ലൂർ മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർഥിയായിരുന്ന ശ്രീ. ടി. എൻ. പ്രതാപന് കിട്ടിയ വോട്ട് എത്രയായിരുന്നു? 63406 വോട്ട് അദ്ദേഹത്തിന് ലഭിച്ചപ്പോൾ ഇത്തവണ അതേ സ്ഥലത്ത് ശ്രീ. കെ. മുരളീധരന് ലഭിച്ചത് 47639 വോട്ടാണ്, ഇത് കുറവാണോ കൂടുതലാണോയെന്ന് അങ്ങ് നോക്കിയാൽ മതി. കഴിഞ്ഞതവണ ഒല്ലൂർ മണ്ഡലത്തിൽ ശ്രീ. രാജാജി മാത്യു തോമസിന് ലഭിച്ചത് 47372 വോട്ടാണെങ്കിൽ ഇപ്രാവശ്യം ശ്രീ. വി. എസ്. സുനിൽ കുമാറിന് അവിടെ ലഭിച്ചത് 48633 വോട്ടാണ്, ഇതും കൂടുതലോ കുറവോ എന്ന് അങ്ങ് നോക്കണം. തൃശ്ശൂർ മണ്ഡലത്തിൽ കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ശ്രീ. ടി. എൻ. പ്രതാപന് 55668 വോട്ട് കിട്ടിയെങ്കിൽ ഇത്തവണ ശ്രീ. കെ. മുരളീധരന് ലഭിച്ചത് 40940 വോട്ടാണ്. കഴിഞ്ഞതവണ എൽ.ഡി.എഫ്. സ്ഥാനാർഥിക്ക് തൃശ്ശൂരിൽ 31210 വോട്ട് ലഭിച്ച സ്ഥാനത്ത് ഇത്തവണ എൽ.ഡി.എഫ്. സ്ഥാനാർഥിക്ക് 34523 വോട്ട് ലഭിച്ചു. ലോക്സഭാ, നിയമസഭാ തിരഞ്ഞെടുപ്പുകളിലെ വോട്ടിന്റെ കണക്ക് ഒരുകാരണവശാലും

കൂട്ടിയോജിക്കാറില്ല. അവിടെ ഏറ്റവും കുറഞ്ഞ വോട്ട് അങ്ങയുടെ പാർട്ടി നേടിയത് പ്രിയപ്പെട്ട കെ. പി. ധനപാലൻ മത്സരിക്കുമ്പോഴായിരുന്നു, 355000 വോട്ടാണ് അന്ന് ലഭിച്ചത്, അതിനേക്കാളും വല്ലാതെ വോട്ട് താഴ്ന്നുപോയിട്ടില്ലല്ലോ പ്രതിപക്ഷനേതാവേ എന്നാണ് എന്റെ ചോദ്യം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അസംബ്ലി തിരഞ്ഞെടുപ്പിലെ വോട്ടിങ് പാറ്റേണല്ല പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഉണ്ടാകുന്നതെന്നത് യാഥാർത്ഥ്യമാണ്, ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരും ചൂണ്ടിക്കാണിച്ചത് അക്കാര്യമാണ്. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ തൃത്താല നിയമസഭാ മണ്ഡലത്തിൽ നിങ്ങൾ പരാജയപ്പെട്ടതാണ്. പരാജയപ്പെട്ട തിരഞ്ഞടുപ്പിൽ നിങ്ങൾക്ക് കിട്ടിയതിനേക്കാൾ 6000 വോട്ടിന്റെ കുറവ്, ഈ പാർലമെന്റ് തിരഞ്ഞെടുപ്പിൽ വലിയ ഭൂരിപക്ഷത്തിൽ പൊന്നാനി സീറ്റിൽ ജയിച്ചപ്പോഴും തൃത്താല നിയമസഭാ മണ്ഡലത്തിൽ ഉണ്ടായിട്ടുണ്ട്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് താരതമ്യം ചെയ്യുന്നത് ഞങ്ങൾ 99 സീറ്റിൽ വിജയിച്ച 2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിലെ വോട്ടിന്റെ കണക്കുമായിട്ടാണ്, 19 സീറ്റിലും നിങ്ങൾ

വിജയിച്ച 2019-ലെ കണക്കുമായിട്ടല്ല താരതമ്യം ചെയ്യുന്നത്. ഈ തിരഞ്ഞെടുപ്പിൽ കേരളത്തിലാകെ ഞങ്ങൾ പരാജയപ്പെട്ടതാണ്, ആ ജനവിധി എങ്ങനെയുള്ളതായിരുന്നുവെന്ന് എല്ലാവർക്കും അറിയാം. വളരെ ലളിതമായ ഒരു ചോദ്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് എനിക്ക് ചോദിക്കാനുണ്ട്, 2019-ലെ പാർലമെന്റ് തിരഞ്ഞെടുപ്പുമായി 2024-ലെ തിരഞ്ഞെടുപ്പ് താരതമ്യപ്പെടുത്തുമ്പോൾ തൃശ്ശൂർ പാർലമെന്റ് മണ്ഡലത്തിൽ എൽ.ഡി.എഫ്.-ന് 16000 വോട്ട് വർധിക്കുകയാണ് ചെയ്തത്. എന്നാൽ യു.ഡി.എഫ്.-ന്റെ 86000 വോട്ട് കുറയുകയും ചെയ്തു. എന്നിട്ടും അങ്ങ് ആരോപിക്കുന്നത് എൽ.ഡി.എഫ്.-ന്റെ വോട്ട് ഒഴുകിപ്പോയി എന്നാണ്. നിങ്ങൾക്ക് 86000 വോട്ട് കുറഞ്ഞെന്നും ഞങ്ങൾക്ക് 16000 വോട്ട് കൂടിയെന്നുമുള്ള ലളിതമായ കണക്ക് അങ്ങ് അംഗീകരിക്കുന്നുണ്ടോ?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇപ്പോൾ സംസാരിച്ച മൂന്ന് മന്ത്രിമാരും പറഞ്ഞത്.......

മി. സ്പീക്കർ: യെസ്..... യെസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ മന്ത്രിമാർക്ക് വഴങ്ങുന്നില്ലെന്നുള്ളതാണ് എന്നെക്കുറിച്ച് ഇവിടെ പറയുന്ന പരാതി. എന്റെ പ്രസംഗത്തിനിടയിൽ അഞ്ച് മന്ത്രിമാരാണ് എന്നോട് വഴങ്ങുമോയെന്ന് ചോദിക്കുന്നത്. സാധാരണ ഒന്നുരണ്ടുപേർക്ക് വഴങ്ങും. ബാക്കിയുള്ളവർക്ക് വഴങ്ങാത്തതിന് കാരണം അങ്ങയെ ഭയന്നിട്ടാണ്; അങ്ങ് ഇടപെടുമെന്ന് വിചാരിച്ചിട്ടാണ്, അങ്ങയെ ബഹുമാനിച്ചിട്ടാണ്. ഇപ്പോൾ ഞാൻ വഴങ്ങികൊടുത്തതുകൊണ്ടാണ് മൂന്ന് മന്ത്രിമാരും സംസാരിച്ചത്. എന്നാൽ അതിന് മറുപടി പറയാൻ തുടങ്ങുമ്പോൾ അങ്ങ് യെസ്.... യെസ്.... എന്ന് പറയുന്നത് ശരിയല്ല. എന്നാൽ പിന്നെ ഞാൻ മറുപടി പറയാതെ ഇരിക്കട്ടെ?

മി. സ്പീക്കർ: അങ്ങ് തർക്കത്തിലേയ്ക്കൊന്നും പോകേണ്ടതില്ല. അങ്ങ് മറുപടി പറഞ്ഞോളൂ.

ശ്രീ. വി. ഡി. സതീശൻ: ഈ മൂന്ന് മന്ത്രിമാരും നിയമസഭാ തിരഞ്ഞെടുപ്പുമായി താരതമ്യം ചെയ്യുന്ന കാര്യമാണ് പറഞ്ഞത്. 2019-ലെ പാർലമെന്റ് തിരഞ്ഞെടുപ്പുമായി താരതമ്യം ചെയ്യാൻ സാധിക്കുമോ? പല മണ്ഡലങ്ങളിലും 2019-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ പാറ്റേണായിരുന്നില്ല

2024-ലെ തിരഞ്ഞെടുപ്പിലുണ്ടായിരുന്നത്. തൃശ്ശൂരിലെ വോട്ടിംഗ് നിലയിലുണ്ടായ വ്യത്യാസം എന്താണെന്ന് ഞങ്ങൾ പറഞ്ഞു. തൃശ്ശൂരും തിരുവനന്തപുരവും ബി.ജെ.പി. കൂടുതൽ കേന്ദ്രീകരിച്ച മണ്ഡലങ്ങളാണ്. ആറ്റിങ്ങലിലും ആലപ്പുഴയിലും ബി.ജെ.പി.-യുടെ വോട്ടിംഗ് നിലയിൽ വർധനവുണ്ടായിട്ടുണ്ട്. ഇക്കാര്യം എൽ.ഡി.എഫ്.-ന്റെ സംസ്ഥാന കമ്മിറ്റി ചർച്ച ചെയ്തതാണ്. ആറ്റിങ്ങൽ മണ്ഡലത്തിൽ കഴിഞ്ഞ തവണ എൽ.ഡി.എഫ്.-ന് കിട്ടിയ എത്രായിരം വോട്ടുകൾ ഇത്തവണ ബി.ജെ.പി.-ക്ക് ലഭിച്ചു. കഴിഞ്ഞ തവണ കനൽത്തരി എന്ന് വിശേഷണമുള്ള ശ്രീ. എ. എം. ആരിഫ് വിജയിച്ച സീറ്റാണ് ആലപ്പുഴ. ഇത്തവണ എത്രായിരം വോട്ടുകൾക്കാണ് അദ്ദേഹം തോറ്റുപോയത്; ആ കണക്കെല്ലാം കൈയിൽ വയ്ക്കണം.

<u>ശ്രീ. എച്ച്. സലാം</u>: സർ, ഹരിപ്പാട് മണ്ഡലം....(മൈക്ക് ഓഫ്)

<u>ശ്രീ. വി. ഡി. സതീശൻ</u>: ഹരിപ്പാട് യു.ഡി.എഫ്. ഒന്നാം സ്ഥാനത്തും ബി.ജെ.പി. രണ്ടാം സ്ഥാനത്തും സി.പി.ഐ.(എം.) മൂന്നാം സ്ഥാനത്തുമാണ്. ഹരിപ്പാട് മണ്ഡലം എൽ.ഡി.എഫ്.-ന് നഷ്ടപ്പെട്ടുവെന്ന് എന്നെക്കൊണ്ട്

പറയിപ്പിക്കാൻ വേണ്ടിയാണ് ബഹുമാനപ്പെട്ട അമ്പലപ്പുഴ എം.എൽ.എ. എഴുന്നേറ്റുനിന്ന് ചോദിച്ചത്. ശ്രീ. രമേശ് ചെന്നിത്തലയുടെ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ യു.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. കെ. സി. വേണുഗോപാൽ ഒന്നാം സ്ഥാനത്തും സി.പി.ഐ.(എം) മൂന്നാം സ്ഥാനത്തുമാണ്. തൃശ്ശൂരിലെ പാറ്റേൺ ശ്രദ്ധിച്ചാൽ അവിടെയുള്ള എൽ.ഡി.എഫ്. അംഗങ്ങളുടെ മണ്ഡലങ്ങളിലെല്ലാം എത്ര വോട്ടുകളാണ് താഴോട്ട് പോയതെന്ന് മനസ്സിലാകും. 15000, 22000, 24000 ഇങ്ങനെ എത്ര വോട്ടുകൾക്കാണ് നിങ്ങൾ താഴേയ്ക്ക് പോയത്. ഞാൻ നിങ്ങളെപ്പോലെ കണക്ക് പറയുന്ന ആളല്ല. യു.ഡി.എഫ്.-ന്റെ ധാരാളം വോട്ട് പോയെന്നുള്ളത് ഞാൻ സമ്മതിച്ചല്ലോ; ഞങ്ങളുടെ വോട്ടിൽ ഭൂരിഭാഗവും പോയത് എൽ.ഡി.എഫ്.-നാണ്. യഥാർത്ഥത്തിൽ അവിടെ ശ്രീ. വി. എസ്. സുനിൽകുമാർ വിജയിക്കേണ്ടതായിരുന്നു. കയ്പമംഗലം മുതലുള്ള സീറ്റുകൾ ബൂത്ത് അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് നിങ്ങൾ പരിശോധിക്കണം. ഞങ്ങളുടെ പാർട്ടി അത് പഠിച്ചിട്ടാണ് വന്നത്. ഞങ്ങളുടെ വോട്ട് നിങ്ങൾക്ക് പോയത് എവിടെയാണെന്ന് കൃത്യമായി അറിയാം. ചില സ്ഥലങ്ങളിൽ

പരമ്പരാഗതമായി ഞങ്ങൾക്ക് കിട്ടേണ്ടിയിരുന്ന വോട്ടുകൾ നഷ്ടമായിട്ടുണ്ട്. അതിന്റെ കണക്ക് കുറവാണ്. എന്നാൽ എൽ.ഡി.എഫ്.-നാണ് കൂടുതൽ വോട്ട് പോയത്. അത് എപ്പോഴും അങ്ങനെയാണ്. മൈനോറിറ്റിയുടെ വോട്ടിംഗ് പാറ്റേൺ അങ്ങനെയാണ്. യു.ഡി.എഫ്. ആണോ എൽ.ഡി.എഫ്. ആണോ ബി.ജെ.പി.-യെ തോൽപ്പിക്കാൻ സാധ്യതയുള്ളതെന്ന് അവർ പരിശോധിക്കും. തിരുവനന്തപുരത്ത് ശ്രീ. പന്ന്യൻ രവീന്ദ്രന് ഭയങ്കരമായാണ് വോട്ട് കുറഞ്ഞത്. ബി.ജെ.പി.-യെ തോൽപ്പിക്കാൻ കഴിയുന്ന സ്ഥാനാർഥി ഡോ. ശശി തരൂരാണെന്ന് ഇവിടത്തെ ആളുകൾക്കറിയാം. ശ്രീ. പന്ന്യൻ രവീന്ദ്രനേക്കാൾ സാധ്യതയുള്ളത് അദ്ദേഹത്തിനാണ്. സ്വാഭാവികമായും ശ്രീ. പന്ന്യൻ രവീന്ദ്രന് വോട്ട് ചെയ്യുന്ന ആളുകൾ......

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വഴങ്ങുമോ?

മി. സ്പീക്കർ: ഇനി വഴങ്ങേണ്ടതില്ല, അങ്ങ് മറുപടി പറയൂ.

ശ്രീ. വി. ഡി. സതീശൻ: വഴങ്ങേണ്ടതില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. എനിക്ക് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിയോട്

പറയാനുള്ളത്, അങ്ങ് പാർലമെന്ററികാര്യ വകുപ്പുമന്ത്രിയാണ്. അങ്ങാണ് ഈ ഫ്ലോർ മാനേജ് ചെയ്ത് ഞങ്ങളെയും ഭരണകക്ഷിയെയും കൂട്ടിച്ചേർക്കേണ്ടത്. അങ്ങ് ഇങ്ങനെ ഞങ്ങളോട് പെരുമാറരുത്. വാക്കൗട്ട് നടത്തുകയെന്നത് സഭയുടെ നടപടിക്രമത്തിന്റെ ഭാഗമാണ്. കഴിഞ്ഞ ദിവസം വാക്കൗട്ട് കഴിഞ്ഞ് ഞങ്ങൾ തിരികെ സഭയിൽ പ്രവേശിച്ചപ്പോൾ ഞങ്ങളെ പരിഹസിച്ചുകൊണ്ടാണ് അങ്ങ് സ്വാഗതം ചെയ്തത്. വേറെ മന്ത്രിമാർ അങ്ങനെ ചെയ്തോട്ടെ, പക്ഷെ അങ്ങ് അങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു. കളിയാക്കിയതാണെന്ന് ആർക്കാണ് അറിയാൻ കഴിയാത്തത്? പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് ഒരു അസൈൻമെന്റുണ്ട്. അത് ഫ്ലോർ മാനേജ്മെന്റ്, പ്രതിപക്ഷവുമായി ചേർന്ന് സ്പീക്കറെയും ഗവൺമെന്റിനെയും സഹായിക്കുക എന്നതാണ്. അങ്ങ് ഞങ്ങളെ അധികം പരിഹസിക്കരുത്. അങ്ങ് ഇന്നലെ ഒന്നരമണിക്കൂർ സംസാരിച്ചെങ്കിലും ഞങ്ങൾ ചോദിച്ച ചോദ്യങ്ങൾക്കൊന്നും മറുപടി പറയാതെ മലപ്പുറം ജില്ല രൂപീകരിച്ചതുൾപ്പെടെയുള്ള മറ്റ് ചില കാര്യങ്ങളാണ് പറഞ്ഞത്. ഇന്നത്തെ ചർച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനിൽ ആരംഭിച്ച് ഞാൻ വരെ

അവസാനിച്ചപ്പോൾ ഞങ്ങൾ സ്പെസിഫിക്കായി ചോദിച്ച ചോദ്യങ്ങൾക്ക് അങ്ങ് നിർബന്ധമായും മറുപടി പറയണം. ഞാൻ ഈ സെക്രട്ടേറിയറ്റിന് മുമ്പിൽനിന്ന് ശ്രീ. പിണറായി വിജയനെക്കുറിച്ച്, 'പൂരം കലക്കി പിണറായി വിജയൻ' എന്ന് പറഞ്ഞു. പൂരം കലക്കാൻ മുഖ്യമന്ത്രി കൂട്ടുനിൽക്കുകയും ആ ഗൂഢാലോചനയിൽ പങ്കാളിയാകുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് മുഖ്യമന്ത്രിയുടെ കീഴിലുള്ള ഒരന്വേഷണവും ഞങ്ങൾക്ക് സ്വീകാര്യമല്ല. പൂരം കലക്കിയതിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് തെറ്റിദ്ധാരണാജനകമായ ഒരു പരാമർശം ഇവിടെ നടത്തി. കഴിഞ്ഞദിവസം വാക്കൗട്ടിനുശേഷം പ്രതിപക്ഷാംഗങ്ങൾ തിരിച്ച് സഭയിലേയ്ക്ക് കയറിവന്നപ്പോൾ ഞാൻ സ്വാഗതം ചെയ്തത് പരിഹസിച്ചുകൊണ്ടാണെന്ന് പറഞ്ഞു. നിങ്ങൾ എല്ലാവരെയും സംശയദൃഷ്ടിയോടെ കാണുന്നതുകൊണ്ടാണ് അങ്ങനെ തോന്നുന്നത്. ഞാൻ ഒന്നുപറഞ്ഞോട്ടെ..... അദ്ദേഹം പറഞ്ഞത് ബഹുമാനത്തോടെ എടുത്തുകൊണ്ടും ആ തെറ്റിദ്ധാരണ

നീക്കണമെന്നതുകൊണ്ടുമാണ് അതിനോട് പ്രതികരിക്കുന്നത്. വളരെ സദുദ്ദേശത്തോടുകൂടിയാണ് പ്രതിപക്ഷത്തെ ഞാൻ സ്വാഗതം ചെയ്തത്. സാധാരണഗതിയിൽ സഭയിൽ വാക്കൗട്ട് നടത്തുകയും തിരിച്ചുവരികയും ചെയ്യുമെങ്കിലും ചോദ്യോത്തരവേള തടസ്സപ്പെടുത്തി വാക്കൗട്ടുണ്ടാകാറില്ല. എന്നാൽ കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ വാക്കൗട്ടുണ്ടാകുകയും സാധാരണഗതിയിൽ ഇല്ലാത്ത തരത്തിൽ ആ സമയത്തുതന്നെ തിരിച്ചുവരികയും ചെയ്തു. അതിനെ സ്വാഗതം ചെയ്തത് സദുദ്ദേശത്തിലാണ്. "കപടലോകത്തിലാത്മാർഥമായൊരു ഹൃദയമുണ്ടായതാണെൻ പരാജയം" എന്ന് വയലാർ പറഞ്ഞതുപോലെ, ആ ആത്മാർഥത തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയുന്നില്ലെന്നത് വളരെ നിർഭാഗ്യകരമാണ്. സദുദ്ദേശത്തിൽ പറഞ്ഞതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പൊതുവേ ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതുമായി ബന്ധപ്പെട്ട് ഒരു പോയിന്റ് പറയാം. ഏറ്റവുമൊടുവിൽ ജമ്മു-കാശ്മീരിൽ തിരഞ്ഞെടുപ്പ് നടന്നു. ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ച് പരാജയപ്പെട്ട ഒമർ അബ്ദുള്ള ഇപ്പോൾ കാശ്മീരിന്റെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ പോകുകയാണ്.

ഹരിയാനയിൽ നിങ്ങൾക്ക് പറ്റിയത് അങ്ങയുടെ കണക്കിന്റെ തെറ്റാണ്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഹരിയാനയിൽ പകുതി സീറ്റുകളിൽ നിങ്ങൾ വിജയിച്ചു. അത്തരത്തിൽ അധിക ആത്മവിശ്വാസത്തിൽ നിങ്ങൾ നിന്നതുകൊണ്ടാണ് ഹരിയാനയിൽ ബി.ജെ.പി. വിജയിച്ചത്. അതുകൊണ്ട് മഹാരാഷ്ട്രയിലും ജാർഖണ്ഡിലുംകൂടി ഈ താരതമ്യത്തിന്റെ പാഠം പഠിപ്പിക്കരുതെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, തൃശ്ശൂർ പൂരം ക്ഷേത്രവുമായി ബന്ധപ്പെട്ടതുതന്നെയാണ്. ഇവിടെ അവതരിപ്പിച്ച പ്രമേയം സംബന്ധിച്ച് ഉള്ളടക്കത്തിൽ ചില പരാമർശങ്ങൾ വന്നു. കേരളത്തിലെ പൂരങ്ങളുടെ പൂരമെന്നതാണ് തൃശ്ശൂർ പൂരത്തെ സംബന്ധിച്ച് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. ലോകം ഉറ്റുനോക്കുന്ന സാംസ്കാരിക കേരളത്തിന്റെ ശോഭയാർന്ന ഏറ്റവും വലിയ ആഘോഷമാണ് തൃശ്ശൂർ പൂരം. എല്ലാ അർത്ഥത്തിലും എല്ലാ ആചാരാനുഷ്ഠാനങ്ങളുമനുസരിച്ച് അതിന്റെ ശോഭ കൂട്ടുതൽ വർധിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്ന പ്രവർത്തനമാണ് തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സംഘടിപ്പിച്ചത്.

ഇത്തവണത്തെ തൃശ്ശൂർ പൂരം ഏപ്രിൽ 19-നാണ് നടന്നത്. അതിനായി മുൻകൂട്ടിയുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി അന്നത്തെ ദേവസ്വം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ, റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ, ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു തുടങ്ങി എല്ലാവരും ചേർന്ന്, പലതവണ അവിടത്തെ ജില്ലാ ഭരണകൂടം, കോർപ്പറേഷൻ, ജനപ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ച് പൂരവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് കൃത്യമായ അവലോകനങ്ങൾ നടത്തി. ഇവിടെ സൂചിപ്പിച്ചതുപോലെ, കോടതിയുടെ ഇടപെടലിനെത്തുടർന്ന് റെന്റുമായി ബന്ധപ്പെട്ട് തർക്കം ഉയർന്നുവന്നപ്പോൾ പൂരം നടത്തിപ്പിൽ ഒരു സന്നിഗ്ധാവസ്ഥയുണ്ടായി. അത്തരമൊരു ഘട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ വിഷയത്തിൽ ഇടപെട്ട് രണ്ട് കൂട്ടരെയും അനുനയിപ്പിച്ച് അതിന് പരിഹാരമുണ്ടാക്കുകയും പൂരം സുഗമമായി നടത്താനുള്ള തീരുമാനമുണ്ടാകുകയും ചെയ്തു. പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട എക്സ്പ്ലോസീവ് ആക്ട്, പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷന്റെ റെഗുലേഷനുകൾ, വിവിധ വകുപ്പുകൾ ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള

ഉത്തരവുകൾ, കേന്ദ്രത്തിന്റെ ഇടപെടലുകൾ, കേന്ദ്ര നിയമങ്ങൾ, ഹൈക്കോടതി വിധി എന്നിവയുടെ നിബന്ധനകൾക്ക് വിധേയമായാണ് പൂരത്തിന്റെ സംഘാടനത്തെ സംബന്ധിച്ച് സുപ്രധാന തീരുമാനങ്ങളെടുത്തത്. ഇതേസമയത്ത് ഇലക്ഷൻ കോഡ് ഓഫ് കോൺടാക്ട് നിലവിൽ വന്നു. അതിനുശേഷം സ്വാഭാവികമായും അവിടെ പോലീസുകാരെ സ്ഥലം മാറ്റുന്നതും ഉദ്യോഗസ്ഥരെ വിന്യസിക്കുന്നതുമെല്ലാം ഇലക്ഷൻ കമ്മീഷനാണ്. ഇലക്ഷൻ കമ്മീഷന്റെ അനുമതിയില്ലാതെ ഒരു കാര്യവും ചെയ്യാൻ കഴിയില്ല. അക്കാര്യം അറിയാതെയല്ല ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചത് എന്നെനിക്ക് തോന്നുന്നു. ഇലക്ഷൻ  കോഡ് ഓഫ് കോൺടാക്ട് നിലവിൽ വന്നാൽ, അതിനുശേഷം ഏതെങ്കിലുമൊരു ഉദ്യോഗസ്ഥനെ മാറ്റണമെങ്കിൽ ഇലക്ഷൻ കമ്മീഷന്റെ അനുമതി വേണം. ഇലക്ഷൻ കമ്മീഷൻ ഇക്കാര്യത്തിൽ എപ്പോഴും ഇടപെട്ടുകൊണ്ടിരിക്കും. നേരത്തെ ഗവൺമെന്റ് മൂവായിരത്തി അഞ്ഞൂറോളം പോലീസുകാരെ അവിടെ വിന്യസിച്ചു. സോണിന്റെ ചുമതലയിൽ പരിണതപ്രജ്ഞരായ ഡിവൈ.എസ്.പി.-മാരെയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. നോംസ് വന്നുകഴിഞ്ഞാൽ ഇലക്ഷൻ കമ്മീഷന്റെ ഉത്തരവില്ലാതെ ആരെയും

മാറ്റാൻ കഴിയില്ല. ഈയൊരു വസ്തുത മറച്ചുപിടിച്ചാണ്, എന്തുകൊണ്ടാണ് ഉദ്യോഗസ്ഥരെ മാറ്റാതിരുന്നതെന്ന് അങ്ങ് ചോദിച്ചത്. അക്കാര്യം തിരുത്തണമെന്ന കാര്യം സൂചിപ്പിക്കുകയാണ്. പൂരം നടന്നെങ്കിലും സമയത്ത് വെടിക്കെട്ട് നടന്നില്ല. വെടിക്കെട്ട് നടക്കില്ലെന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉയർന്നുവന്നപ്പോൾ അതുസംബന്ധിച്ച ബഹുജനാഭിപ്രായവും ക്ഷേത്രഭാരവാഹികളുടെ അഭിപ്രായവുമെല്ലാം വന്നതിനെത്തുടർന്ന്, അക്കാര്യം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി ഗവൺമെന്റ് എ.ഡി.ജി.പി.-യെ ചുമതലപ്പെടുത്തി. എ.ഡി.ജി.പി.-യുടെ റിപ്പോർട്ട് വന്നപ്പോൾ, ബോധപൂർവം ആസൂത്രിതമായ ഒരു നീക്കം നടന്നിട്ടുണ്ടെന്ന സൂചന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം വേണമെന്ന് ഗവൺമെന്റ് തീരുമാനിച്ചു. മൂന്ന് തരത്തിലുള്ള അന്വേഷണം വേണമെന്നത് കാബിനറ്റുതന്നെ ചർച്ച ചെയ്ത് തീരുമാനിച്ചതാണ്. അതിൽ ആദ്യത്തേത്, പൂരം കലക്കൽ എന്ന ആശയത്തിൽ എന്തെല്ലാം കാര്യങ്ങളുണ്ട് എന്നത് സംബന്ധിച്ച് എ.ഡി.ജി.പി. ശ്രീ. എച്ച്. വെങ്കടേഷിന്റെ നേതൃത്വത്തിൽ സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയെന്നതാണ്. അവിടെ

ചാർജ്ജുണ്ടായിരുന്ന ഉദ്യോഗസ്ഥ പ്രമുഖർക്ക് ഈ കാര്യത്തിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോ, അവരുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് തുടങ്ങിയവ സംബന്ധിച്ച് പരിശോധിക്കാൻ അന്നത്തെ ഇന്റലിജൻസ് എ.ഡി.ജി.പി. ശ്രീ. മനോജ് എബ്രഹാമിന്റെ നേതൃത്വത്തിലുള്ള ഒരു ടീമിനെ ചുമതലപ്പെടുത്തിയെന്നതാണ് രണ്ടാമത്തെ കാര്യം. മൂന്ന്, എ.ഡി.ജി.പി. ശ്രീ. എം. ആർ. അജിത് കുമാറിന് ഈ കാര്യത്തിൽ എന്തെങ്കിലും വീഴ്ചയോ ഇടപെടലോ ഉണ്ടായിട്ടുണ്ടോ എന്നതുസംബന്ധിച്ച് പരിശോധിക്കാൻ ഡി.ജി.പി.-യെ ചുമതലപ്പെടുത്തി. ഇങ്ങനെ സമഗ്രമായ രൂപത്തിൽ മൂന്ന് തരത്തിലുള്ള അന്വേഷണം നടത്താൻ സംസ്ഥാന ഗവൺമെന്റ് തീരുമാനമെടുക്കുമ്പോൾ അതിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യേണ്ടതില്ല. എല്ലാ കാര്യങ്ങളും വെളിപ്പെടുന്നതിനാണ് സമഗ്രമായ അന്വേഷണം നടത്തുന്നത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ വിഷയത്തിൽ ആത്മാർത്ഥമായ ഇടപെടലുകൾ കൃത്യമായി ഉണ്ടായിട്ടുണ്ടെന്ന കാര്യമാണ് സൂചിപ്പിക്കാനുള്ളത്. പൂരവുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുന്ന ഈ ഘട്ടത്തിൽ, മന്ത്രിയെന്ന നിലയിൽ അതിന്റെ ഉള്ളടക്കങ്ങളിലേയ്ക്ക് കടക്കുന്നത്

അന്വേഷണത്തെ സ്വാധീനിക്കാനാണെന്നുള്ള ആക്ഷേപമുയരും എന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ ഒരു കാര്യം ഞാൻ സൂചിപ്പിക്കാം, ശ്രീ. വത്സൻ തില്ലങ്കേരിയും ശ്രീ. സുരേഷ് ഗോപിയും തൃശ്ശൂർ പൂരം നടക്കുന്ന ദിവസം അവിടെ വന്നുവെന്നുള്ളത് ശരിയാണ്. ഈയവസരത്തിൽ ഞാനൊരു ചിത്രം കാണിക്കാം (ചിത്രം ഉയർത്തിക്കാട്ടി). കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരൻ നിരാഹാര സമരം കിടക്കുമ്പോൾ, ശ്രീ. വത്സൻ തില്ലങ്കേരി അദ്ദേഹത്തെ അഭിവാദ്യം ചെയ്യുകയും അവിടെ അഭിവാദ്യ പ്രസംഗം നടത്തുകയും ചെയ്തു. ആ വത്സൻ തില്ലങ്കേരിയാണ് പൂരം നടക്കുന്ന ദിവസം വന്നതിൽ ഒരാൾ. ഇത് കൃത്യമായ ഒരു ചിത്രമാണ്. ശ്രീ. വത്സൻ തില്ലങ്കേരി ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റിന്റെ അരികിൽപ്പോയി അഭിവാദ്യം അർപ്പിക്കുകയും അവിടെ സംസാരിക്കുകയും ചെയ്തു. ആ വത്സൻ തില്ലങ്കേരിയാണ് തൃശ്ശൂരിൽ വന്ന് പൂരം കലക്കിയതെന്ന് നിങ്ങൾ പറയുമ്പോൾ.....

ശ്രീ. എം. വിൻസെന്റ്: സർ, ............. (മൈക്ക് ഓഫ്) ............

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ശ്രീ. എം. വിൻസെന്റ്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ഭരണപക്ഷത്തുനിന്ന് ആരും ഒന്നും മിണ്ടിയില്ല. അദ്ദേഹം സംസാരിച്ച് പൂർത്തിയാക്കട്ടെ.

ശ്രീ. വി. എൻ. വാസവൻ: സർ, പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ഞങ്ങളൊന്നും മിണ്ടിയില്ലല്ലോ; ഞാൻ പറയുന്നത് നിങ്ങൾ ഒന്ന് കേൾക്കൂ. ഇവിടെ നിങ്ങൾ ഒരു കാര്യം മനസ്സിലാക്കേണ്ടത്, ഞാനിത് വെറുതെ പറയുന്നതല്ല. കെ.പി.സി.സി. പ്രസിഡന്റുതന്നെ പറഞ്ഞ കാര്യങ്ങളാണ് ഞാൻ പറയുന്നത്. എടക്കാട്ടും തോട്ടടയിലും ആർ.എസ്.എസ്.-കാരെ സി.പി.ഐ.(എം.)-കാർ ആക്രമിക്കുമെന്ന് തോന്നിയപ്പോൾ അവിടങ്ങളിൽ താൻ ആളുകളെയുംകൂട്ടി പോയി കാവൽ നിന്നുവെന്ന് അദ്ദേഹം മുമ്പ് പറഞ്ഞിട്ടുണ്ട്. അതുപോലെ അദ്ദേഹം നിരാഹാര സമരം കിടക്കുമ്പോൾ അവിടെപോയി അഭിവാദ്യ പ്രസംഗം നടത്തിയ ശ്രീ. വത്സൻ തില്ലങ്കേരിയാണ് സേവാഭാരതിയുടെ ആംബുലൻസിൽ സുരേഷ് ഗോപിയോടൊപ്പം തൃശ്ശൂരിൽ വന്നതെന്ന് പറയുമ്പോൾ, എവിടെനിന്നാണ് ഇതിന്റെ ലിങ്ക് പുറപ്പെടുന്നത്, എവിടെനിന്നാണ് അതിന്റെ കോൺസ്പിറൻസി തുടങ്ങിയ കാര്യങ്ങൾ

ഗൗരവപൂർവം പരിശോധിക്കപ്പെടണം. ആരെങ്കിലും സംശയിച്ചാൽ അവരെ തെറ്റ് പറയാൻ കഴിയുമോ? അതുകൊണ്ട് ഈ കാര്യത്തിൽ ഞാൻ പറയുന്നു, ഇതുസംബന്ധിച്ച് കൃത്യമായി .....

ശ്രീ. ടി. സിദ്ദിഖ്: സർ, ............. (മൈക്ക് ഓഫ്) ............

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദീഖ്, ഇത് ശരിയല്ല, അവർ പറയട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ പിൻഡ്രോപ്പ് സൈലൻസ് ആയിരുന്നു. നിങ്ങൾ പറയുന്നത് പൂർണ്ണമായും കേട്ടിരുന്നു. ഇപ്പോൾത്തന്നെ intervene ചെയ്യരുത്. ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കൂ.

ശ്രീ. വി. എൻ. വാസവൻ: സർ, പ്രധാനമായും ഞാനിവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഈ മൂന്ന് തരത്തിലുള്ള സമഗ്രമായ അന്വേഷണം നടത്താൻ തീരുമാനിച്ചു. അവിടെ എന്തെല്ലാം തരത്തിലുള്ള ഗൂഢാലോചന നടന്നിട്ടുണ്ട്, അതിൽ ശ്രീ. ബി. ഗോപാലകൃഷ്ണന്റെയും ശ്രീ. വത്സൻ തില്ലങ്കേരിയുടെയും ശ്രീ. ഗിരീഷ് കുമാറിന്റെയും ശ്രീ. സുരേഷ് ഗോപിയുടെയും പങ്കെന്താണെന്ന് ഈ സമഗ്രമായ അന്വേഷണത്തിലൂടെ വെളിവാകും. ആ

അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃത്യമായി കാര്യങ്ങൾ അവലോകനം ചെയ്യാം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയ്ക്ക് ഇടപെടുകയല്ല, പക്ഷേ ഒന്നുരണ്ട് കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ടെന്ന് തോന്നുന്നു. വളരെ പോസിറ്റീവായ കാര്യങ്ങളാണവ. അവ ഈ സഭയറിയേണ്ടതുണ്ട്. വളരെ പോസിറ്റീവായി നാം കാണേണ്ടതായ ചില പ്രശ്നങ്ങളാണതെല്ലാം. ഇവിടെ നേരത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായത്തെക്കുറിച്ചും ജനയുഗത്തിലെ ലേഖനത്തെക്കുറിച്ചും ശ്രീ. പി. ബാലചന്ദ്രൻ ഇവിടെ നടത്തിയ പ്രസംഗത്തെക്കുറിച്ചുമെല്ലാം ചർച്ച ചെയ്യുകയുണ്ടായി. സംശയം തീർക്കാനാണ് ആ ചർച്ചയെങ്കിൽ, അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ഞാൻ പറയാം, പൂരം കലക്കുന്നതിനുവേണ്ടി ആസൂത്രിതമായ ശ്രമം നടന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി അതിൽ കുറ്റക്കാർ ആരാണെങ്കിലും അത് പുറത്തുവരണം എന്നുതന്നെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായം. അതുതന്നെയാണ് ഇടതുപക്ഷ ജനാധിപത്യ

മുന്നണിയുടെയും അഭിപ്രായം. മറ്റൊരു അഭിപ്രായത്തിലേയ്ക്ക് പോകേണ്ട ആവശ്യമില്ല. ഇവിടെ ചർച്ച ചെയ്യേണ്ട ചില പ്രശ്നങ്ങളുണ്ട്. ഈ പൂരം ആരംഭിക്കുന്ന ഘട്ടം മുതൽ അതിനൊപ്പമുണ്ടായിരുന്ന ആളാണ് ഞാൻ. ഇവിടെ നേരത്തെ പറഞ്ഞതുപോലെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള യോഗത്തിലും പൂരത്തിന്റെ വെടിക്കെട്ടുമായി ബന്ധപ്പെട്ട് നടന്ന യോഗത്തിലും നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, വനം വകുപ്പ് തെറ്റായി ഇറക്കിയ ഓർഡർ പിൻവലിക്കുന്നതിനുള്ള നടപടിക്രമങ്ങളിലും ആനയുടെ അളവെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലുമെല്ലാം ആദ്യഘട്ടം മുതൽ അവസാന ഘട്ടംവരെ സമ്പൂർണ്ണമായി ഇടപെട്ടിരുന്ന ആളുകളാണ് ഞങ്ങൾ. അതിൽ എന്തെങ്കിലും വിധത്തിലുള്ള പോരായ്മകളുണ്ടെങ്കിൽ അക്കാര്യവും ശ്രദ്ധയിൽപ്പെടുത്തിയിരുന്നവരാണ് ഞങ്ങൾ. അർധരാത്രിയിൽ പ്രശ്നങ്ങൾ നടക്കുന്ന സമയത്ത്, നടുവിലാലിന്റെ മുമ്പിലുള്ള ബാരിക്കേഡ് ലംഘിച്ചുകൊണ്ട് ആളുകളോട് പ്രശ്നമുണ്ടാക്കാൻ ആഹ്വാനം ചെയ്ത്, ചരിത്രത്തിൽ ഇതുവരെ കാണാത്ത രീതിയിൽ അവിടെനിന്നും പ്രകടനമായി ശ്രീമൂലസ്ഥാനത്തേയ്ക്ക് വന്നതിന്റെ പിന്നിൽ ആരൊക്കെയാണ്, ഏതെല്ലാം

വിധത്തിലുള്ള ഇടപെടലാണുണ്ടായത്, ആരാണ് അതിന് നേതൃത്വം നൽകിയത് തുടങ്ങിയ കാര്യങ്ങൾ പുറത്തുവരണം. ഇവിടെ ശ്രീ. വത്സൻ തില്ലങ്കേരി ഉൾപ്പെടെയുള്ളവരുടെ പേരുകൾ സൂചിപ്പിക്കുകയുണ്ടായി. അതെല്ലാം കണ്ടുനിന്നവരാണ് തൃശ്ശൂർക്കാർ. ഇവിടെ ഇതിനേക്കാൾ ഭീകരമായ അപകടമില്ലേ; ശ്രീ. നജീബ് കാന്തപുരമോ മറ്റോ തൃശ്ശൂർ പൂരത്തെ സംബന്ധിച്ച് അറിവില്ലാത്തതുപോലെ ഇവിടെ സംസാരിക്കുന്നത് കേട്ടു. പൂരത്തിന്റെ പ്രതീകമായി യഥാർത്ഥത്തിൽ അവിടെയുണ്ടായിരുന്നത് ഞങ്ങളുടെയെല്ലാം പ്രിയപ്പെട്ട മാധവൻ കുട്ടി മാഷല്ലേ; തെക്കോട്ടിറക്കത്തിൽ മാധവൻ കുട്ടി മാഷ് പോലീസിന്റെ ലാത്തിച്ചാർജിന് വിധേയമായി അതിഭീകരമായ ആക്രമണത്തിനിരയായി. തൃശ്ശൂർ പൂരം തൃശ്ശൂർക്കാരുടെ മാത്രമല്ല, കേരളത്തിലെ മുഴുവൻ മലയാളികളുടെയും പൊതുവികാരമാണ്. ഇവിടെ എങ്ങനെയാണ് ഈ വിഷയങ്ങൾ ഉയർന്നുവരുന്നത്. പൂരത്തിനിടയിൽ ശ്രീമൂലസ്ഥാനത്തേയ്ക്ക് എങ്ങനെയാണ് ഒരു പ്രകടനമുണ്ടായത്. അവിടെ എം.സി.സി. (മോഡൽ കോഡ് ഓഫ് കോൺടാക്റ്റ്) നിലനിൽക്കുന്നതുകൊണ്ട് അവിടേയ്ക്ക് നടന്നുവന്നയാളുകളാണ് ഞാനും ശ്രീ. വി. എസ്. സുനിൽ കുമാറും. എം.സി.സി.

നിലനിൽക്കുന്നതുകൊണ്ട് ചർച്ചയിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ കളക്ടറും ദേവസ്വം ബോർഡ് പ്രസിഡന്റുംകൂടി നടത്തിയ ചർച്ചയിൽ പൂരത്തിന്റെ വെടിക്കെട്ട് ഒരു പ്രയാസവുമില്ലാതെ തുടർന്ന് നടത്താമെന്ന് തീരുമാനിച്ച സാഹചര്യത്തിൽ, ദേവസ്വം അധികാരികൾ ഉൾപ്പെടെയുള്ളവരെ ഏതാണ്ട് ഒന്നര മണിക്കൂർ ചുറ്റിക്കുന്നതിന് പിന്നിൽ ഏതെല്ലാം വിധത്തിലുള്ള ഇടപെടലുകളാണ് നടത്തിയത്? സാധാരണഗതിയിൽ വെടിക്കെട്ട് രാവിലെയാണ് നടത്തുന്നത്. വെടിക്കെട്ട് വേറെയും നടന്നിട്ടുണ്ട്. അങ്ങുവഴി ഇത് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് പറയുന്നത്. രാവിലെ നടത്തേണ്ട വെടിക്കെട്ട് ഉച്ചയ്ക്ക് ഉപചാരം ചൊല്ലി കഴിഞ്ഞതിനുശേഷം നടത്തിയാൽ മതിയെന്ന വിധത്തിൽ ഒരു ചർച്ചയുണ്ടായതെങ്ങനെയാണ്? യഥാർഥത്തിൽ ആചാരലംഘനമുണ്ടായത് അവിടെയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ബാലചന്ദ്രനും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും സൂചിപ്പിച്ചല്ലോ; പൂരവുമായി ബന്ധപ്പെട്ട് ധാരാളം ആചാരങ്ങളുള്ള സ്ഥലമാണ് തൃശ്ശൂർ. നെയ്തലക്കാവ് ഭഗവതി എഴുന്നള്ളി ജനങ്ങളോടൊപ്പം നടന്നുവന്ന് തെക്കേഗോപുര നടയുടെ വാതിൽ തള്ളി തുറക്കുമ്പോഴാണ് തൃശ്ശൂർ

പൂരത്തിന് പൂരവിളംബരം നടക്കുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അതിനോടൊപ്പം നടന്നുവരുന്ന ആളാണ്. പൂരം ആരംഭിക്കുന്നത് എന്റെ മണ്ഡലത്തിൽ നിന്നാണ്. കണിമംഗലം ശാസ്താവിനോടൊപ്പം നടന്ന് പൂരത്തിനെത്തുന്ന ആളാണ് ഞാൻ. ഉപചാരം ചൊല്ലി പിരിഞ്ഞതിനുശേഷമാണ് രാവിലെ വെടിക്കെട്ട് നടത്താൻ പോകുന്നത് എന്ന ആലോചനയുടെ പിന്നിൽ..... അതിനോട് ചേർന്നാണ് അതിന്റെ മാഗസീൻ (വെടിമരുന്ന് സംഭരണ കേന്ദ്രം) എന്ന് പൂരം നടത്തുന്നയാളുകൾക്കും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ളവർക്കുമറിയാം. പൂരം സമാപിച്ചുകൊണ്ട് തിരുവമ്പാടി ഭഗവതി ആചാരം ചൊല്ലി പിരിയാൻ കുത്തുവിളക്കിന്റെ സാന്നിധ്യത്തിൽ എഴുന്നള്ളിവരുന്ന ആ സ്ഥലത്ത് മാഗസീനിൽ ഈ വെടിക്കെട്ട് സാധനങ്ങൾ സൂക്ഷിച്ചുവച്ചാൽ പൂരത്തിന്റെ ഭാഗമായി ഉപചാരം ചൊല്ലി പിരിയുന്ന തിരുവമ്പാടി ഭഗവതിയുടെ എഴുന്നള്ളിപ്പ് നടത്താൻ സാധിക്കുമോ; ചിലയാളുകൾ ബോധപൂർവം അത് നടത്തേണ്ടതില്ല എന്ന് ആലോചിച്ചു. തിരുവമ്പാടി ദേവസ്വവുമായി ശ്രീ. വി. എസ്. സുനിൽ കുമാർ സംസാരിച്ച് ഞാനുംകൂടി പങ്കെടുത്ത അനൗപചാരികമായ

ആലോചനയുടെ ഭാഗമായാണ് രാവിലെ എങ്കിൽ രാവിലെ വെടിക്കെട്ട് നടത്തണമെന്ന തീരുമാനത്തിലേയ്ക്ക് വന്നത്. പക്ഷേ ഇതിന്റെ പിന്നിലൊരു ഗൂഢാലോചനയുണ്ട്. ആ ഗൂഢാലോചനയുടെ പിന്നിൽ അണിനിരന്നത് ആരൊക്കെ എന്ന് പൊതുജനത്തിന്റെ മുന്നിൽ കൊണ്ടുവരേണ്ടതുണ്ട്. അതിൽ അഭിപ്രായ വ്യത്യാസമൊന്നുമില്ല. ആ അഭിപ്രായത്തിനാണ് കേരളത്തിലെ ഗവൺമെന്റ് മൂന്ന് തരത്തിലുള്ള അന്വേഷണം പ്രഖ്യാപിക്കണമെന്ന് നിശ്ചയിച്ചത്. അതിൽ ആരോപണ വിധേയനായ എ.ഡി.ജി.പി.-യുണ്ട്. അതുകൊണ്ടാണ് അദ്ദേഹത്തെക്കുറിച്ച് അന്വേഷിക്കാൻ നിശ്ചയിച്ചത്. അതിൽ ഗൂഢാലോചനയുണ്ട്. അതുകൊണ്ടാണ് ഗൂഢാലോചനയെക്കുറിച്ച് അന്വേഷിക്കാൻ നിശ്ചയിച്ചത്. അതിൽ ഉദ്യോഗസ്ഥരുടെ പങ്കുണ്ടെങ്കിൽ അതിനെക്കുറിച്ചും അന്വേഷിക്കാൻ നിശ്ചയിച്ചു. സി.പി.ഐ.-യുടെയോ ശ്രീ. പി. ബാലചന്ദ്രന്റെയോ അഭിപ്രായപ്രകടനത്തെക്കുറിച്ച് ഒരു സംശയവും വേണ്ട. തൃശ്ശൂർ പൂരം കലക്കാൻ ബോധപൂർവമായ ഗൂഢാലോചനയുണ്ടായി. അതിന് നേതൃത്വം നൽകിയ ആർ.എസ്.എസ്. നേതാക്കളെക്കുറിച്ച് പറയുന്നതിൽ നമ്മളെന്തിനാണ് ഇങ്ങനെ മറച്ചുപിടിച്ചും ഒഴിച്ചുപിടിച്ചും

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേരെ ഇതിനെ തിരിക്കണമെന്ന് നിശ്ചയിക്കുന്നത്? യഥാർഥത്തിൽ ആ ഗൂഢാലോചനയാണ് രംഗത്ത് വരേണ്ടത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, (........മൈക്ക് ഓഫ്......)

<u>മി. സ്പീക്കർ:</u> ഇത് ഡിബേറ്റാക്കണ്ട. ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി കൺക്ലൂഡ് ചെയ്യണം. മന്ത്രിമാർക്ക് മറുപടി പറയാമെന്നുണ്ട്. അദ്ദേഹത്തിന്റെ കോൺസ്റ്റിറ്റ്യുവൻസിയുമായി ബന്ധപ്പെട്ട കാര്യമാണിത്. തൃശ്ശൂരുകാർ എന്ന നിലയ്ക്ക് പറഞ്ഞതാണ്. ഇത് ഡിബേറ്റാക്കാൻ പറ്റില്ല. പെട്ടെന്ന് കൺക്ലൂഡ് ചെയ്യണം. പ്ലീസ്.. പ്ലീസ്.. സമയത്തിന്റെ പ്രശ്നമുണ്ട്. അങ്ങയോട് എല്ലാ ബഹുമാനവുമുണ്ട്. യെസ്...യെസ്... to the point ആയിരിക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, പൂരം കലക്കിയതാണെന്നും ഇതിന്റെ പിന്നിൽ ഗൂഢാലോചനയുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. തൊട്ടപ്പുറത്ത് നിന്ന് പ്രസംഗിച്ച മുൻ മന്ത്രി ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞത്

പൂരം കലക്കിയിട്ടില്ലെന്നാണ്. ഇവിടെയാണ് അഭിപ്രായ വ്യത്യാസം. ഇവർ തമ്മിൽ ഐക്യമില്ലെന്നുള്ളതാണ് പ്രശ്നം.

<u>ശ്രീ. കെ. രാജൻ:</u> സർ, ആടിനെ പട്ടിയാക്കുക എന്ന് നമ്മൾ കേട്ടിട്ടേയുള്ളൂ. പക്ഷേ അത് ഇപ്പോൾ കൃത്യമായി ബോധ്യപ്പെട്ടു. ഞാൻ പറഞ്ഞതും ബഹുമാനപ്പെട്ട അംഗം ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞതും തമ്മിൽ ഒരു തർക്കവുമില്ല. പൂരം കലക്കാൻ വേണ്ടിയിട്ടുള്ള ആസൂത്രിതമായ ശ്രമം നടന്നിട്ടുണ്ട്, അതിന്റെ പിന്നിലൊരു ഗൂഢാലോചനയുണ്ട്. അതിന് നേതൃത്വം നൽകിയത് ആർ.എസ്.എസ്. ആണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ആ ഗൂഢാലോചനയോടൊപ്പം ഉദ്യോഗസ്ഥരുമുണ്ടെങ്കിൽ അവരും ആ സ്ഥാനത്തിരിക്കാൻ യോഗ്യരല്ല. ഗൂഢാലോചന നടത്തിയിട്ടുണ്ടെങ്കിൽ അത് പുറത്തുകൊണ്ടുവരണമെന്ന് തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ആചാരലംഘനത്തെക്കുറിച്ച് പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്, ആചാരലംഘനം എങ്ങനെയാണ് ഉണ്ടാകുക; അതിരാവിലെ അഞ്ച് മണിക്ക് കണിമംഗലം ശാസ്താവ് എഴുന്നള്ളി വരുന്നത് തൃശ്ശൂർ പൂരത്തിന്റെ പ്രത്യേകതയാണ്. വടക്കുംനാഥന്റെ മുമ്പിലേക്ക് ശ്രീമൂലസ്ഥാനത്തോടുകൂടി

ശാസ്താവിന് നേരിട്ട് കടക്കാൻ പറ്റില്ല. തെക്കേഗോപുര നടവഴി തിരിഞ്ഞുവരണം. ഇങ്ങനെ തുടങ്ങുന്ന ആചാരങ്ങളിൽ ലംഘനം ഉണ്ടാവുകയല്ല ചെയ്തത്. ഇവിടെ വെടിക്കെട്ടുമായി ബന്ധപ്പെട്ട പ്രശ്നമാണുള്ളത്. വെടിക്കെട്ടിന്റെ നേരം മാറുന്നത് ആദ്യമായിട്ടാണോ? പുറ്റിങ്ങൽ വെടിക്കെട്ടിനെത്തുടർന്ന് എല്ലായിടത്തും വെടിക്കെട്ട് നിരോധിച്ചപ്പോൾ അന്നത്തെ കൃഷി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുകൊണ്ട് പ്രത്യേകമായി ഫയർ സംവിധാനം ഏർപ്പെടുത്തി. അനുസംബന്ധിച്ച് പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷനുമായി (പെസോ) തർക്കിച്ച് വെടിക്കെട്ട് നടത്തിയ അനുഭവമുള്ള സ്ഥലമാണ് തൃശ്ശൂർ. 2022-ൽ മഴമൂലം മാറ്റിവച്ച വെടിക്കെട്ട് മൂന്ന് ദിവസം കഴിഞ്ഞ് ഉച്ചയ്ക്ക് നടത്തിയ അനുഭവമുണ്ട്. എങ്ങനെയാണ് ഇവിടെ ഈ പ്രശ്നമുണ്ടാകുന്നത്? തിരഞ്ഞെടുപ്പിനെ ബോധപൂർവം ഉപയോഗിക്കാൻ....... എട്ടര വർഷക്കാലം മുമ്പ് നിയമസഭാ തിരഞ്ഞെടുപ്പ് നടന്നപ്പോൾ തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട് സ്ഥാനാർഥികൾ നിരാഹാരം കിടന്നിട്ടുണ്ട്. ഇത്തവണ ഫെബ്രുവരി മാസത്തിൽ തൃശ്ശൂരിൽ വച്ച് നടന്ന യോഗത്തിൽ ഞാനും

ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും എല്ലാവരോടും "ദയവായി ഇത്തവണയും തിരഞ്ഞെടുപ്പ് ഉള്ളതുകൊണ്ട് ഇതിൽ രാഷ്ട്രീയം കളിക്കാനും ഇതിൽ മുതലെടുപ്പ് നടത്താനും ശ്രമിക്കരുത്" എന്ന് അഭ്യർഥിച്ചു. പൂരം എന്നത് തൃശ്ശൂരിന്റെ സ്വകാര്യ അഹങ്കാരവും കേരളത്തിന്റെ വികാരവുമാണ്. ആ വികാരത്തിൽ മതമില്ല, രാഷ്ട്രീയമില്ല, ജാതിയില്ല, ലിംഗമില്ല. അങ്ങനെ കൊണ്ടുപോകാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനെ തെറ്റായ വിധത്തിൽ..... ഏത് താൽപര്യത്തിന്റെ പേരിലാണെങ്കിലും പൂരം കലക്കിയാൽ ആ സംഭവത്തിന്റെ ഉത്തരവാദികൾ ആരെന്ന് അന്വേഷിക്കുക തന്നെവേണം. ഞാനുമായി ബന്ധപ്പെട്ട് രണ്ടുകാര്യങ്ങൾ പ്രതിപാദിച്ചതുകൊണ്ട് പറയാൻ ആഗ്രഹിക്കുകയാണ്. അവസാന നേരത്ത് എന്തിനാണ് ഇടപെട്ടതെന്ന് ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നോട് ചോദിച്ചു. രാജൻ പറഞ്ഞുവെന്ന് വേണം, എന്നാൽ മറുപടിയൊട്ട് കേൾക്കാനും പാടില്ല. ഞാൻ അതുകൊണ്ടല്ല പറയുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ സത്യങ്ങളെ, കുമ്പസാരത്തെ ഞാൻ ആസ്വദിച്ച് കേട്ടിരിക്കുകയായിരുന്നു. അവസാനംവരെ എത്തട്ടെയെന്ന് കരുതി

ഇരുന്നതാണ്. ബാക്കി സ്ഥാനാർഥികൾ എവിടെ വന്നുവെന്ന് ശ്രീ. എ. പി. അനിൽ കുമാർ എന്നോടാണ് ചോദിച്ചത്. ഇതുസംബന്ധിച്ച് ഞാൻ എപ്പോഴെങ്കിലും മറുപടി പറയണമെന്ന് ശ്രീ. എ. പി. അനിൽ കുമാർ ആവശ്യപ്പെട്ടതുകൊണ്ടാണ് ഞാൻ പറയുന്നത്. തൃശ്ശൂരിലെ എൽ.ഡി.എഫ്. സ്ഥാനാർഥി 36 മണിക്കൂറും അവിടെയുണ്ടായിരുന്നു. നിങ്ങളുടെ സ്ഥാനാർഥി അവിടെ എത്തിച്ചേർന്നത് രാവിലെ ഏഴേമുക്കാലിനാണെന്ന് ബഹുമാനപ്പെട്ട എ. പി. അനിൽ കുമാർ മനസ്സിലാക്കണം. ഈ ദുരന്തമുണ്ടായ സമയത്ത് സ്ഥലം എസ്.ഐ. ഉൾപ്പെടെ ആരുമുണ്ടായിരുന്നില്ല. (...ബഹളം...)

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മറുപടി പറയാനുള്ള അവസരമുണ്ട്. ഈ വിഷയത്തെക്കുറിച്ച് മന്ത്രിമാർക്ക് പറയാം. പക്ഷേ ബന്ധപ്പെട്ട മുഴുവൻ മന്ത്രിമാരും പറഞ്ഞുകഴിഞ്ഞതിനുശേഷമാണ് ചുമതലപ്പെടുത്തിയ മന്ത്രി പറയുന്നത്. അതാണ് കീഴ്വഴക്കം. ഇത് ഇടയ്ക്ക് രണ്ട് മന്ത്രിമാർ പറഞ്ഞു. ചുമതലപ്പെടുത്തിയ മന്ത്രി സംസാരിക്കുന്നതിനിടയിൽ അദ്ദേഹം വഴങ്ങികൊടുത്തതുകൊണ്ട് മറ്റൊരു മന്ത്രി ഇങ്ങനെ പറയുന്ന നടപടി ക്രമത്തിലുള്ളതാണോ?

മി. സ്പീക്കർ: മന്ത്രിമാരുടെ മറുപടിയുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രസംഗത്തിൽ ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയെ പരാമർശിച്ചിരുന്നു. അതുകൊണ്ടാണ് അദ്ദേഹം മറുപടി പറഞ്ഞത്. യെസ്..... ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി.....

ശ്രീ. വി. എൻ. വാസവൻ: സർ, ആ സ്ഥലത്തുണ്ടായിരുന്ന മന്ത്രി എന്ന നിലയിലാണ് ബഹുമാന്യനായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സാക്ഷ്യപ്പെടുത്തിക്കൊണ്ട് സംസാരിച്ചത്. ഇക്കാര്യത്തെക്കുറിച്ച് വളരെ വ്യക്തമായി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാജൻ പറഞ്ഞതിലോ ബഹുമാനപ്പെട്ട അംഗം ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞതിലോ ഞാൻ പറഞ്ഞതിലോ യാതൊരു വ്യത്യാസവുമില്ല. പൂരം കലക്കാൻ ശ്രമിച്ചിട്ടുണ്ട്, അത് സമഗ്രമായി അന്വേഷിക്കണമെന്നാണ് ഞങ്ങളെല്ലാം സൂചിപ്പിച്ചത്. അല്ലെങ്കിൽ എന്തിനാണ് അന്വേഷണം പ്രഖ്യാപിച്ചത്; പൂരം കലക്കാൻ ശ്രമിച്ചിട്ടുണ്ട് എന്നതിനാലാണ് മൂന്നുതരത്തിലുള്ള അന്വേഷണം സർക്കാർ പ്രഖ്യാപിച്ചത്. സമയം കഴിഞ്ഞിട്ടാണ് വെടിക്കെട്ട് നടന്നതെങ്കിലും പൂരം നടത്താൻ സാധിച്ചു. സ്വാഭാവികമായും കൃത്യമായി നടക്കാറുള്ള കാര്യങ്ങൾ എന്തുകൊണ്ട് നടന്നില്ല

എന്ന് സമഗ്രമായി അന്വേഷിച്ച് കാര്യങ്ങൾ പുറത്തുകൊണ്ടുവരണ്ടേ? അതിനുവേണ്ടിയാണ് ഗവൺമെന്റ് മൂന്നുതരത്തിലുള്ള അന്വേഷണം പ്രഖ്യാപിച്ചത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ആ ജില്ലയിലുള്ള ആളാണ്. അദ്ദേഹം ഇതിന് സാക്ഷിയാണ്. പൂരം കലക്കിയെന്നുള്ള ഞങ്ങളുടെ ആരോപണത്തിന് അടിവരയിട്ടുകൊണ്ട് പൂരം കലക്കിയതെങ്ങനെയാണെന്ന് സൂചിപ്പിക്കുന്ന അഞ്ചുകാര്യങ്ങൾ ബഹുമാന്യനായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി പറഞ്ഞു. ബാരിക്കേഡ് വച്ച് തടഞ്ഞത്, വെടിക്കെട്ട് താമസിച്ചത് തുടങ്ങിയ അഞ്ച് കാര്യങ്ങൾ പറഞ്ഞു. അങ്ങ് കൂടി ദൃക്സാക്ഷിയായ, പൂരം കലക്കാനിടയായ അഞ്ച് കാര്യങ്ങളിൽ കഴിഞ്ഞ അഞ്ച് മാസമായി നിങ്ങളുടെ സർക്കാർ എന്തുചെയ്യുകയായിരുന്നു; ഇപ്പോഴാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. ഈ മന്ത്രിവരെ ദൃക്സാക്ഷിയായ പൂരം കലക്കൽ നടന്നിട്ട് 5 മാസമായി, ഈ കഴിഞ്ഞയാഴ്ചയാണോ ത്രിതല അന്വേഷണം നടത്തുന്നത്? അതാണ് ചോദ്യം. എനിക്ക് മന്ത്രിയോടുള്ള ചോദ്യമാണ്.

ശ്രീ. കെ. രാജൻ: സർ, പൂരം കലക്കി എന്നല്ല ഞാൻ പറഞ്ഞത്. പൂരം കലക്കാനുള്ള ശ്രമങ്ങളിൽ നിതാന്തമായ ചില പ്രശ്നങ്ങൾ ഞാൻ ചൂണ്ടിക്കാണിച്ചു. അത് ഈ അന്വേഷണ റിപ്പോർട്ടിന്റെ ഭാഗമായിട്ടുണ്ടാകും എന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. സ്വാഭാവികമായിട്ടും അന്വേഷിക്കുന്ന ഉദ്യോഗസ്ഥൻ അത് കണ്ടെത്തേണ്ടതാണ്. അത് കണ്ടെത്തിയിട്ടുണ്ടോ ഇല്ലയോ എന്ന് പറയാൻ അന്വേഷണം പൂർത്തീകരിച്ചിട്ടില്ല. അതുകൂടി ഉൾപ്പെടുന്ന സമഗ്രമായ അന്വേഷണമായിരിക്കും ഉണ്ടാകേണ്ടതെന്നും ഉണ്ടാകുകയെന്നും ഞാൻ സൂചിപ്പിച്ചതാണ്.

ശ്രീ. വി. എൻ. വാസവൻ: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചത് 'നിങ്ങൾ എന്തെടുക്കുകയായിരുന്നു' എന്നാണ്. അന്നുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷണം പ്രഖ്യാപിക്കുകയും എ.ഡി.ജി.പി. അതുസംബന്ധിച്ച റിപ്പോർട്ട് ഡി.ജി.പി.ക്കും അദ്ദേഹം ഹോം സെക്രട്ടറിക്കും ഹോം സെക്രട്ടറി അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഈ മൂന്ന് അന്വേഷണങ്ങളും പ്രഖ്യാപിച്ചത്. അതാണ് സമഗ്രമായ അന്വേഷണം.

റിപ്പോർട്ട് കിട്ടിയപ്പോൾതന്നെ ഒരു ദിവസംപോലും വൈകാതെ നിമിഷങ്ങൾക്കകമാണ് ഗവൺമെന്റ് അക്കാര്യത്തിൽ തീരുമാനമെടുത്ത് മൂന്ന് അന്വേഷണവും പ്രഖ്യാപിച്ച് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതിൽ പ്രതിപക്ഷം അസ്വസ്ഥരാകേണ്ട കാര്യമെന്താണ്? അക്കാര്യങ്ങൾ അന്വേഷിച്ച് പുറത്തുവരട്ടെ, അതുവരെ കാത്തിരിക്കൂ. ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്താൻ.......... (ബഹളം).... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മാന്യത കാണിക്കണം. താങ്കൾ സംസാരിച്ചപ്പോൾ ഞാൻ സംസാരിച്ചില്ലല്ലോ. അദ്ദേഹത്തിന് ഇപ്പോൾ വിഷമമുണ്ടാകുന്നത് അദ്ദേഹം സംസാരിച്ച് അവസാനമെത്തിയത് വ്യക്തിപരമായ ഡിഫൻസിലാണ്. ഇവിടെ എല്ലാവരും പ്രതിപക്ഷ നേതാവ് മോശക്കാരനാണ്, ധാർഷ്ട്യക്കാരനാണ് എന്നുപറഞ്ഞുവെന്നാണ് താങ്കൾ പറഞ്ഞത്. എന്നിട്ട് അവസാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിലേക്കല്ലേ അതൊക്കെ താങ്കൾ ചാർത്തിയത്. എല്ലാ അർത്ഥത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്രമിക്കാനല്ലേ അതും വിനിയോഗിച്ചത്. പ്രതിപക്ഷം ഒരു കാര്യം മനസ്സിലാക്കേണ്ടത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പെയ്ത മഴയ്ക്ക് ഇന്ന് കുരുത്തൊരു തകരയല്ല. കേരളത്തിലെ

എല്ലാ സംഘർഷഭരിതമായ സാഹചര്യങ്ങളിലും കേരളത്തിന്റെ മതനിരപേക്ഷത കാത്തുസൂക്ഷിക്കാനും മതേതര ജനാധിപത്യത്തിന്റെ മഹത്തായ പാരമ്പര്യങ്ങൾ ഉയർത്തിപ്പിടിക്കാനും മുന്നോട്ടുവന്ന ധീരനായ ഒരു പോരാളിയാണ് സഖാവ് പിണറായി വിജയൻ എന്നുപറഞ്ഞാൽ രാഷ്ട്രീയ കേരളം അത് നിഷേധിക്കില്ല. അതിന്റെ കൃത്യമായ കണക്കുകൾ വിതയത്തിൽ കമ്മീഷൻ ചൂണ്ടിക്കാണിച്ചത് ഇവിടെ പരാമർശിക്കപ്പെട്ടു. തലശ്ശേരിയിലെ പോരാട്ടരംഗത്ത് പള്ളിക്ക് കാവൽ നിന്ന നേതാവ് ആരെന്ന് ചോദിച്ചാൽ ഈ സഭയിൽ ഒരാളെയുള്ളൂ, അത് സഖാവ് പിണറായി വിജയനാണ്. അതേസമയം നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് കാവൽ നിന്നത് എവിടെയാണ്? ആർ.എസ്.എസ്.-ന്റെ ക്യാമ്പിൽ. അതല്ലേ യാഥാർത്ഥ്യം? ആ സഖാവ് പിണറായി വിജയനെ എന്തിനാണ് തുടരെത്തുടരെ ആക്രമിച്ച് ദേഷ്യം തീർക്കുന്നത്. യഥാർഥത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. പിണറായി വിജയനാകാനുള്ള ഒരു ശ്രമം നടത്തിക്കൊണ്ടിരിക്കുന്ന, അങ്ങനെയാകണമെന്നുള്ള ആഗ്രഹം പ്രകടിപ്പിക്കുന്ന ഒരാളായി മാറിയിരിക്കുന്നു എന്നുപറഞ്ഞാൽ അതിൽ അതിശയോക്തിയില്ല, അത് ആളുകൾ വിശ്വസിക്കും.

ഞാൻ പറയുന്നു, ആയിരം സതീശന്മാർ വന്നാലും അര പിണറായി വിജയനാകില്ല എന്നതാണ് യാഥാർത്ഥ്യം. കാരണം അദ്ദേഹം കടന്നുവന്ന വഴിത്താരകൾ അത്തരത്തിലുള്ളതാണ്. ഈ കേരളത്തിൽ മഞ്ഞപത്രങ്ങൾ മുതൽ എത്ര കാലഘട്ടങ്ങളിൽ എന്തെല്ലാം തരത്തിലുള്ള ആക്രമണങ്ങളിലൂടെ അദ്ദേഹത്തെ വേട്ടയാടി. ഒരുപക്ഷെ സഹനശക്തിക്ക് ഓസ്കാർ അവാർഡ് പ്രഖ്യാപിച്ചാൽ അത് സഖാവ് പിണറായി വിജയനുള്ളതായിരിക്കും എന്നുള്ള കാര്യത്തിൽ സംശയം വേണ്ട. അത്തരത്തിൽ ആർ.എസ്.എസ്.-കാരുടെ ആക്രമണത്തിന് അദ്ദേഹം ഇരയായിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഇരിക്കുന്നുണ്ട്, മാറാട് കലാപമുണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയോടൊപ്പം പോയയാളാണ് അദ്ദേഹം. രണ്ടുപേരും അവിടെയെത്തുമ്പോൾ ശ്രീ. കുമ്മനം രാജശേഖരന്റെ നേതൃത്വത്തിൽ അവരെ തടഞ്ഞു, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെ പോകാൻ അനുവദിക്കില്ല, ശ്രീ. എ. കെ. ആന്റണിക്ക് വേണമെങ്കിൽ പോകാം എന്നുപറഞ്ഞ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെ തിരിച്ചയച്ചില്ലേ? എന്നാൽ പിറ്റേദിവസം അവിടെ സഖാവ്

പിണറായി വിജയനും ശ്രീ. വി. കെ. സി. മമ്മത് കോയയും ശ്രീ. എളമരം കരീമും ചേർന്ന് പോയി. അപ്പോഴും ശ്രീ. വി. കെ. സി. മമ്മത് കോയയെയും ശ്രീ. എളമരം കരീമിനെയും വിടില്ല എന്നുപറഞ്ഞു. എന്നാൽ ഞങ്ങൾ പോകുമെന്ന് പറഞ്ഞ് മാറാട് സന്ദർശിച്ച ഒരു നേതാവിന്റെ പേരുണ്ട്, അതാണ് സഖാവ് പിണറായി വിജയൻ. അന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് തിരിച്ചുപോയെങ്കിൽ യഥാർഥത്തിൽ സഖാവ് പിണറായി വിജയൻ അവിടെ സന്ദർശിച്ചിട്ടാണ് പോയത്. അങ്ങനെ എത്രയോ സംഭവങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്. കലാപങ്ങളുണ്ടായപ്പോൾ അതിന്റെയെല്ലാം മുന്നിൽ....... എസ്.എൻ.സി. ലാവ്‌ലിൻ കേസ് വന്നപ്പോൾ ...(ബഹളം)...

ശ്രീ. എം. വിൻസെന്റ്: സർ, (...മൈക്ക് ഓഫ്....)

മി. സ്പീക്കർ: ശ്രീ. വി. എൻ. വാസവൻ, അങ്ങ് തുടരൂ.

ശ്രീ. വി. എൻ. വാസവൻ: സർ, എല്ലാവർക്കുമറിയാവുന്നതുപോലെ ലാവ്‌ലിൻ കേസിൽ സഖാവ് പിണറായി വിജയനെതിരായി മാധ്യമങ്ങളും അന്നത്തെ ഭരണപക്ഷവും ചേർന്ന് എത്ര കാലം ആക്രമിച്ചു. എന്നാൽ എല്ലാത്തിനെയും അതിജീവിച്ച് കാര്യങ്ങൾ കോടതിയുടെ മുന്നിൽ വന്നപ്പോൾ

ഹൈക്കോടതിതന്നെ അത് തള്ളിയില്ലേ? ഇപ്പോൾ ഈ വിഷയത്തെ സംബന്ധിച്ച് വീണ്ടും എത്ര ആക്ഷേപങ്ങൾ അവർ ഉയർത്തിക്കൊണ്ടുവന്നു. ഭരണരംഗത്ത് സ്വർണ്ണക്കടത്ത്, ചെമ്പിന്റെ കഥ എന്തിനേറെ വിമാനത്തിൽ സഞ്ചരിക്കുമ്പോൾപോലും അദ്ദേഹത്തെ കായികമായി ആക്രമിക്കാൻ പ്രതിപക്ഷം പരിശ്രമിച്ചില്ലേ. അതെല്ലാം നടത്തുമ്പോഴും സഖാവ് പിണറായി വിജയൻ മത്സരിക്കുന്ന സ്ഥലത്തുനിന്നും വീണ്ടും മത്സരിച്ച് മുഖ്യമന്ത്രിയാകുന്ന രൂപത്തിലേക്കെത്തുന്നത് കാണുമ്പോൾ കേരളത്തിലെ ജനമനസ്സുകളിൽ മാധ്യമങ്ങൾ പഠിപ്പിക്കുന്ന ഒരു പിണറായി വിജയനല്ല, മറിച്ച് ജനങ്ങൾ അനുഭവിച്ചറിയുന്ന ഒരു പിണറായി വിജയൻ തന്നെയാണുള്ളതെന്ന കാര്യം പ്രതിപക്ഷം തിരിച്ചറിയണം. അതുകൊണ്ടാണ് കേരളത്തിൽ രണ്ടാം തവണയും വർധിത ഭൂരിപക്ഷത്തോടുകൂടി 99 സീറ്റുമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരാനിടവന്നത്. ആ പിണറായി വിജയനെ എത്ര കാലമായി ഏതെല്ലാം തരത്തിലാണ് വേട്ടയാടുന്നത്. കമലാ ഇന്റർനാഷണലും അതിന്റെ വലിയ കമ്പനിയുടെയും പേര് പറഞ്ഞില്ലേ. ഏതോ ഒരു ഗൾഫ് മലയാളിയുടെ വീട് ചൂണ്ടിക്കാണിച്ച് മഹാശ്വേതാദേവിയെക്കൊണ്ടുപോലും കത്തയപ്പിച്ച്

ആക്ഷേപമുന്നയിച്ചില്ലേ. ആ അന്വേഷണങ്ങളെല്ലാം നടന്ന് എത്ര തരത്തിലാണ് പ്രതിപക്ഷം സഖാവ് പിണറായി വിജയനെ വേട്ടയാടിയത്. ആ പിണറായി വിജയൻ യഥാർഥത്തിൽ നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ ഒരു ഭരണാധിപൻ എന്ന നിലയിൽ ഈ നാട്ടിലുണ്ടായ ഓഖി, കോവിഡ്, പ്രളയക്കെടുതി, വയനാട് ദുരന്തം എന്നിങ്ങനെയുള്ള എല്ലാ ദുഃഖങ്ങളുടെയും ദുരിതങ്ങളുടെയും പ്രയാസങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും കഷ്ടപ്പാടുകളുടെയും നടുവിൽ കേരളത്തിലെ ജനതയെ നെഞ്ചോടുചേർക്കുന്ന ഭരണാധികാരിയാണ്. അത് കേരളത്തിലെ ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് ആ പിണറായി വിജയനെ പ്രതിപക്ഷം ഇങ്ങനെ വേട്ടയാടാൻ പരിശ്രമിക്കുന്നത്. അതുവഴി ഇടതുപക്ഷജനാധിപത്യ മുന്നണിയെ തകർക്കാൻ കഴിയുമെന്നും അവർ വിചാരിക്കുന്നു. പ്രതിപക്ഷം അത്തരമൊരു നീക്കം നടത്തുന്നത് ശരിയല്ല. ഇവിടെ ശ്രീ. നജീബ് കാന്തപുരം ഡോ. കെ. ടി. ജലീലിനെക്കുറിച്ച് പറഞ്ഞു. ഡോ. കെ. ടി. ജലീൽ പ്രതിപക്ഷത്തിനെതിരെ എന്തെങ്കിലും ആക്ഷേപമുന്നയിക്കുന്നുണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ്. അദ്ദേഹം സിമി (സ്റ്റുഡന്റ്സ് ഇസ്ലാമിക് മൂവ്മെന്റ് ഓഫ്

ഇന്ത്യ)-യിൽനിന്നുവന്ന് ഇടതുപക്ഷജനാധിപത്യ മുന്നണിയുമായി സഹകരിക്കുന്നുവെന്നാണ് പറയുന്നത്. സിമിയിൽനിന്നുവന്ന ശ്രീ. എം. പി. അബ്ദുസമദ് സമദാനി പ്രതിപക്ഷത്തിന്റെ കൂടെയില്ലേ? അദ്ദേഹം ഫറോക്ക് കോളേജിന്റെ ചെയർമാനായിരുന്നില്ലേ; അദ്ദേഹം സിമിയിൽനിന്ന് ലീഗിലേക്ക് വന്നതിന് ആക്ഷേപമില്ലേ? അതുപോലെതന്നെ എത്രയോ സംഭവങ്ങളുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രതിപക്ഷം സ്വീകരിക്കുന്ന സമീപനങ്ങൾ യഥാർഥത്തിൽ തെറ്റായ രൂപത്തിൽ തന്നെയാണ്. ആരാണ് ആർ.എസ്.എസ്.-മായി സന്ധി ചെയ്യുന്നത്? ആർ.എസ്.എസ്.-മായി സന്ധി ചെയ്യുന്നതും അവരെ എല്ലാ അർഥത്തിലും പ്രീണിപ്പിക്കുന്നതും കോൺഗ്രസ് നേതൃത്വമല്ലേ? അതിന്റെ സൂചനകളല്ലേ ശ്രീ. കെ. സുധാകരന്റെ ഉള്ളടക്കങ്ങളുൾപ്പെടെയുള്ള സംഭവങ്ങൾ വ്യക്തമാക്കുന്നത്. രാജീവ് ഗാന്ധിയെക്കുറിച്ച് എന്താണ് മുമ്പ് ഹോം സെക്രട്ടറി സൂചിപ്പിച്ചത്. യഥാർഥത്തിൽ ബാബറി മസ്ജിദ് തകർക്കുന്ന സമയത്ത് ഒന്നാം കർസേവകനായി കളക്ടറായ കെ. കെ. നായരെയും രണ്ടാം കർസേവകനായി രാജീവ് ഗാന്ധിയെയും മൂന്നാം കർസേവകനായി കല്ല്യാൺ സിങിനെയുമാണ്

അദ്ദേഹം അദ്ദേഹത്തിന്റെ പുസ്തകത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ഇതെല്ലാം നമ്മുടെ രാജ്യത്ത് കാണാൻ കഴിയുന്ന കാര്യങ്ങളാണ്. ഉത്തർപ്രദേശിൽ യോഗി ആദിത്യനാഥ് പ്രഖ്യാപിച്ച യാത്രയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ വീരേന്ദ്ര സിങിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല, അതുതന്നെ നടപ്പാക്കണം. അതുപോലെ രാമക്ഷേത്രം ഉദ്ഘാടനം ചെയ്യുന്ന ദിവസം ഏതാണ്ട് 3556 ഓളം ക്ഷേത്രങ്ങളിൽ ഒരേ സമയത്ത് വിളക്ക് കൊളുത്തിയത് കർണ്ണാടക ഗവൺമെന്റല്ലേ; കർണ്ണാടകത്തിലെ കോൺഗ്രസ് ഗവൺമെന്റല്ലേ അവരോട് താദാത്മ്യം പ്രാപിച്ചത്; അപ്പോൾ ആരാണ് യഥാർഥത്തിൽ ആർ.എസ്.എസ്.ഉം ബി.ജെ.പി.യുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകുന്നത്? പല രംഗവുമെടുത്ത് പരിശോധിച്ചാൽ, ഇവിടെ തൃശ്ശൂർ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചു. അവിടത്തെ അന്വേഷണ റിപ്പോർട്ടും..., ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു, സ്വർണ്ണത്തളികയിൽ വച്ച് ശ്രീ. സുരേഷ് ഗോപിക്ക് മണ്ഡലം കൊടുത്തുവെന്ന്. അങ്ങനെയാണെങ്കിൽ തൃശ്ശൂർ ഡി.സി.സി. ഓഫീസിൽ ലഹള നടന്നതും അടിപിടി നടന്നതും ഡി.സി.സി. പ്രസിഡന്റ്

ശ്രീ. ജോസ് വള്ളൂരും യു.ഡി.എഫ്. ജില്ല ചെയർമാൻ എം. വിൻസെന്റും രാജിവച്ചതും എന്തിനാണ്? ശ്രീ. ടി എൻ. പ്രതാപന്റെ പേരിൽ 'ചതിയൻ' എന്നുപറഞ്ഞ് പോസ്റ്റർ ഒട്ടിച്ചത് എന്തിനാണ്? ഇത്തരത്തിൽ നടപടിയുണ്ടായത് എന്തിനാണ്; ഇക്കാര്യങ്ങളെല്ലാം നാം കാണുകയല്ലേ? ആ റിപ്പോർട്ട് പുറത്തുവിടാതെ അത് മുക്കിവച്ചിട്ട് ഞങ്ങൾ സ്വർണ്ണത്തളികയിൽ വച്ചുകൊടുത്തു എന്നുപറയുന്നു. വോട്ടിന്റെ കണക്കെല്ലാം ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. യഥാർഥത്തിൽ ആ മണ്ഡലം ബി.ജെ.പി.യുടെ കൈയിൽ കൊണ്ടുകൊടുത്തത് പ്രതിപക്ഷവും അവരുടെ ആഭ്യന്തര പ്രശ്നങ്ങളുമാണ്. അത് ശ്രീ. കെ. മുരളീധരനും ശ്രീമതി പത്മജ വേണുഗോപാലും വ്യക്തമാക്കിയിട്ടുണ്ട്. ‘ എന്നെ ചതിച്ചവർ തന്നെയാണ് ഏട്ടനെയും ചതിച്ചത് എന്ന് ശ്രീമതി പത്മജ വേണുഗോപാലിന്റെ സ്റ്റേറ്റ്മെന്റ് വന്നു. ഇങ്ങനെ ഏത് അർഥത്തിലെടുത്ത് പരിശോധിച്ചാലും ഇന്ന് കേരളത്തിലെടുക്കുന്ന രാഷ്ട്രീയ ദേശീയ നിലപാടുകളിലൊക്കെ യഥാർഥത്തിൽ കോൺഗ്രസും ബി.ജെ.പി.യും പല ഘട്ടങ്ങളിലും യോജിപ്പിന്റെ മാർഗം കണ്ടെത്തി ആർ.എസ്.എസ്.-നെ സഹായിക്കുന്ന രൂപത്തിലേക്കെത്തിയില്ലേ?

ഇന്നലെ ഇവിടെ ആർ.എസ്.എസ്.-നെക്കുറിച്ച് പറഞ്ഞ കൂട്ടത്തിൽ ഗുരുജി ഗോൾവൽക്കറുടെ കാര്യം ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് അത് അങ്ങനെല്ല, 2013-ൽ ഭാരതീയ വിചാരകേന്ദ്രത്തിന്റെ പരിപാടിക്ക് പോയതാണെന്നാണ്. എന്നാൽ 2006-ൽ അദ്ദേഹം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ഒരു സ്കൂളിൽതന്നെയാണ് പോയിട്ടുള്ളത്. ആ പരിപാടിയിൽ ഗുരുജി ഗോൾവൽക്കറുടെ ചിത്രത്തിൽ വണങ്ങി ഇറങ്ങിയിട്ട് വീണ്ടും വണങ്ങുന്ന രംഗം നമ്മൾ കണ്ടു. അവരുടെ പരസ്പര ബന്ധമാണ് ഒരു ഘട്ടത്തിൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ശ്രീ. വൽസൻ തില്ലങ്കേരി ശ്രീ. കെ. സുധാകരന്റെ അടുത്ത് പോയാലും ശ്രീ. കെ. സുധാകരൻ കാവൽ നിൽക്കുന്നതായിരുന്നാലും ഇതെല്ലാം പരിശോധിച്ചാൽ കോൺഗ്രസുകാർ ഏതാണ്ട് അന്തിമയങ്ങിക്കഴിഞ്ഞാൽ അമ്പലമുറ്റങ്ങളിലെ ആർ.എസ്.എസ്.കാരുടെ വലിയ അകത്തളങ്ങളിലെ അഗ്രഗണ്യന്മാരായി മാറുകയും പകൽ വരുമ്പോൾ കോൺഗ്രസായി മാറുന്നതുമാണ് കാണുന്നത്. Sofa cum Bed എന്നുപറഞ്ഞതുപോലെ Congress cum BJP ആയി മാറുന്ന സ്ഥിതി പല

സ്ഥലത്തും കാണുകയാണ്. അങ്ങനെയൊരു പ്രവർത്തനമല്ലേ യഥാർത്ഥത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. അങ്ങനെയെയുള്ളവർ ഞങ്ങളെ എന്തിനാണ് പഴിക്കുന്നത്. ഞങ്ങൾ ഇക്കാര്യത്തിൽ എല്ലാ കാലഘട്ടങ്ങളിലും നല്ല നിലപാടോടുകൂടി ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും നേരിട്ടുകൊണ്ടിരിക്കുന്നവരാണ്. ഞങ്ങളുടെ 218 സഖാക്കളാണ് കേരളത്തിൽ കൊലചെയ്യപ്പെട്ട്, ധീര രക്തസാക്ഷികളായിട്ടുള്ളത്. ഇത്തരത്തിലുള്ള ഞങ്ങളോട് നിങ്ങൾ ഈ വർത്തമാനം പറയുന്നതെന്തിനാണ്? ഇക്കാര്യം പരിശോധിച്ചാൽ യഥാർത്ഥത്തിൽ ബി.ജെ.പി.-ക്കാരെ സഹായിച്ചത് നിങ്ങളല്ലേ; ശ്രീ. പ്രവീൺ തൊഗാഡിയയുടെ കേസ് പിൻവലിച്ചുകൊടുത്തത് നിങ്ങളല്ലേ? ആ കേസ് പിൻവലിച്ചുകൊടുത്തത് ആരാണെന്ന് നിങ്ങൾ പറയണം. എം.ജി. കോളേജ് സംഘർഷത്തിൽ സർക്കിൾ ഇൻസ്പെക്ടറെ ആക്രമിച്ച കേസ് പിൻവലിച്ചതാരാണ്; നിങ്ങളല്ലേ? അന്ന് ശ്രീ. ടി. പി. സെൻകുമാറിനെ നിങ്ങൾ പൊക്കിക്കൊണ്ടുനടന്നു. അവസാനം നിങ്ങളുടെ കൈയിൽനിന്നും പോയിയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇവിടെ സൂചിപ്പിച്ചു. യഥാർത്ഥത്തിൽ കോൺഗ്രസ്സും ബി.ജെ.പി.-യും ഒരുമിച്ച് പോകുന്ന

രൂപത്തിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഇത്തരത്തിൽ കേരളത്തിലെ സ്ഥിതി പരിശോധിച്ചാൽ കോൺഗ്രസ്സും ബി.ജെ.പി.-യും തമ്മിൽ ആർ.എസ്.എസ്.-മായി എത്രയോ സ്ഥലങ്ങളിലുള്ള ബന്ധങ്ങൾ ഇനിയും വിസ്തരിക്കാനുണ്ട്. നിരവധി കാര്യങ്ങൾ ഇന്നലെ ഇവിടെ പറഞ്ഞു. മുമ്പ് സംസാരിച്ചവർ പല കാര്യങ്ങളും പറഞ്ഞതുകൊണ്ട് അത്തരം കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ തൃശ്ശൂരിലുണ്ടായ സംഭവങ്ങളുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ അതിലൊരു ഗൂഢാലോചനാശ്രമം നടത്തിയിട്ടുണ്ടെന്ന് കൃത്യമായി നമുക്ക് മനസ്സിലാക്കാൻ കഴിയും. അതെന്താണെന്നുള്ളത് കണ്ടുപിടിച്ച് വെളിച്ചത്തുവരട്ടേ. അതിൽ ഞാൻ സൂചിപ്പിച്ചതുപോലെ കോൺഗ്രസ് ഉണ്ടാകാം, ബി.ജെ.പി. ഉണ്ടാകാം, അതിനപ്പുറമെ ആരെങ്കിലുമുണ്ടാകാം. പത്രവാർത്തകൾ പലതും വരുന്നു, അതൊന്നും നമ്മൾ സമർത്ഥിക്കുന്നില്ല. അതൊക്കെ അന്വേഷണത്തിന്റെ രൂപത്തിലേയ്ക്ക് വരേണ്ടതുണ്ട്, അതുകൊണ്ട് മറ്റ് വിശദാംശങ്ങളിലേക്ക് മന്ത്രിയെന്ന നിലയ്ക്ക് ഞാൻ കടക്കുന്നില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആത്മാർത്ഥമായിതന്നെ ഈ കേസ് അന്വേഷിച്ച് കുറ്റവാളികളെ നിയമത്തിന്

മുമ്പിൽ കൊണ്ടുവരാനുള്ള പരിശ്രമത്തിനാണ് മൂന്ന് അന്വേഷണങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത്. അതിൽനിന്ന് പിന്തിരിയുന്ന പ്രശ്നമില്ല. കുറ്റവാളി എത്ര വമ്പനായിരുന്നാലും ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. നിങ്ങൾ മുമ്പ് പല രൂപത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ട് മുന്നോട്ടുവന്നതിൽ ഒരു ഘട്ടം ഞാൻ ഓർക്കുന്നു. കൈരളി ചാനൽ ആരംഭിച്ചപ്പോൾ ഒരു ഡിഷ് ആന്റിന കൊടുത്തുകൊണ്ടുള്ള ശ്രീ. പിണറായി വിജയന്റെ കാർട്ടൂണായിരുന്നു സ്ഥിരം വന്നിരുന്നത്. ഇപ്പോൾ മറ്റ് ചില കാർട്ടൂണുകളാണ് വരുന്നത്. കൈരളി ചാനൽ സ്ഥാപിച്ച് ഭംഗിയായി മുന്നോട്ടുകൊണ്ടുപോകുമ്പോൾ അന്ന് കാർട്ടൂൺ അവതരിപ്പിച്ചവരൊന്നും ഇപ്പോൾ അതിനെക്കുറിച്ച് സംസാരിക്കുന്നില്ല. ഇങ്ങനെ ഏത് തരത്തിലുള്ള നല്ല പ്രവൃത്തികൾ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായോ അത്തരം ഘട്ടങ്ങളിലെല്ലാം പ്രതിപക്ഷം വലിയ രൂപത്തിലുള്ള വെല്ലുവിളി ഉയർത്തിയിരുന്നു. ഗെയിൽ വാതക പൈപ്പ് ലൈൻ സാധ്യമാക്കിയാൽ ശ്രീ. പിണറായി വിജയന് അവാർഡ് കൊടുക്കുമെന്നായിരുന്നു ശ്രീ. കെ. സുരേന്ദ്രൻ വെല്ലുവിളിച്ചത്.

കൊടുത്തോ? ഇവിടെ ഗെയിൽ വാതക പൈപ്പ് ലൈൻ പ്രഖ്യാപിച്ച് നടപ്പാക്കിയില്ലേ, മെട്രോയും വാട്ടർ മെട്രോയും നടപ്പാക്കിയില്ലേ;, വിഴിഞ്ഞം യാഥാർത്ഥ്യമാക്കിയില്ലേ, കൂടംകുളം പവർ ഹൈവേ യാഥാർത്ഥ്യമാക്കിയില്ലേ? ഇതെല്ലാം കേരളത്തിന്റെ വികസന രംഗത്ത് വിസ്മയങ്ങൾ തീർക്കുന്ന വലിയ മുന്നേറ്റങ്ങളാണ്. മലയോര ഹൈവേയും നാഷണൽ ഹൈവേയും പൂർത്തിയാകാൻ പോകുന്നു. കേരളത്തിൽ വികസന രംഗത്തും ക്ഷേമ പ്രവർത്തനങ്ങളിലും ഒരുപോലെ മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റിനെ എങ്ങനെ ആക്ഷേപിക്കാമെന്നുള്ളതാണ് നിങ്ങളുടെ അജണ്ടയെന്ന് മനസ്സിലാക്കുന്നു. അതാണ് നിങ്ങൾ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് അന്വേഷണവും മറ്റ് കാര്യങ്ങളുമല്ല അറിയേണ്ടത്, മറിച്ച് ഇത്തരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ എങ്ങനെ ആക്ഷേപിച്ച് മോശക്കാരനാക്കാമെന്നാണ് നോക്കുന്നത്. നിങ്ങൾ കരിങ്കല്ലിൽ കടിച്ച് പല്ല് കളയേണ്ടതില്ല. നിങ്ങളിൽ ആര് വിചാരിച്ചാലും തകരുന്ന മുന്നണിയല്ല കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന് മനസ്സിലാക്കുക. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് വികസന ക്ഷേമ

പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. ഈ കാലഘട്ടത്തിൽ ഗവൺമെന്റ് നടപ്പിലാക്കേണ്ട എല്ലാ വികസന ക്ഷേമ പ്രവർത്തനങ്ങളും ഭംഗിയായും ഫലപ്രദവുമായി നടപ്പാക്കാൻ നേതൃത്വപരമായി പങ്ക് വഹിക്കുന്ന ശ്രീ. പിണറായി വിജയന്റെ മുമ്പിൽ ഞങ്ങളുണ്ടാകും.

ശ്രീ. ടി. സിദ്ദിഖ്: സർ, (മൈക്ക് ഓഫ്)

ശ്രീ. വി. എൻ. വാസവൻ: സർ, ശ്രീ. ടി. സിദ്ദിഖ്, അവിടെ ഇരിക്കു. നിങ്ങൾക്ക് വിഷമമുണ്ടാകും പക്ഷേ സഹിക്കണ്ടേ? ശ്രീ. പിണറായി വിജയനെ ആക്രമിച്ച് സംസാരിച്ചപ്പോൾ ഞങ്ങൾ മിണ്ടാതെ കേട്ടിരുന്നു. അപ്പോൾ ഇക്കാര്യത്തിൽ ഞങ്ങൾക്ക് പറയാനുള്ളത് നിങ്ങൾ കേൾക്കാനുള്ള മര്യാദ കാണിക്കണം. അതുകൊണ്ട് ഇക്കാര്യത്തിൽ ഞങ്ങൾ ആവർത്തിച്ച് ഉറപ്പിച്ച് പറയുന്നു, കേരളത്തിലെ മതനിരപേക്ഷത സംരക്ഷിക്കാനും ജനാധിപത്യം സംരക്ഷിക്കാനും ഗവൺമെന്റിന്റെ പ്രഖ്യാപിതമായ നയം നടപ്പാക്കാനും പ്രകടനപത്രികയിൽ പറഞ്ഞ 950-ഓളം കാര്യങ്ങൾ നടപ്പാക്കാനും പ്രതിജ്ഞാബദ്ധമായ ഗവൺമെന്റ് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. അതിനെ ഒരുതരത്തിലും തകർക്കാനോ തളർത്താനോ

തടസ്സപ്പെടുത്താനോ കേരളത്തിലെ ഇന്നത്തെ പ്രതിപക്ഷത്തിന് കഴിയില്ലെന്ന കാര്യം സൂചിപ്പിച്ചുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തമായ രൂപത്തിൽ അന്വേഷണം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റവാളികളെ ശിക്ഷിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ...(.ബഹളം....)

മി. സ്പീക്കർ: ഇവിടെ മൂന്ന് മണിക്കൂർ പ്രസംഗം കഴിഞ്ഞു. ഈ വിഷയം ഡിസ്പോസ് ചെയ്യട്ടേ. (....ബഹളം....)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് അവതരിപ്പിച്ച ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, (മൈക്ക് ഓഫ്)

(….ബഹളം….)

മി. സ്പീക്കർ: ഈ വിഷയം മൂന്നര മണിക്കൂർ ഇവിടെ ചർച്ച ചെയ്തു. ആ വിഷയം ഡിസ്പോസ് ചെയ്തു.

(ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പ്രസംഗിക്കാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്കരിച്ച് പുറത്തുപോയി.)